

# മഴവീട്

കെ.പി. നജീമുദ്ദീൻ

മലയാള ചെറുകഥ കഥയില്ലായ്മയിൽനിന്ന് കരകയറുമെന്ന് കെ.പി. നജീമുദ്ദീൻ നമുക്ക് ഉറപ്പുതരുന്നു. ജാഢകളില്ലാതെ, സ്വയം ആവർത്തിക്കാതെ, കണ്ണീർ ലായനികളുടെ സഹായം കൂടാതെ തീവ്രതയുറ്റ കഥകൾ എങ്ങനെ പറയാം എന്ന പാഠം നജീമുദ്ദീനിൽനിന്ന് ചില മുതിർന്നവർക്കും വേണമെങ്കിൽ പഠിക്കാം.

– സി. രാധാകൃഷ്ണൻ

₹ 90

ഹരിതം ബുക്സ്

“ഇതാ ഒരു കരുത്തൻ!
മലയാള ചെറുകഥയുടെ ഭാവി ഈ കൈകളിൽ സുഭദ്രം...”
– സി. രാധാകൃഷ്ണൻ

# മഴവീട്

കെ.പി. നജീമുദ്ദീൻ

ഹരിതം ബുക്സ്

## കെ.പി നജീമുദ്ദീൻ

1982 ജനുവരി 12-ന് തിരൂരിനടുത്ത ആലിങ്ങലിൽ ജനനം. പിതാവ്: കിഴക്കേപീടി യേക്കൽ മൊയ്തീൻകുട്ടി. മാതാവ്: ആമിന. പഠനം തിരൂർ ഫാത്തിമാ മാതാ ഇംഗ്ളീഷ് മീഡിയം സ്കൂളിൽ. തിരൂർ ആർട്സ് കോളേജിൽ നിന്ന് സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും അണ്ണാമലൈ സർവ്വകലാശാലയിൽ നിന്ന് എം.ബി.എ ബിരുദവും കരസ്ഥമാക്കി. ഇപ്പോൾ ഇന്ത്യയുടെ വാഹന വിപണിയെക്കുറിച്ച് ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്നു. ജൂനിയർ ചേംബർ ഇന്റർനേഷണൽ (JCI) എന്ന ലോകോത്തര സംഘടനയുടെ തിരൂർ ചാപ്റ്ററിലെ സജീവ പ്രവർത്തകനാണ്. Indian Acadamicians & Researchers Association (IARA), Association of Indian Managements Scholars (AIMS) എന്നിവയിലും അംഗമാണ്. ചില ലോകോത്തര ഗവേഷണ ജേർണലുകളുടെ ഗസ്റ്റ് എഡിറ്ററായും പ്രവർത്തിച്ചിട്ടുണ്ട്.
ഭാര്യ: ഫസീല

മകൾ: നേഹ

**വിലാസം:** കളത്തിൽ വീട്
തൃപ്രങ്ങോട് പി.ഒ
ആലിങ്ങൽ, തിരൂർ
മലപ്പുറം 676 107
ഫോൺ: 9446568615
email: kpnajeemudeen@gmail.com, najeemudeenkp@gmail.com
Najeemudeen KP

**കെ.പി നജീമുദ്ദീന്റെ കൃതികൾ**

പുസ്തകങ്ങൾ: ഹസ്താക്ഷരം (കഥാസമാഹാരം).

The Glimpses of Consumer Behaviour Towards 2020

കെ.പി നജീമുദ്ദീൻ

# മഴവീട്

കഥകൾ

വില: 90.00

ഹരിതം ബുക്സ്

തിരുവനന്തപുരം • എറണാകുളം • പാലക്കാട്
കോഴിക്കോട് • തലശ്ശേരി • കണ്ണൂർ • കാഞ്ഞങ്ങാട്

ഒരു തായാട്ട് പബ്ലിക്കേഷൻ സംരംഭം

Malayalam (Indian)

**Mazhaveedu**

Stories

**by K.P. Najeemudheen**

First Published: January 2015

Copies: 1000

1697th book of Haritham

2052nd book of Thayat Publications

© Reserved

All Rights reserved. No Part of this Publication may be reproduced. Stored in a retrieval system, or transmitted, in any form, or by any means, electronic, mechanical, photo copying, recording or otherwise, without the prior permission of the publishers.

Published by

**Haritham Books**

**Karaparamba P.O, Calicut-10, Kerala, Phone: 9539064489**

**Branches: Trivandrum ▸ Ernakulam ▸ Palakkad**

**Calicut ▸ Thalassery ▸ Kannur ▸ Kanhangad**

Cover painting

**Vishnu Gopan K.N**

Govt. Technical H.S.S

Kuttippuram

Cover Design & Layout

**Ragesh. P**

Cover Printing

**A-one offset, Calicut**

Inner Printing

**Vibgyor, Calicut**

**Price: Rupees Ninety only**

**ചെ**റുകഥയുടെ സമകാലീന മുഖമായി മാറുകയാണ് കെ.പി. നജീമുദ്ദീൻ. സ്വന്തം ജീവിതാനുഭവങ്ങൾ കഥകളായി മാറുമ്പോൾ, ആ കഥകൾ ജീവിതഗന്ധികളായിത്തീരുന്നത് സ്വാഭാവികം. നജീമുദ്ദീന്റെ കഥകൾ വായനക്കാരന്  സ്വാനുഭവമായി മാറുന്നത് ഇക്കാരണത്താലാണ്. കൃതഹസ്തനായ സി. രാധാകൃഷ്ണൻ പറഞ്ഞതുപോലെ, തീർച്ചയായും ഈ ചെറുപ്പക്കാരൻ ചെറുകഥയുടെ ഭാവി വാഗ്ദാനമാണ്. 'മഴവീട്' ആഹ്ലാദപൂർവം വായനക്കാർക്കു മുന്നിൽ സമർപ്പിക്കുന്നു.

**പ്രതാപൻ തായാട്ട്**

**സമർപ്പണം**

*എന്റെ നേഹമോൾക്ക്...*

# ഉള്ളടക്കം

11 ഇതാ ഒരു കരുത്തൻ...!
*സി. രാധാകൃഷ്ണൻ*

13 ഓരോ കഥയ്ക്ക് പിന്നിലും ഒരു കഥയുണ്ട്...
*കെ.പി. നജീമുദ്ദീൻ*

***കഥകൾ***

17 കാഴ്ചയുടെ അതിർത്തിരേഖകൾ

23 ഉപ്പു വെച്ച നിലം

34 മഴവീട്

42 സത്യവിശ്വാസികൾ

50 തിരശ്ശീലയ്ക്ക് പിന്നിൽ...

60 കലികാലവൈഭവം

74 അന്ത്യകൂദാശകൾ

79 ശേഷക്രിയ

84 തീവണ്ടിമുറിയിലെ ക്രൂശിതരൂപം

***പഠനം***

92 സമൃദ്ധ സ്മൃതികൾക്കിടയിൽ
ഉരുണ്ടുകൂടുന്ന മഴവീടുകൾ
*സുധീർ പറൂര്*

# ഇതാ ഒരു കരുത്തൻ...!

## സി. രാധാകൃഷ്ണൻ

**ഒ**രു സംശയവും കൂടാതെ പറയാം. ഇതാ ഒരു കരുത്തൻ!

അസാമാന്യമായ നിരീക്ഷണപാടവവും മനഃപാകവും ദാർശനികതയും സർഗാത്മകതയും ഇയാളെ മലയാളകഥയുടെ വലിയ വാഗ്ദാനമാക്കിത്തീർക്കുന്നു.

പണിക്കുറ്റം തീർന്ന കഥകളാണ് ഇതിലെ എല്ലാ കഥകളും. ഒരു തുടക്കക്കാരന്റെ ഇടർച്ചയോ പതർച്ചയോ വീഴ്ചയോ ഒന്നും ഒരിടത്തും കാണാനില്ല. ഇഷ്ടംപോലെ വഴങ്ങുന്ന ഭാഷ ഈ ചെറിയ പ്രായത്തിൽത്തന്നെ കൈമുതലാക്കിയിട്ടുമുണ്ട്.

എന്റെ നാട്ടുകാരനാണ് ഇയാളെന്നത് എനിക്ക് അങ്ങേയറ്റം സന്തോഷം തരുന്നു.

ഹൃദയവേദനയുടെ പട്ടുനൂലുകൊണ്ട് വായനക്കാരനെ ബന്ധിയാക്കി തന്റെ കൂടെ നടത്തുന്നു ഈ കഥാകാരൻ. കഥയിലെ പാത്രമായി കഥ പറയുന്നവനും കഥയോട് ഇഴുകിച്ചേർന്ന് നീങ്ങുന്നു.

മലയാള ചെറുകഥ കഥയില്ലായ്മയിൽനിന്ന് കരകയറുമെന്ന് നമുക്കിയാൾ ഉറപ്പുതരുന്നു. ജാഢകളില്ലാതെ, സ്വയം ആവർത്തിക്കാതെ, കണ്ണീർലായനികളുടെ സഹായം കൂടാതെ തീവ്രതയുറ്റ കഥകൾ എങ്ങനെ പറയാം എന്ന പാഠം ഇദ്ദേഹത്തിൽ നിന്ന് ചില മുതിർന്നവർക്കും വേണമെങ്കിൽ പഠിക്കാം.

മോശമെന്ന് പറയാവുന്ന ഒരു കഥയും ഈ സമാഹാരത്തിലില്ല. മോശ

പ്പെട്ട യാതൊന്നും തന്റെ ജീവിതകാലത്ത് എഴുതില്ല എന്ന വാഗ്ദാനവും നജീമുദ്ദീൻ നൽകുന്നതായി എനിക്ക് തോന്നുന്നു.

തീക്ഷ്ണതയാർന്ന ജീവിതവീക്ഷണവും അനല്പമായ ഭാവനാസമ്പത്തും തെളിമ നിറഞ്ഞ ഭാഷാശൈലിയും കൈമുതലായിട്ടുള്ള ഈ യുവ എഴുത്തുകാരന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**തിരൂർ**

**24–11–2014**

# ഓരോ കഥയ്ക്ക് പിന്നിലും ഒരു കഥയുണ്ട്...

## കെ.പി നജീമുദ്ദീൻ

നമുക്ക് ചുറ്റും കഥകളുണ്ട്. കണ്ണും കാതും മനസ്സും ചുറ്റുപാടുകളിലേക്ക് തുറന്ന് പിടിച്ചിരിക്കുന്ന ഒരു കഥാകൃത്തിന് മുന്നിലേക്ക് കഥയും കഥാപാത്രങ്ങളും സ്വയം വന്നടുക്കുന്നു. അവയെ യഥാവസരം കണ്ടെടുത്ത് ഭാഷയും ഭാവനയും ചേരുംപടി ചേർത്ത് ആസ്വാദ്യകരമായ വിധം ഒരു കഥയായി പാകപ്പെടുത്തിടെുക്കുക എന്നതാണ് ഒരു കഥാകൃത്തിന്റെ ധർമ്മം. ഈ പുസ്തകത്തിലെ കഥകളുടെ കാര്യവും അങ്ങനെത്തന്നെ. അവയൊന്നും കേവലഭാവനയോ ഒരെഴുത്തുകാരന്റെ ഭ്രമസങ്കൽപമോ അല്ല. അവയിലെല്ലാം സത്യമുണ്ട്. അവയെല്ലാം തന്നെ എന്റെ ജീവിത ചുറ്റുപാടുകളിൽ നിന്ന് കണ്ടെടുത്തവയാണ്. ചില സംഭവങ്ങൾ, ചില കാഴ്ചകൾ, ചില കേട്ടുകഥകൾ, ചില വാർത്തകൾ നമ്മുടെ മനസ്സിൽ കാരമുള്ളുപോലെ വന്ന് തറക്കും. അതിന്റെ ചോര കിനിയുന്ന മുറിവുകളിൽ നിന്നാണ്, അതിന്റെ നീറിപ്പിടിക്കുന്ന വേദനയിൽ നിന്നാണ് ഓരോ കഥയും പോളപൊട്ടി വിടരുന്നത്. ശീർഷകത്തിൽ സൂചിപ്പിച്ചത് പോലെ ഓരോ കഥയ്ക്ക് പിന്നിലും ഒരു കഥയുണ്ട്.

ഈ സമാഹാരത്തിലെ ആദ്യത്തെ കഥയായ 'കാഴ്ചയുടെ അതിർത്തിരേഖകൾ' തന്നെയെടുക്കാം. അത് വെറുമൊരു കഥയല്ല. ഞാൻ കണ്ട കാഴ്ച തന്നെയാണ്. റെയിൽവേ സ്റ്റേഷൻ പരിസരത്ത് ഭിക്ഷയാചിച്ച് കഴിയുന്ന രണ്ട് കൊച്ചു പെൺകുട്ടികളെ ഇരുട്ടിന്റെ മറവിൽ രണ്ട് മധ്യവയസ്ക്കൻമാർ ചേർന്ന് അനാശാസ്യത്തിന് പ്രലോഭിപ്പിച്ച് കൂട്ടിക്കൊണ്ട് പോകുന്ന ഒരു കാഴ്ച ഞാൻ കാണാനിടയായി. ഞാൻ മാത്രമല്ല. കാഴ്ചക്കാരായി വേറെയും ചിലയാളുകൾ ഉണ്ടായിരുന്നു. പക്ഷെ ആരും അതിനെതിരെ പ്രതികരിച്ചില്ല. ഒരു വാക്ക് കൊണ്ട് പോലും ആരും അതിനെ തടയാൻ ശ്രമച്ചില്ല. എന്നാൽ കുട്ടിത്തം വിടാത്ത ആ പെൺകുട്ടികളെ

തഞ്ചത്തിൽ സംസാരിച്ച് വശത്താക്കിക്കൊണ്ട് പോയ ആ വിരുതന്റെ അപാരമായ കഴിവിനെ ചിലർ ഒരു അസൂയ കലർന്ന ആശ്ചര്യത്തോടെ ശ്ലാഘിക്കുകയും ചെയ്തു. കൺമുന്നിൽ ഒരു തെറ്റ് നടക്കുന്നത് കണ്ടിട്ടും അതിനെതിരെ പ്രതികരിക്കാനാവാത്ത വിധം ഷണ്ഢീകരിക്കപ്പെട്ട ഒരു പൊതുസമൂഹത്തിന്റെ പ്രതിനിധിയാകേണ്ടി വന്നതിലുള്ള കുറ്റബോധ ത്തിൽ നിന്നാണ് 'കാഴ്ചയുടെ അതിർത്തിരേഖകൾ' എന്ന കഥ ജനി ക്കുന്നത്.

'മഴവീട്' എന്ന കഥയുടെ അവസാനത്തിൽ സംഭവിക്കുന്നത് ഒരു യാത്രാമദ്ധ്യേ എന്റെ പിതാവിനുണ്ടായ നേരനുഭവമാണ്. പെരുമഴയത്ത് മൊട്ടപ്പറമ്പിൽ കഞ്ഞി വേവിക്കാൻ പ്രയാസപ്പെടുന്ന ആ സ്ത്രീയും കഞ്ഞിക്കലത്തിന് മീതെ കുട നിവർത്തിപ്പിടിച്ച് മഴകൊണ്ട് നിൽക്കുന്ന അവരുടെ ഭർത്താവുമൊന്നും വെറും ഭ്രമകല്പനകളല്ല. നമുക്കിടയിൽ ത്തന്നെയുള്ള, എന്നാൽ നമ്മൾ പലപ്പോഴും കാണാതെ പോകുന്ന ചില ഭഗ്നജീവിതങ്ങളുടെ നേർക്കാഴ്ച തന്നെയാണ്. ഇതേ കഥയിൽ വരുന്ന ഷെരീഫിക്ക എന്ന കഥാപാത്രം എനിക്ക് വളരെ വേണ്ടപ്പെട്ട ഒരു വ്യക്തി യാണ്. അദ്ദേഹത്തിന്റെ ജീവിതപശ്ചാത്തലം കഥയിൽ അതേ പടി തന്നെ പകർത്തിയിരിക്കുകയാണ്. ഒട്ടും എരിവും പുളിയും ചേർക്കാതെ.

'ഉപ്പ് വെച്ച നിലം' എന്ന കഥയിൽ വിവരിക്കുന്ന കാര്യങ്ങൾ വർഷ ങ്ങൾക്ക് മുമ്പ്  എന്റെ സ്വന്തം നാട്ടിൽ സംഭവിച്ചതാണ്. മോടിയിൽ വസ് ത്രം ധരിച്ച്, കടകട ശബ്ദത്തോടെ എല്ലാവരുടെയും ശ്രദ്ധയാകർഷിച്ച് കൊണ്ട് ബുള്ളറ്റിൽ സഞ്ചരിച്ചിരുന്ന ഗഫൂർക്കയെ (ശരിയായ പേരല്ല) ഞങ്ങളുടെ നാട്ടിലെ മുതിർന്ന തലമുറയിൽപെട്ട ആരും തന്നെ മറന്നിരി ക്കാൻ ഇടയില്ല. പിൽക്കാലത്ത് അർബുധത്തെത്തുടർന്ന് രണ്ട് കാലു കളും മുറിച്ച് മാറ്റപ്പെട്ട്, ഇന്ന് എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട്, എല്ലാം നഷ്ടപ്പെട്ട് , ജീവച്ഛവമായി ജീവിക്കുന്ന ആ മനുഷ്യനെ കോഴിക്കോട് മെഡിക്കൽ കോളേജ് പരിസരത്ത് ഇപ്പോഴും കാണാവുന്നതാണ്. അവിടെ ആ കോഫി വെന്റിംഗ് മെഷീനിനടുത്തിരുന്ന് കാപ്പിയും പലഹാരങ്ങളും വിൽക്കുന്ന പാതിശരീരനായ ആ മനുഷ്യൻ ഈ കഥയിലെ ഗഫൂർക്കയ ല്ലാതെ മറ്റാരുമല്ല.

'ബുർജ് ദുബായ്' എന്ന പേരിൽ നിർമ്മാണപ്രവർത്തനങ്ങളാരംഭിക്കു കയും ഇപ്പോൾ 'ബുർജ് ഖലീഫ' എന്ന പേരിൽ അറിയപ്പെടുകയും ചെ യ്യുന്ന ലോകത്തിലെ ഏറ്റവും വലിയ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്റെ പ്രവാസജീവിതത്തിനിടയിൽ കേട്ട ചില സംഭവ പര മ്പരകളാണ്  'തിരശ്ശീലയ്ക്ക് പിന്നിൽ' എന്ന കഥയ്ക്കുള്ള പ്രചോദനം.

പ്രസ്തുത സംഭവത്തിന്റെ അതേ നാടകീയത കഥയിലേക്കും കൊണ്ട് വരാൻ വേണ്ടിയാണ് കഥയ്ക്ക് ഒരു നാടകത്തിന്റെ മട്ടും ഭാവവും നൽകിയത്.

ഒരു പരിചയക്കാരന്റെ വീട്ടിലെ നോമ്പ് തുറയ്ക്ക് പോയപ്പോളുണ്ടായ അനുഭവമാണ് സത്യവിശ്വാസികൾ എന്ന കഥയ്ക്ക് നിമിത്തമായത്. അത് പോലെ എനിക്ക് മാനസികമായി വളരെ അടുപ്പമുണ്ടായിരുന്ന ഒരു വ്യക്തിയുടെ മരണവും തുടർന്ന് ആ മരണവീട്ടിൽ സംഭവിച്ച കാര്യങ്ങളുമാണ് ശേഷക്രിയ എന്ന കഥയ്ക്ക് പ്രേരണയായത്. ഈ രണ്ട് സംഭവങ്ങളും സൃഷ്ടിച്ച അസ്വസ്ഥതയുടെ കാർമേഘങ്ങൾ മൂടിക്കെട്ടി നിന്ന മനസ്സിലാണ് കഥകളുടെ മിന്നൽപിണരുകൾ പുളഞ്ഞു വെട്ടിയത്.

തിരൂരിൽ നിന്ന് പെരിന്തൽമണ്ണയിലേക്കുള്ള ഒരു ബസ് യാത്രക്കിടയിൽ ഒരിടത്ത് ചിലർ ജെ.സി.ബി കൊണ്ട് ഒരു കുന്ന് ഇടിക്കുന്ന കാഴ്ച കണ്ടപ്പോൾ തലേ ദിവസം വായിച്ച ഒരു പത്രവാർത്ത ഓർമ്മ വന്നു. എം.ടി വാസുദേവൻ നായരുടെ നാടായ കൂടല്ലൂരിലെ താന്നിക്കുന്ന് എന്ന് പേരുള്ള, അദ്ദേഹത്തിന്റെ പല കഥകളിലും പരാമർശിക്കപ്പെട്ടിട്ടുള്ള ആ കുന്നിന് നേർക്ക് നടക്കുന്ന ചൂഷണങ്ങളെക്കുറിച്ചും അതിനെതിരെ നടക്കുന്ന ജനകീയ സമരത്തെക്കുറിച്ചുമായിരുന്നു ആ വാർത്ത. ആ ചിന്തകൾ അങ്ങനെ മനസ്സിൽക്കിടന്ന് വെന്ത് ഒരു കഥയായി തിളച്ചുതൂവി. ആ കഥയാണ് 'കലികാലവൈഭവം.' ആ യാത്രയിൽത്തന്നെ ഒരു ബസ്സ്റ്റോപ്പിൽ ബസ്സ് കാത്തു നിന്ന ഒരു കാരണവരുടെ രൂപം മനസ്സിലുടക്കുകയും ആ രൂപവും ശരീരഭാഷയും ഈ കഥയിലെ കരുണൻ മാഷ് എന്ന കഥാപാത്രത്തിലേക്ക് സംക്രമിക്കുകയും ചെയ്തു.

'തീവണ്ടി മുറിയിലെ ക്രൂശിത രൂപം' എന്ന കഥയും ഒരു യാത്രക്കിടയിൽ എനിക്കുണ്ടായ അനുഭവമാണ്. ഇങ്ങനെ ഓരോ കഥകളും ഞാൻ കണ്ട കാഴ്ചകളാണ്. ഞാൻ കേട്ട വാക്കുകളാണ്. ഞാനറിഞ്ഞ സത്യങ്ങളാണ്. ഓരോ കഥാപാത്രങ്ങളും എന്റെ ജീവിതത്തിലൂടെ കടന്നുപോയവരാണ്. എനിക്ക് ചുറ്റിലും ഇപ്പോഴും ജീവിച്ചിരിക്കുന്നവരാണ്. ഇതിൽ 'അന്ത്യകൂദാശകൾ' എന്ന കഥ മാത്രമാണ് പൂർണ്ണമായും എന്റെ ഭാവനയിൽ തളിർത്തത്.

ചുറ്റുമൊന്ന് കണ്ണോടിച്ചു നോക്കൂ. ഇതിലെ പല കഥാപാത്രങ്ങളെയും നിങ്ങൾക്ക് കാണാൻ സാധിക്കും. ചിലപ്പോൾ ഇതിലെ ഒരു കഥാപാത്രം നിങ്ങൾ തന്നെയായെന്നും വരാം.

എന്താണ് കഥ എന്ന് ചോദിച്ചാൽ എനിക്കൊരുത്തരമേയുള്ളൂ. എന്റെ മനസ്സാണ് എന്റെ കഥ. ഈ കഥ വായിക്കുമ്പോൾ നിങ്ങൾ എന്റെ മന

സ്സാണ് വായിക്കുന്നത്. എന്റെ ചിന്തകളെയാണ് നിങ്ങൾ വായിച്ചെടുക്കുന്നത്. എന്റെ ജീവിതമാണ് നിങ്ങൾ വായിച്ചറിയുന്നത്. എന്റെ വാക്കും വിചാരവും വീക്ഷണവും വേദനയുമാണ് ഞാൻ ഈ പുസ്തകത്തിലൂടെ പകർന്നു തരുന്നത്. ഇതിൽ നിങ്ങൾക്കിഷ്ടമായതും ഇഷ്ടമാകാത്തതുമുണ്ടാകാം. നിങ്ങൾക്കിഷ്ടമായെങ്കിൽ ഏറെ അഭിമാനിക്കുന്നതോടൊപ്പം തന്നെ, നിങ്ങൾക്കിഷ്ടമാകാത്തതുണ്ടെങ്കിൽ സദയം ക്ഷമ ചോദിക്കുന്നു.

ഈ അവസരത്തിൽ ഞാൻ പ്രത്യേകം എടുത്തു പറയേണ്ട ചില പേരുകളുണ്ട്. എഴുത്തിന്റെ മേഖലയിൽ എനിക്കെന്നും പ്രചോദനവും മാതൃകയുമായ, ഒട്ടേറെ തിരക്കുകൾക്കിടയിലും എന്റെ കഥകൾ വായിച്ച് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും അത്യധികം പോത്സാഹജനകമായ ആമുഖം കൊണ്ട് ഈ പുസ്തകത്തിന്റെ ആദ്യ താളുകളെ സമ്പുഷ്ടമാക്കുകയും ചെയ്ത അനുഗ്രഹീത എഴുത്തുകാരൻ സി. രാധാകൃഷ്ണൻ സാറിന് ഞാൻ ആദ്യമേ തന്നെ എന്റെ അളവറ്റ നന്ദിയും കടപ്പാടും അറിയിക്കുന്നു. അത് പോലെ, ഏറെ സമയമെടുത്ത് ഇതിലെ ഓരോ കഥകളും സസൂക്ഷ്മം വായിച്ചു വിലയിരുത്തി വളരെ ഗഹനവും സമഗ്രവുമായ ഒരു പഠനം എഴുതിത്തന്ന എന്റെ ഗുരുനാഥനും എഴുത്തുകാരനുമായ സുധീർ പറൂർ സാറിന് എന്റെ സാഷ്ടാംഗ പ്രണാമം അർപ്പിക്കുന്നു. ഈ പുസ്തകത്തിന്റെ കവർ ഡിസൈൻ തെരഞ്ഞെടുത്തത് സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ നടത്തിയ ഒരു ചിത്രരചനാ മത്സരത്തിലൂടെയാണ്. ഈ മത്സരത്തിൽ പങ്കെടുത്ത എല്ലാ കൊച്ചു കൂട്ടുകാർക്കും, അവരുടെ രക്ഷിതാക്കൾക്കും, ഞങ്ങളുടെ ഈ ഉദ്യമവുമായി സഹകരിച്ച എല്ലാ സ്കൂൾ അധികൃതർക്കും ഞാൻ എന്റെ ഹൃദയംഗമമായ നന്ദിയറിയിക്കുന്നു. സർവ്വോപരി, എന്നെ വളർത്തി ഈ നിലയിലെത്തിച്ച എന്റെ മാതാപിതാക്കൾക്കും, എന്നും ഒരു താങ്ങും തണലുമായി കൂടെ നിൽക്കുന്ന എന്റെ സഹധർമ്മിണിക്കും, എന്റെ ജീവിതത്തെ അർത്ഥപൂർണ്ണമാക്കിക്കൊണ്ടിരിക്കുന്ന എന്റെ മകൾക്കും, മറ്റ് കുടുംബാംഗങ്ങൾക്കും ഞാൻ ഈ അവസരത്തിൽ എന്റെ നന്ദി അറിയിക്കുന്നു.

എല്ലാറ്റിനും മീതെ, ഈ കൊച്ചു പുസ്തകം വായനയ്ക്കായി തെരഞ്ഞെടുത്ത നിങ്ങൾക്കോരോരുത്തർക്കും എന്റെ അകമഴിഞ്ഞ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു. ഈ പുസ്തകത്തെക്കുറിച്ചുള്ള നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ കത്തിലൂടെയോ, ഫോണിലൂടെയോ, ഇമെയിലിലൂടെയോ എന്നെ അറിയിക്കണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ ഈ എളിയ പുസ്തകം ഏറെ പ്രതീക്ഷയോടെ, അതിലേറെ ആദരവോടെ ശ്രേഷ്ഠഭാഷയായ മലയാളത്തിനും അതിന്റെ വായനാസമൂഹത്തിനും മുന്നിൽ സമർപ്പിക്കുന്നു.

# കാഴ്ചയുടെ അതിർത്തിരേഖകൾ

**ഒ**രു കുലുക്കത്തോടെ ട്രെയിൻ നിന്നു. അപ്പർബെർത്തിൽ കിടന്നുറങ്ങുകയായിരുന്ന ഞാൻ വല്ലാതെ ഉലഞ്ഞുപോയി. അതോടെ കണ്ണിൽ നിന്ന് ഉറക്കത്തിന്റെ കടവാതിലുകൾ ചിറകടിച്ചകന്നു.

ഞാൻ ബെർത്തിൽ എഴുന്നേറ്റിരുന്ന് വാച്ചിൽ നോക്കി. സമയം 12.48. താഴത്തെ ബെർത്തുകളിൽ എല്ലാവരും നല്ല ഉറക്കമാണ്. എന്റെ തലയ്ക്കുമീതെ രണ്ട് സീലിംഗ് ഫാനുകൾ പിണങ്ങിയ ദമ്പതികളെപ്പോലെ പുറംതിരിഞ്ഞിരുന്ന് മുരണ്ടു.

ഞാൻ പതുക്കെ താഴെയിറങ്ങി. ഇടതുവശത്തെ ലോവർബെർത്തും മിഡിൽബെർത്തും കാലിയായിരുന്നു. ഞാൻ ലോവർബെർത്തിലിരുന്ന് ജനാലയുടെ ചില്ലുവാതിലുയർത്തിവെച്ചു. അതിന്റെ ഊക്കിത്തിരി കൂടിപ്പോയോ എന്തോ, തൊട്ടുമുന്നിലെ ബെർത്തിൽ കിടന്നുറങ്ങുകയായിരുന്ന മദ്ധ്യവയസ്ക്കൻ ഞെട്ടിയുണർന്നു. കണ്ണടയെടുത്ത് മുഖത്ത്വെച്ച് നൈറ്റ്ലാംബിന്റെ അരണ്ട വെളിച്ചത്തിൽ വാച്ചിലെ സമയസൂചികൾ തേടിപ്പിടിച്ചശേഷം അയാൾ എന്നോട് ചോദിച്ചു.

“ഏതാ സ്റ്റേഷൻ?”

ഞാൻ ജനലിലൂടെ പുറത്തേക്ക് കണ്ണയച്ചു. പ്ളാറ്റ്ഫോം തീർത്തും വിജനമായിരുന്നു.ട്യൂബ്ലൈറ്റിന്റെ മങ്ങിയ വെളിച്ചത്തിൽ ആ സ്റ്റേഷന്റെ പേരുപലക കണ്ടെത്തി ഞാനയാൾക്ക് പറഞ്ഞു കൊടുത്തു.

“എങ്കിൽ പുറപ്പെടാനിത്തിരി താമസമെടുക്കും. ഇവിടുന്ന് എൻജിൻ മാറ്റിയിട്ടേ പോകൂ...”

ഒരു കോട്ടുവായുടെ പശ്ചാത്തലത്തിൽ ഇത്രയും പറഞ്ഞു തീർത്തിട്ട് അയാൾ വീണ്ടും ഉറക്കത്തിലേക്കുൾവലിഞ്ഞു.

ഞാൻ വാഷ്ബേസിനിൽ പോയി മുഖം കഴുകി വന്നു.

ഒരു ചായ കിട്ടിയിരുന്നെങ്കിൽ...

ഞാൻ ജനലിലൂടെ ആവുന്നവിധം കണ്ണുകൾ പുറത്തേക്ക് നീട്ടിയെറിഞ്ഞു. പുറത്തെങ്ങും ഒരു ചായവിൽപനക്കാരനെപ്പോലും കാണുന്നില്ല. കണ്ണെത്താവുന്നിടത്തോളം ആളൊഴിഞ്ഞ പ്ളാറ്റ്ഫോം മാത്രം. ഇടവിട്ടെരിയുന്ന ട്യൂബ്ലൈറ്റുകളുടെ നേർത്ത വെളിച്ചത്തിൽ അടച്ചിട്ട റെഫ്രഷ്മെന്റ് സ്റ്റാളുകളും പുസ്തകക്കടകളും കാണാം.

ഞാൻ ബാഗിൽനിന്ന് തലേന്നാൾ കഴിച്ചു ബാക്കിവെച്ച ബിസ്ക്കറ്റ് പാക്കറ്റ് പുറത്തെടുത്ത് ഉറങ്ങുന്നവർക്ക് ശല്യമുണ്ടാക്കാതെ തിന്നാൻ തുടങ്ങി.

രാവിലെ കയറിയതാണ് ഈ തീവണ്ടി മുറിയിൽ. ഇനി നാളെ പുലർച്ച വരെ ഇതിനുള്ളിൽത്തന്നെ... ഒരു പകലും പകുതി രാത്രിയും ജീവിച്ചു തീർത്ത ഈ തീവണ്ടി മുറി എനിക്കെന്റെ വീടുപോലെ ഇണങ്ങിക്കഴിഞ്ഞിരുന്നു.

പെട്ടെന്നാണ് ഒരു കരച്ചിൽ കേട്ടത്... ഞാൻ ചിന്തയിൽ നിന്ന് ഞെട്ടിയുണർന്നു. ഒരു കുട്ടി കരയുന്ന ശബ്ദം... എവിടെ നിന്നാണത്? ഈ കമ്പാർട്ട്മെന്റിനുള്ളിൽ നിന്നാണോ? അല്ല... പുറത്തുനിന്നാണ്...

പ്ളാറ്റ്ഫോമിൽ അട്ടിയിട്ടുവെച്ച മീൻകൊട്ടകൾക്കും ഭാരം വലിക്കാനുപയോഗിക്കുന്ന ട്രോളികൾക്കുമിടയിൽ ഒരു നിഴലനക്കം... പുറത്തെ ഇരുട്ടിനോട് സമരസപ്പെടുന്ന കണ്ണുകൾക്ക് മുന്നിൽ ട്യൂബ് ലൈറ്റിന്റെ പ്രകാശചതുരത്തിൽ ഉറക്കം ഞെട്ടിനിലവിളിക്കുന്ന ഒരു കൊച്ചുകുട്ടി... രണ്ടോ മൂന്നോ വയസ്സ് പ്രായം വരും. ഒരു ജെട്ടി മാത്രമാണ് വേഷം. ചിക്കിപ്പാറുന്ന തലമുടി. കരച്ചിലിനൊപ്പം മൂക്കളയുടെ ചാലുകൾ വായിലേക്കൊലിച്ചിറങ്ങി.

തൊട്ടടുത്ത് കിടന്നുറങ്ങുകയായിരുന്ന ഏതാണ്ട് പത്ത് വയസ്സ് തോന്നിക്കുന്ന ഒരു ബാലിക, അവളുടെ ചേച്ചിയാവണം, കരച്ചിൽകേട്ട് പിടഞ്ഞുണർന്നു. എന്നിട്ട് കുഞ്ഞനിയത്തിയെ വാരിയെടുത്ത് മടിയിലിരുത്തി ആശ്വസിപ്പിച്ചു. അവൾ അതിനെ വീണ്ടും തുടയിൽതട്ടി ഉറക്കാൻ ശ്രമിച്ചു. കുട്ടി പിന്നെയും കരഞ്ഞുകൊണ്ടിരുന്നു...

"ഹൊ... ശല്ല്യങ്ങൾ..." കമ്പാർട്ട്മെന്റിനുള്ളിൽ ആരുടെയോ ശബ്ദം ഉറക്കത്തിന്റെയും ഉണർവിന്റെയും നടുവരമ്പിൽ വഴുതിവീണു.

ഞാൻ വീണ്ടും പുറത്തേക്ക് നോക്കി. എല്ലു മരവിക്കുന്ന തണുപ്പിൽ, മടുപ്പിക്കുന്ന പച്ചമീനിന്റെ ഗന്ധം പുരണ്ട കാറ്റിൽ, ഇരുട്ടിന്റെ മേലാപ്പിനു

താഴെ മൂപ്പെത്താത്ത രണ്ട് ജീവിതങ്ങൾ ഉറക്കം ഞെട്ടിയിരിക്കുന്നു...

കുട്ടി കരച്ചിൽ നിർത്തുന്നില്ലെന്ന് കണ്ടപ്പോൾ ചേച്ചി തന്റെ മുഷിഞ്ഞ മേൽക്കുപ്പായത്തിന്റെ അടിയിൽ നിന്ന് ചെറിയൊരു പൊതിയെടുത്ത് എന്തോ ഒന്ന് കുഞ്ഞനിയത്തിയുടെ വായിൽ വെച്ചുകൊടുത്തു. ഒരു നേർത്ത വലിവോടെ കരച്ചിൽ നിന്നു.

ഞാൻ വീണ്ടും വാച്ചിൽ നോക്കി. വണ്ടി പുറപ്പെടാൻ ഇനിയും സമയമുണ്ട്. ഇപ്പോൾ നല്ല നിശബ്ദത. കമ്പാർട്ട്മെന്റിനുള്ളിൽ ഫാനുകളുടെ നേർത്ത മുരൾച്ചയും അങ്ങിങ്ങായി പതിഞ്ഞ താളബദ്ധമായ കൂർക്കംവലികളും മാത്രം.

പുറത്ത് ആ കൊച്ചുകുട്ടി എന്തോ ചവച്ചു തിന്നുന്നുണ്ട്. ഉറക്കം തുടിക്കുന്ന കണ്ണുകളോടെ അവളുടെ ചേച്ചി അത് നോക്കിയിരിക്കുന്നു. അവൾ ധരിച്ചിരിക്കുന്ന അളവിൽക്കവിഞ്ഞ കുപ്പായം പോലെത്തന്നെ പ്രായത്തിൽക്കവിഞ്ഞ ശുഷ്കാന്തിയോടെയാണവൾ അനിയത്തിയെ ഊട്ടുന്നത്. ഇടയ്ക്കാ കുട്ടി ഒരു കഷ്ണം (അതെന്താണെന്നെനിക്കിപ്പോഴുമറിയില്ല) ചേച്ചിയുടെ ചുണ്ടിന് നേർക്ക് നീട്ടി. ഒരു പുഞ്ചിരി കലർന്ന നിരാസത്തോടെ അവൾ അത് അനിയത്തിയുടെ വായിൽത്തന്നെ വെച്ചുകൊടുത്തു.

കണ്ടിരിക്കാൻ നല്ല രസം തോന്നി. പാവങ്ങൾ... ചേച്ചിയുടെയും അനിയത്തിയുടെയും സ്നേഹത്തിന്റെ ശൈശവം വിട്ട് അവർ ചില നിമിഷങ്ങളിൽ അമ്മയും കുഞ്ഞുമാകുന്നത് ഞാനറിഞ്ഞു.

ഇടയ്ക്കെപ്പോഴോ എന്റെ കണ്ണുകൾ അവരെവിട്ട് ശൂന്യമായ പ്ലാറ്റ്ഫോമിലൂടെ ഉഴറിനടന്നു. കഴുത്തിൽ മഫ്ളർ ചുറ്റി കൈയിൽ നീണ്ട ലാത്തിയുംപിടിച്ച് നൈറ്റ്ഡ്യൂട്ടിയിലുള്ള രണ്ട് പോലീസുകാർ ദൂരെനിന്നു നടന്നുവരുന്നുണ്ടായിരുന്നു.

മിഡിൽബെർത്തിൽ കിടന്നയാൾ ഉറക്കത്തിലെന്തോ പുലമ്പി. എനിക്കസൂയ തോന്നി. രാത്രിയുടെ പാതി വഴിയിൽ ഉറക്കംമുറിഞ്ഞ എന്റെ കണ്ണുകൾക്ക് മുന്നിൽ കണക്കിൽക്കവിഞ്ഞ ഉറക്കത്തിന്റെ കലവറയായി ഒരു കമ്പാർട്ട്മെന്റ് മുഴുവൻ ഉറങ്ങിക്കിടക്കുന്നു. ചില രാത്രിയാത്രകളിൽ തലചായ്ക്കാനൊരിടം കിട്ടിയിരുന്നെങ്കിലെന്ന പ്രത്യാശയോടെ ഉറക്കം പിടയ്ക്കുന്ന കണ്ണുകളുമായി ജനറൽ കമ്പാർട്ട്മെന്റിനുള്ളിൽ തിക്കിക്കുത്തി നിന്നിട്ടുണ്ട്. ഇപ്പോൾ റിസേർവ്ഡ് ബെർത്തുണ്ടായിട്ടും ഉറക്കം മാത്രം പിണങ്ങിപ്പിരിഞ്ഞു നിൽക്കുന്നു.

പെട്ടെന്ന് വീണ്ടും കരച്ചിൽ..... ചേച്ചി കൊടുത്തത് കഴിച്ചുതീർന്നിട്ടും വിശപ്പടങ്ങാതെ കുട്ടി വീണ്ടും ഭക്ഷണത്തിനായി കരയുകയാണ്. രാത്രി

യുടെ നിശബ്ദതയിൽ വിശപ്പിന്റെ സൈറൺപോലെ ഒരു വിലാപം.

അപ്പോഴേക്കും പോലീസുകാർ അവരുടെ അടുത്തെത്തിയിരുന്നു. അവരിലൊരാൾ ഭീഷണിപോലെ ലാത്തിയുയർത്തി കുട്ടിയെ പേടിപ്പിച്ചു.

“ശ്ശ്...”

ഒരു വിഷപ്പാമ്പിന്റെ സീൽക്കാരം പോലെ അയാളുടെ ശബ്ദം പ്ളാറ്റ് ഫോമിൽ ചീറ്റിയടിച്ചു.

അയാളുടെ കുടവയറും കൊമ്പൻമീശയും കണ്ടുപേടിച്ച കുട്ടി ചേച്ചിയുടെ നെഞ്ചിലേക്ക് മുഖമൊളിപ്പിച്ചു. ഇടയ്ക്ക് അവർ പോയോ എന്നറിയാൻ പതുക്കെ മുഖം തിരിച്ചുനോക്കിയ കുട്ടിയെ അയാൾ കണ്ണുരുട്ടിപ്പേടിപ്പിച്ചു. കുട്ടി വീണ്ടും ചേച്ചിയുടെ മാറിൽ അഭയം തേടി...

തൊട്ടപ്പുറത്തെ പാളത്തിലൂടെ ഒരു ഡീസൽ എഞ്ചിൻ കിതച്ചുകൊണ്ട് നീങ്ങി. ജനാലയുടെ താഴ്ത്തിയിട്ട ഗ്ളാസിനുള്ളിലൂടെ അതിന്റെ ഫ്ളഡ് ലിറ്റിന്റെ പ്രകാശം ഒരു പാടപോലെ ഒഴുകിപ്പരന്നു. പിന്നെ വീണ്ടും ഇരുട്ട്...

പുറത്തെന്തു സംഭവിച്ചു..?

ഇപ്പോൾ ചേച്ചി അനിയത്തിയെ മാറോടടുപ്പിച്ച് പതിയെ മുതുകിൽ ത്തട്ടിയുറക്കിക്കൊണ്ട് പഴയ സ്ഥാനത്ത് തന്നെ കിടക്കുകയാണ്. പോലീസുകാർ അവിടെത്തന്നെയുണ്ട്...

കുടവയറും കൊമ്പൻമീശയുമുള്ള പോലീസുകാരൻ ആ ബാലികയുടെ കിടപ്പിന്റെ ഭംഗിയാസ്വദിക്കുകയാണ്. ഒരു സ്കാനിംഗ് മെഷീനിന്റെ സൂക്ഷ്മതയോടെ അയാളുടെ കണ്ണുകൾ അവളെ അളവെടുത്തു... കൂടെയുള്ള പോലീസുകാരൻ ചെറുപ്പമാണ്. അയാൾ കൊമ്പൻമീശക്കാരനെ ‘നമുക്ക് പോകാം’ എന്ന ഭാവത്തിൽ കൈപിടിച്ചുവലിച്ചു. പക്ഷെ മീശക്കാരൻ തിരിച്ചയാളുടെ കാതിൽ എന്തോ മന്ത്രിച്ചു. അർത്ഥം വെച്ചുള്ള ഒരു ചിരിയോടെ ചെറുപ്പക്കാരൻ പോലീസ് നടന്നു നീങ്ങി. മീശക്കാരൻ അവിടെത്തന്നെ ചുറ്റിപ്പറ്റി നിന്നു.

ചെറിയകുട്ടി ഉറങ്ങിയെന്നു തോന്നുന്നു. പക്ഷെ ചേച്ചിയുടെ കൈകൾ അപ്പോഴും നേർത്ത താളക്രമത്തിൽ അവളുടെ മുതുകിൽത്തട്ടിക്കൊണ്ടിരുന്നു...

പോലീസുകാരൻ പതുക്കെ അവരുടെ അടുത്തേക്ക് നീങ്ങിനിന്നു. എനിക്കെന്തോ പന്തികേട് തോന്നി. ഭവനഭേദനത്തിന് മുൻപുള്ള ഒരു മോഷ്ടാവിന്റെ കുടിലതയോടെ അയാൾ ചുറ്റുമൊന്ന് കണ്ണോടിച്ചു. പിന്നെ അയാളുടെ കൈകൾ ചലിച്ചുതുടങ്ങി. അയാൾ ലാത്തിയുടെ അറ്റം കൊണ്ട് പതുക്കെ... പതുക്കെ... ആ പെൺകുട്ടിയുടെ പാവാട മുകളിലേക്ക്

നീക്കി... പതുക്കെ... കാൽപ്പാദങ്ങൾ കടന്ന്... ഞെരിയാണിയും താണ്ടി... കണങ്കാലിലേക്ക്...

പെൺകുട്ടി പിടഞ്ഞുണർന്നു. പോലീസുകാരനെ കണ്ടതും അവൾ നടുക്കത്തോടെ പാവാട നേരെയാക്കി വീണ്ടും കണ്ണടച്ചു കിടന്നു.

അയാളുടെ ചുണ്ടിൽ ഒരു വൃത്തികെട്ട ചിരി മിന്നലാടി. പിന്നെ വീണ്ടും അയാളുടെ കൈകൾ പ്രവർത്തിച്ചു...

എന്റെ കണ്ണുകൾ ആ കാഴ്ചയോട് പൊരുത്തപ്പെടാനാവാതെ വീർപ്പു മുട്ടി.

ഇത്തവണ അയാൾ പാവാട പൊക്കിത്തുടങ്ങിയപ്പോൾത്തന്നെ പെൺ കുട്ടി മറ്റേക്കാലിന്റെ വിരലുകൾ കൊണ്ട് പാവാട നേരെയാക്കിയിട്ടു. പക്ഷെ അയാൾ വീണ്ടും...

ജനൽക്കമ്പിയിൻമേലുള്ള എന്റെ പിടിത്തം മുറുകി. ഉള്ളിൽ ആത്മ രോഷത്തിന്റെ ക്ഷുഭിതയൗവ്വനം ചുരമാന്തി. ഇറങ്ങിച്ചെന്ന് ഒന്നു പൊട്ടി ച്ചാലോ? വേണ്ട... ആരെയെങ്കിലും വിളിച്ചുണർത്തിക്കാണിച്ചാലോ? എന്തോ എനിക്ക് ചലിക്കാനോ മിണ്ടാനോ കഴിയുന്നില്ല. തൊണ്ടയിൽ കയ്ക്കുന്നൊരു കൊഴുപ്പു വന്നടിഞ്ഞ് വാക്കുകളെ തടഞ്ഞു...

പോലീസുകാരൻ ഇപ്പോൾ പാവാട അവളുടെ കണങ്കാലിനും മുക ളിലേക്കുയർത്തിയിരുന്നു. അൽപനേരം അയാൾ ആ നഗ്നപാദങ്ങളുടെ ദൃശ്യഭംഗിയിൽ ആത്മരതിയനുഭവിച്ചു നിന്നു. പിന്നെ അയാളുടെ ലാത്തി യുടെ അറ്റം അവളുടെ തുടകൾക്കിടയിലേക്ക് നീണ്ടു....

ഒരു നിമിഷം... കാടുകയറുന്നതിന് മുൻപ് ചുറ്റുപാടും നിരീക്ഷിച്ച അയാളുടെ കണ്ണുകൾ എന്നെ കണ്ടു.... കള്ളക്കമ്മട്ടത്തിനിടയിൽ പിടി ക്കപ്പെട്ടവനെപ്പോലെ അയാൾ എന്നെ പകച്ചു നോക്കി. പിന്നെ പതുക്കെ രണ്ട് ചുവട് മാറിനിന്നു. ദത്തശ്രദ്ധനായ നിയമപാലകനെപ്പോലെ പരി സരം നിരീക്ഷിക്കുന്നതായി ഭാവിച്ചുകൊണ്ട്. ഇടയ്ക്കെന്നെ ഒളികണ്ണിട്ടു നോക്കുന്നുണ്ട്.

പെട്ടെന്ന് തീവണ്ടിയൊന്നു കിടുങ്ങി. എഞ്ചിൻ ഘടിപ്പിക്കുകയാണ്. അതിന്റെ തള്ളലിൽ വണ്ടി പുറകോട്ട് നീങ്ങാൻ തുടങ്ങി. ഒപ്പം എന്റെ മുന്നിലെ കാഴ്ചകളും പുറകോട്ട് വലിഞ്ഞു... പക്ഷെ... പോലീസുകാ രനും കുട്ടികളും എന്റെ കാഴ്ചവട്ടത്ത് നിന്ന് മറയുന്നതിന് മുൻപായി ഞാൻ കണ്ടു... അയാൾ വീണ്ടും പെൺകുട്ടിയുടെ അടുത്തേക്ക് നീങ്ങു ന്നു... അയാൾ തന്റെ ലാത്തിയുടെ അറ്റംകൊണ്ട് അവളുടെ ചന്തിയിൽ ആഞ്ഞുകുത്തി. അവൾ ഒരു പുളച്ചിലോടെ എഴുന്നേറ്റിരുന്ന് ഭയം നിറഞ്ഞ

കണ്ണുകളോടെ അയാളെ നോക്കി...

അപ്പോഴേക്കും അവർ എന്റെ കണ്ണിൽ നിന്നും പൂർണ്ണമായി മറഞ്ഞു. തീവണ്ടി കുറച്ച് ദൂരം പുറകോട്ട് നീങ്ങിയശേഷം പതുക്കെ നിന്നു. ഇപ്പോൾ എനിക്ക് കാണാവുന്നത് പൂട്ടിക്കിടക്കുന്ന ഒരു ടെലഫോൺ ബൂത്തും അതിനടുത്ത് കൂട്ടിയിട്ട കുറേ പാഴ്സൽ കെട്ടുകളും മാത്രം...

ആ പോലീസുകാരൻ... കുട്ടികൾ...

പുറത്തിറങ്ങിച്ചെല്ലണമെന്നുണ്ട്... എന്തെങ്കിലുമൊക്കെ ചെയ്യണമെന്നുണ്ട്... പക്ഷെ... എനിക്കൊന്നിനും...

നെഞ്ചിടിപ്പിന്റെ നിമിഷപ്പൊട്ടുകൾ...

പെട്ടെന്ന് വണ്ടി മുന്നോട്ട് നീങ്ങി. ഞാൻ ജനൽക്കമ്പികളിൽ പിടിച്ച് വിഭ്രമത്തോടെ പുറത്തേക്ക് നോക്കി. വണ്ടി പതുക്കെ നീങ്ങി... ഒഴിഞ്ഞ ഭക്ഷണശാലകളുടെ ഇരുണ്ട ചത്വരങ്ങൾ കടന്ന്... വിളറിയ വെളിച്ചം വീഴ്ത്തുന്ന വിളക്കുകാലുകൾ കടന്ന്... ഉത്തരത്തിൽ തൂങ്ങിയാടുന്ന ടെലിവിഷൻപെട്ടികളുടെ മൃതശരീരങ്ങൾ കടന്ന്... മീൻകൊട്ടകൾ അടുക്കിവെച്ച ഭാഗത്തെത്തിയപ്പോൾ...

പോലീസുകാരനെ അവിടെ കാണാനില്ല... ആ പെൺകുട്ടിയെയും...

ചെറിയകുട്ടി മാത്രം അവിടെ ഉറങ്ങിക്കിടക്കുന്നു. താൻ ഒറ്റയ്ക്കാണെന്നറിയാതെ....

ട്രെയിൻ ഉറക്കെ നീട്ടി ചൂളംവിളിച്ചു. ഉറങ്ങിക്കിടന്ന കുട്ടി ഞെട്ടിയുണർന്നു. ഒരു നിമിഷം അവൾ തന്റെ മുന്നിൽ ഇഴഞ്ഞു നീങ്ങിക്കൊണ്ടിരിക്കുന്ന യന്ത്രപ്പാമ്പിനെ പേടിയോടെ നോക്കി. പിന്നെ തനിക്ക് ചുറ്റിലും പരതി. ചേച്ചിയെവിടെ...?

കുട്ടി ചേച്ചിയെ വിളിച്ച് കരയാൻ തുടങ്ങി. ചേച്ചി വന്നില്ല... കുട്ടിയുടെ കരച്ചിൽ ഉച്ചത്തിലായി.

ട്രെയിനിന്റെ വേഗത കൂടി. മീൻകൊട്ടകളും പാഴ്സൽ കെട്ടുകളും പ്ളാറ്റ്ഫോമും പിന്നെ സാവധാനം റെയിൽവേ സ്റ്റേഷൻ തന്നെയും എന്റെ കാഴ്ചയിൽ നിന്ന് മറഞ്ഞു... പക്ഷെ അപ്പോഴും എന്റെയുള്ളിൽ ആ കൊച്ചുകുട്ടി ഉറക്കെ നിലവിളിച്ചുകൊണ്ടിരുന്നു. എന്റെ തൊണ്ടക്കുഴിയിലൂടെ ആ കരച്ചിൽ പുറത്തേക്ക് തള്ളി...

"ഹൊ... ശല്ല്യങ്ങൾ..." ആരോ ഉറക്കത്തിൽ പ്രാകിക്കൊണ്ട് തിരിഞ്ഞു കിടന്നു.

*(വനിത, 2012)*

# ഉപ്പു വെച്ച നിലം

മടക്കയാത്രയിലുടനീളം ഞാൻ ചിന്തിച്ചത് ഗഫൂർക്കയെക്കുറിച്ചായിരുന്നു. മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കാവുന്ന അവസ്ഥയിലായിരുന്നില്ല എന്റെ മനസ്സ്.

ഗഫൂർക്ക.

ഒരു കാലത്തെ എന്റെ ഏറ്റവും വലിയ വിസ്മയമായിരുന്നു അയാൾ. അയാൾ മാത്രമല്ല, അയാളുടെ വീടും, വാഹനവും, ജീവിതരീതികളുമെല്ലാം ഞാനടക്കമുള്ള എന്റെ നാട്ടുകാർക്കൊരു വിസ്മയമായിരുന്നു. അത്രയ്ക്ക് ആകർഷണീയവും ആരെയും മോഹിപ്പിക്കുന്ന വിധത്തിലുമായിരുന്നു അവരുടെ ജീവിതം.

അന്നത്തെ ചെറുപ്പക്കാരോട് ജീവിതത്തിൽ എന്താണ് ലക്ഷ്യമെന്ന് ചോദിച്ചാൽ, പണക്കാരനാവുക എന്നല്ല, ഗഫൂർക്കാനെ പോലെയാവുക എന്നായിരിക്കും മറുപടി. സമ്പന്നതയുടെ മറുപേരായിരുന്നു ഗഫൂർക്ക.

ഇതൊക്കെ വായിച്ചിട്ട് ഗഫൂർക്ക വലിയ കോടീശ്വരനായിരുന്നു എന്നൊന്നും ധരിച്ചേക്കരുത്. ഒരു ചെറിയ ബിസിനസുകാരൻ. പക്ഷെ ഇരുപത് വർഷം മുമ്പ് എന്റെ കൊച്ചുഗ്രാമത്തിലെ പരിഷ്കാരവും പഠിപ്പും തൊട്ടുതീണ്ടിയിട്ടില്ലാത്ത, പണമൊഴുക്കിന്റെ പുളപ്പേറ്റു തുടങ്ങിയിട്ടില്ലാത്ത പാവം നാട്ടുകാരുടെ കാഴ്ചപ്പാടിൽ അതൊരു ഒന്നൊന്നര ജീവിതം തന്നെയായിരുന്നു. ഇന്നത്തെ ശൈലിയിൽ പറഞ്ഞാൽ ഒരു അടിപൊളി ജീവിതം.

അത്ര വലിയ വീടൊന്നുമായിരുന്നില്ല ഗഫൂർക്കാന്റേത്. ഹോളോബ്ളോക്ക് കൊണ്ട് പടുത്ത് വാർപ്പിട്ട ഒരു ഒറ്റ നില വീട്. എങ്കിലും അതിന് ആവശ്യത്തിന് വിസ്തീർണ്ണവും സ്ഥലസൗകര്യവുമുണ്ടായിരുന്നു.

പുറത്തെ പെയിന്റിംഗും ഗേറ്റിലെ ചിത്രപ്പണികളും വളരെ ആകർഷക മായിരുന്നു. അതിന് മുന്നിലൂടെ കടന്നുപോകുമ്പോൾ കാതടപ്പിക്കുന്ന സ്റ്റീരിയോ സംഗീതം കടപുഴകി വരും. അക്കാലത്തിറങ്ങിയ പല പാട്ടു കളും ഞങ്ങൾ ആദ്യമായി കേട്ടത് അവിടെ നിന്നാണ്. മിക്ക സായാഹ്ന ങ്ങളിലും അവിടെ പാർട്ടി നടക്കുമായിരുന്നു. അപ്പോൾ ആ വീടിന് ഒരു ഡിസ്കോതീക്കിന്റെ പ്രതീതിയായിരുന്നു.

ഞങ്ങൾ കുട്ടികൾ മദ്രസയിലേക്കും പീടികയിലേക്കും മറ്റും പോകു മ്പോൾ കുറച്ച് നേരം കൗതുകത്തോടെ ആ വീടിന് നേർക്ക് നോക്കി നിൽക്കും. അപ്പോൾ ആ കോമ്പൗണ്ടിനകത്ത് എന്തൊക്കെയുണ്ടന്നറി യാൻ ഞങ്ങളുടെ മനസ്സ് കൊതിച്ചിരുന്നു.

“ഞാമ്പോയിറ്റ്ണ്ട് അയിന്റകത്തിക്ക്” പൊതുവേ വായാടിയും പൊങ്ങ ച്ചക്കാരനുമായ ജലീൽ മദ്രസയിലേക്കുള്ള നടത്തത്തിൽ വീമ്പ് പറയും.

മദ്രസാ പുസ്തകങ്ങൾ ചാക്ക് നൂലുകൊണ്ട് കെട്ടി കക്ഷത്ത് വെച്ച് കരിമ്പുള്ളി വീണ വെള്ളമുണ്ട് മടക്കിക്കുത്തി നെഞ്ചും വിരിച്ച് നടന്നു കൊണ്ട് അവൻ വാതോരാതെ സംസാരിക്കും.

“ഇന്റുപ്പാന്റെ ലോഹ്യക്കാരനാ ഗഫൂർക്ക. ഞാനെപ്പഴും പോകും ഉപ്പാ ന്റൊപ്പം അവ്ടക്ക്. എന്ത് രസാന്നറിയോ അവടെ! അവലോട ടീവീം വെ ള്ളം തണുപ്പിക്ക്ണ സാധനോം തുണി തിരുമ്പണ മെഷീനോക്കേണ്ട്. പോയാ ഇനിക്ക് എന്തൊക്കേ തിന്നാൻ തര്വാന്നറിയോ? ഹോർലീസും ബിസ്ക്കറ്റും കെയ്ക്കും...” ഇടയ്ക്കൊന്നു നിർത്തി അവൻ എന്നോട് ചോദിക്കും “ഇയ്യ് കെയ്ക്ക് തിന്നിറ്റിണ്ടാ?”

ഞാൻ അപകർഷതയോടെ ഇല്ല എന്ന് മണ്ടയാട്ടും. അതോടെ അവ ന്റെ പൂളപ്പൊന്നുകൂടി ഇരട്ടിക്കും.

“അതൊന്ന് തിന്ന് നോക്കണം മോനേ... എന്താ മധുരന്നറിയോ?”

അവന്റെ വർണ്ണനയ്ക്കൊപ്പം എന്റെയും പെങ്ങളുടെയും തൊണ്ടയി ലൂടെ ഉമിനീരിന്റെ ഒരു ചോലയൊഴുകും.

“ഞമ്മളെ ഇപ്പച്ചീന്റ കൂടെ ഞമ്മക്കും പോയി നോക്ക്യാലോ ഇക്കാ ക്ക...” എന്റെ പെങ്ങള്കുട്ടി എന്റെ നേർക്ക് പ്രത്യാശയുടെ കല്ലിപ്പുള്ള ഒരു ചോദ്യമിടും. ജലീൽ പറഞ്ഞ കെയ്ക്കിന്റെ മധുരം അവളേയും കൊതിപ്പിച്ചിരിക്കാം.

“ഹേയ്...” ജലീൽ തന്റെ ഇരുണ്ട മുഖത്തെ പീതരാശിപടർന്ന ദൃഷ്ടി ഗോളങ്ങൾ തുറിപ്പിച്ചു കൊണ്ട് പറയും “അങ്ങന എല്ലാർക്കും പോവാൻ പറ്റൂല. ഓലോട വല്യൊരു നായിണ്ട്. ഒരു മൂരിക്കുട്ടീന്റ വലിപ്പണ്ടയിന്.

നീണ്ട നകോം കൂർത്ത പല്ലൊക്കേളള ഒരു ഹലാക്കിന്റ സാധനം. പരിച യല്ലാത്തോല കണ്ടാ അത് ചാടിക്കൊരച്ച് വരും. ന്നിട്ട് കടിച്ച് കൊല്ലും..."

അത് പറയുമ്പോൾ ജലീലിന്റെ മുഖത്തും ഒരു വേട്ടപ്പട്ടിയുടെ ഭാവം വന്നു നിറയും. അത് കണ്ട് എന്റെ പെങ്ങള്കുട്ടി ഭയം വിങ്ങിയ കണ്ണുക ളോടെ എന്റെ പിന്നിലൊളിക്കും.

അങ്ങനെ ആ വീടും വീട്ടുകാരും എന്നും ഞങ്ങളെ വിസ്മയമയിപ്പി ച്ചുകൊണ്ടിരുന്നു.

ഗഫൂർക്ക ഒരു പോത്തിന്റെ വലിപ്പമുള്ള എൻഫീൽഡ് ബുള്ളറ്റിൽ നാടിനെ പ്രകമ്പനം കൊള്ളിച്ചുകൊണ്ട് സഞ്ചരിച്ചു. ബുള്ളറ്റിന്റെ കട കട ശബ്ദം ദൂരെ നിന്നു കേൾക്കുമ്പോൾ തന്നെ ആളുകൾ സംസാരം നിർത്തി അടക്കം പറയും.

"ഗഫൂറ് വര്ണ്ണ്ട്..."

മുണ്ട് മാത്രമുടുത്ത് പരിചയമുള്ള, സൈക്കിളിൽ സഞ്ചരിക്കുന്നവൻ കാര്യക്കാരനായി പരിഗണിക്കപ്പെട്ടിരുന്ന ഒരു ജനപഥത്തിന് മുന്നിലൂടെ വില കൂടിയ ഷർട്ടും പാന്റ്സുമിട്ട് ഗഫൂർക്ക ബുള്ളറ്റിൽ വിലസി. രാജ കീയമായ ആ കടന്നുവരവ് കുട്ടികളും മുതിർന്നവരും ഒരു പോലെ നോക്കി നിൽക്കും. കൂട്ടത്തിൽ പരിചയക്കാരെ ആരെയെങ്കിലും കണ്ടാൽ ഗഫൂർ ക്ക പുഞ്ചിരിച്ചുകൊണ്ട് കൈവീശിക്കാണിക്കും. ആ കൈവീശൽ ആർക്കാ ണോ കിട്ടിയത് പിന്നെ അവനാണ് താരം. തിരികെ കൈ വീശിക്കാണിച്ച ശേഷം ലോട്ടറിയടിച്ച സന്തോഷത്തോടെ അയാൾ നെഞ്ചും തള്ളി നെഗ ളിച്ചു നിൽക്കും. ആളുകൾ അയാളെ അസൂയയോടെ നോക്കും.

ഗഫൂർക്കാന്റെ ഭാര്യയും മക്കളും വില കൂടിയ വസ്ത്രങ്ങളണിഞ്ഞ് കല്യാണവീടുകളിലും മറ്റും ശ്രദ്ധപിടിച്ചു പറ്റി. ആർക്കും സ്വന്തമായി വാഹനങ്ങളില്ലാത്ത, വല്ലപ്പോഴും റോഡിൽ ഒരു ടാക്സികാർ കാണു മ്പോൾ വീർപ്പടക്കി നോക്കി നിന്നിരുന്ന നാട്ടുകാരുടെ ഇടയിലേക്ക് അവർ തങ്ങളുടെ സ്വന്തം കാറിൽ വന്നിറങ്ങി.

"മാരുതിയാ...!" കാറിന് ചുറ്റും മണം പിടിച്ചു നിൽക്കുന്ന ചെറുപ്പക്കാർ പരസ്പരം കുതൂഹലം പറയും.

ഗഫൂർക്കയും കുടുംബവും തങ്ങളുടെ വീട്ടുവിശേഷങ്ങളിൽ പങ്കെടു ക്കുന്നത് പലരും വലിയ ഭാഗ്യമായി കരുതി. അവർ തങ്ങളുടെ വലിയ അടുപ്പക്കാരാണെന്ന് നാട്ടുകാരെ കാണിക്കാൻ എല്ലാവരും യത്നിച്ചു. വന്നിറങ്ങുമ്പോഴേക്കും സ്ത്രീകളും കുട്ടികളുമടക്കം വീട്ടുകാരെല്ലാവരും പന്തലിലേക്കിറങ്ങി വന്ന് അവരെ സ്വീകരിച്ചാനയിച്ചു കൊണ്ടുപോകും.

അതോടെ ബാക്കിയുള്ള അതിഥികൾ അപ്രസക്തരാകും.

പക്ഷെ ഇങ്ങനെയൊക്കെയാണെങ്കിലും ഞങ്ങളാരും തന്നെ ഗഫൂർക്കാനെയും മക്കളെയും പള്ളിയിലോ മദ്രസയിലോ കണ്ടതായി ഓർക്കുന്നില്ല. പരംപൊരുളുകൾക്കതീതമായ ഒരുതരം പകിട്ടോടെ അവരുടെ ജീവിതം ഞങ്ങൾക്ക് മുന്നിൽ തിളച്ചുതൂവി.

ഞാനിടയ്ക്ക് ആലോചിക്കാറുണ്ട്. ആ വീട്ടിൽ ജനിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ... അവരെപ്പോലെ ജീവിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ...

പക്ഷെ അവരും അവരുടെ ജീവിതവും കുറേക്കാലത്തേക്കെങ്കിലും എനിക്ക് അസ്പൃശ്യമായിത്തന്നെ തുടർന്നു.

ആ അകലം പിന്നെ നീങ്ങിയത് എന്റെ ഉപ്പ ഗൾഫിൽ നിന്ന് വിളിച്ച ഒരു ഫോൺകോളിലൂടെയായിരുന്നു.

എന്റെ ഉപ്പയുടെ ഉമ്മയ്ക്ക്, അതായത് എന്റെ വല്യുമ്മാക്ക്, മകന്റെ 'കൂറ്റ് കേക്കാൻ' കൊതിയുണ്ടെന്ന് പറഞ്ഞതിനെ തുടർന്നാണത്.

അന്നൊന്നും ഇന്നത്തെപ്പോലെ അകന്നിരിക്കുന്ന ദമ്പതിമാർക്ക് ദിവസത്തിൽ നാലുനേരം മൊബൈലിൽ പുന്നരിക്കാനുള്ള സൗകര്യമൊന്നുമില്ലല്ലോ? അത് കൊണ്ട് ഉപ്പ ഞങ്ങളോടും ഉമ്മാനോടും വല്യുമ്മാനോടും ആശയവിനിമയം നടത്തിയിരുന്നത് കത്തുകളിലൂടെയായിരുന്നു. മാസത്തിൽ ഒരു കത്ത് അങ്ങോട്ട്. അത് ഗൾഫിൽ കിട്ടാൻ പതിനഞ്ച് ദിവസം. മറുപടി അയച്ചാൽ നാട്ടിൽ കിട്ടാനും പതിനഞ്ച് ദിവസം. അങ്ങനെ മാസത്തിലൊരിക്കലേ പരസ്പരം ബന്ധപ്പെടാൻ കഴിഞ്ഞിരുന്നുള്ളൂ.

ഉപ്പാന്റെ കത്ത് വന്നാലുടനെ ഉമ്മ ആദ്യം ഒറ്റയ്ക്കിരുന്ന് വായിക്കും. പിന്നെ സന്ധ്യക്ക് ഉമ്മറക്കോലായിൽ മഗ്‌രിബ് നിസ്കരിച്ച് കഴിഞ്ഞ് വല്യുമ്മ ദിക്റ് ചൊല്ലിക്കൊണ്ട് നിസ്കാരപ്പായിലും, ഞങ്ങൾ ഗൃഹപാഠങ്ങളുടെ പൊങ്ങാരങ്ങളുമായി തഴപ്പായിലും ഇരിക്കുമ്പോൾ ഉമ്മ ഉപ്പാന്റെ കത്തും കൊണ്ട് വരും.

"ഉമ്മാ, ഇക്കാന്റെ കത്ത് വന്നിട്ടുണ്ട്..."

അത് കേൾക്കേണ്ട താമസം വല്യുമ്മാന്റെ മുഖം പെരുന്നാൾ മാസം കണ്ടതു പോലെ സന്തോഷം കൊണ്ട് വിടരും. ഉമ്മ കത്ത് വായിക്കവേ വല്യുമ്മാന്റെ മുഖത്ത് സന്തോഷവും സങ്കടവുമിടകലർന്ന സമ്മിശ്രവികാരങ്ങൾ മിന്നിമറയുന്നത് ഞങ്ങൾ കൗതുകത്തോടെ നോക്കിയിരിക്കും. കത്ത് വായിച്ചു കഴിഞ്ഞാൽ അതിലെ ഓരോ കാര്യങ്ങളും എണ്ണിപ്പറഞ്ഞ് വല്യുമ്മ കരയുകയും ചിരിക്കുകയും ചെയ്യും. ഏതോ അദൃശ്യമായ

സ്വിച്ചിനാൽ നിയന്ത്രിക്കപ്പെടുന്നത് പോലെ ചിരിക്കും കരച്ചിലിനുമിടയിൽ വല്യുമ്മയുടെ വികാരപ്രകടനങ്ങൾ വഴുതിനീങ്ങിക്കൊണ്ടിരുന്നു.

വല്യുമ്മ ആ കത്ത് ഉമ്മയെക്കൊണ്ട് പലവട്ടം വായിപ്പിക്കും. ഇടയ്ക്ക് നിർത്തിച്ച് കുറേ പഴമ്പുരാണങ്ങൾ പറയും. അങ്ങനെയുള്ളൊരു വർത്തമാനത്തിനിടയിലാണ് വല്യുമ്മ ആ ആഗ്രഹം പറഞ്ഞത്.

“ഇനിക്കിന്റെ കുട്ടിന്റെ കൂറ്റൊന്ന് കേക്കാൻ കയിഞ്ഞെങ്കി...”

ഉമ്മ ആ വിവരം ഉപ്പാക്ക് കത്തിലെഴുതി. അതിന് വന്ന മറുപടിക്കത്തിൽ ഉപ്പ എഴുതി. ആ മാസം മുപ്പതാം തിയതി ഞായറാഴ്ച വൈകീട്ട് നാലു മണിക്ക് ഞാനും പെങ്ങളും ഉമ്മയും കൂടി വല്യുമ്മയെയും കൂട്ടി ഗഫൂർക്കാന്റെ വീട്ടിലേക്ക് വരണം. നാലു മണിക്ക് ഉപ്പ വിളിക്കും. അപ്പോൾ എല്ലാവരുമായും സംസാരിക്കാം. വല്യുമ്മാക്ക് ഉപ്പാന്റെ കൂറ്റ് കേൾക്കുകയും ചെയ്യാം.

അന്ന് ഞങ്ങളുടെ നാട്ടിൽ ഗഫൂർക്കാന്റെ വീട്ടിൽ മാത്രമേ ഫോണുണ്ടായിരുന്നുള്ളൂ. അത് കൊണ്ടാണ് ഉപ്പ ആ വഴി തെരഞ്ഞെടുത്തത്.

ഞങ്ങളെല്ലാവരും സന്തോഷം കൊണ്ട് തുള്ളിച്ചാടി. ഉപ്പയുമായി സംസാരിക്കാം എന്നതിനപ്പുറം ഗഫൂർക്കാന്റെ വീടിനകത്തേക്കൊരു പ്രവേശനം തരപ്പെട്ടതിന്റെ സന്തോഷമായിരുന്നു എനിക്ക്.

ഞങ്ങൾ മുപ്പതാം തിയതിക്കായി കാത്തിരുന്നു. ഒടുവിൽ ആ സുദിനം വന്നണഞ്ഞു.

നെഞ്ചിടിപ്പോടെയാണ് ഞാനും പെങ്ങളും അവിടേക്ക് കയറിയത്. പക്ഷെ ഞങ്ങളുടെ ഭയപ്പാടിനെ അസ്ഥാനത്താക്കിക്കൊണ്ട് ഗഫൂർക്കാന്റെ ഭാര്യ സൽമുതാത്ത ഞങ്ങളെ പുഞ്ചിരിയോടെ എതിരേറ്റു. ഉപ്പ ഞങ്ങൾ വരുന്ന കാര്യം നേരത്തേ അവരെ അറിയിച്ചിരുന്നു. അവർ ഉമ്മാക്ക് സലാം പറഞ്ഞു. പിന്നെ വല്യുമ്മാന്റെ കൈ പിടിച്ച് സ്നേഹത്തോടെ അകത്തേക്കാനയിച്ചു.

പുറത്തു നിന്നു നോക്കുമ്പോൾ ചെറിയ വീടാണെങ്കിലും അകത്തെ സജ്ജീകരണങ്ങൾ കണ്ട് ഞങ്ങളുടെ കണ്ണുതള്ളിപ്പോയി. സിനിമയിൽ കാണുന്ന പണക്കാരുടെ വീട് പോലെ. അവർ ഞങ്ങൾക്ക് കഴിക്കാൻ ചായയും മധുരപലഹാരങ്ങളും തന്നു. കെയ്ക്കിന് പുറമെ അന്നു വരെ ജലീലിന് കിട്ടിയിട്ടില്ലാത്ത പല ഭക്ഷ്യപേയങ്ങളും നൽകി അവർ ഞങ്ങളെ സൽക്കരിച്ചു.

ഗഫൂർക്കാന്റെ മക്കളായ ഷബീറും ഷമീറും ഞങ്ങളുമായി പെട്ടെന്ന് ലോഹ്യത്തിലായി. അവർ ഞങ്ങൾക്ക് അവരുടെ കളിപ്പാട്ടങ്ങൾ കാണിച്ചു

തന്നു. ഞങ്ങൾ അന്നേ വരെ കാണാത്ത പുതിയ തരം കളിക്കോപ്പുകൾ. ഇംഗ്ലീഷ് സിനിമകളിൽ കാണുന്ന തരത്തിലുള്ള തീതുപ്പുന്ന മെഷീൻ ഗണ്ണായിരുന്നു അതിലൊന്ന്.

പിന്നെ അവർ ഞങ്ങളെ ടീവിയിരിക്കുന്ന മുറിയിലേക്ക് കൂട്ടിക്കൊണ്ട് പോയി. സിനിമ കാണാൻ വേണ്ടി മാത്രമുള്ളതായിരുന്നു ആ മുറി. അവിടെ ഒരു വശത്ത് ഒരു അലമാര നിറയെ വീഡിയോ കാസറ്റുകൾ. ഞങ്ങൾക്ക് ഏത് സിനിമയാണ് കാണാൻ താല്പര്യമെന്ന് ചോദിച്ചറിഞ്ഞ് അവർ ആ കാസറ്റിട്ടു തന്നു.

അന്നേ അവരുടെ വീട്ടിൽ ഹോം തിയറ്ററുണ്ടായിരുന്നു. വാഹനങ്ങളിലുപയോഗിക്കുന്ന കാർ സ്റ്റീരിയോയുടെ സ്പീക്കർ ബോക്സുകൾ ടീവി റൂമിലെ സോഫാ സെറ്റികൾക്കടിയിൽ സ്ഥാപിച്ച് ആംപ്ളിഫയറിന്റെ സഹായത്തോടെ ഹോം തിയറ്റർ ഒരുക്കിയിരിക്കുകയായിരുന്നു അവർ. ഇടയ്ക്ക് സിനിമയിൽ ബോംബ് പൊട്ടുന്ന രംഗം കാണിച്ചതും ഞങ്ങളിരിക്കുന്ന സോഫയ്ക്കടിയിൽ നിന്ന് സ്ഫോടനശബ്ദമുയർന്നപ്പോൾ എന്റെ പെങ്ങൾ ഞെട്ടിനിലവിളിച്ചത് കണ്ട് അവർ അവളെ കളിയാക്കിച്ചിരിച്ചു.

പണക്കാരുടെ യാതൊരു ജാഡയും ഗഫൂർക്കാന്റെ ഭാര്യയുടെയോ മക്കളുടേയോ പെരുമാറ്റത്തിലുണ്ടായില്ല. വളരെ ഹൃദ്യം. ഉപ്പാന്റെ ഫോൺ വിളി കഴിഞ്ഞ് അവിടെ നിന്നിറങ്ങാൻ നേരത്ത് ഞാൻ ചോദിച്ചു:

“ഇവിടത്തെ നായെവടെ?”

“നായോ? ഇവിടെ നായില്ലല്ലോ?” ഷബീർ പറഞ്ഞു.

എനിക്ക് വിശ്വാസമായില്ല.

“ഇവടെ വല്ല്യൊരു നായിണ്ട്ന്ന് കേട്ടല്ലോ?”

“ഇവിടെ നായും നരീമൊന്നൂല്യ...”

അവരെന്നെ കളിയാക്കി. അപ്പോഴാണ് എനിക്കൊരു കാര്യം മനസ്സിലായത്. അവിടെ നായയില്ല. അവിടേക്കുള്ള പ്രവേശനം എന്നും തന്റെ മാത്രം കുത്തകയാക്കിവെക്കാൻ ജലീൽ പൊട്ടിച്ച ഒരു വെടിയായിരുന്നു അത്.

യാത്ര പറഞ്ഞിറങ്ങുമ്പോൾ അവർ പറഞ്ഞു.

“രണ്ടാളും എന്നും ഇങ്ങോട്ട് കളിക്കാൻ വരണം.”

ഞങ്ങൾക്ക് സന്തോഷമായി.

പിന്നെ ഇടയ്ക്കിടെ ഞങ്ങളങ്ങോട്ട് പോകാൻ തുടങ്ങി. ഞങ്ങൾ നല്ല സുഹൃത്തുക്കളായി. അവർ ഞങ്ങളുടെ വീട്ടിലേക്കും വന്നു, ഉണ്ടു, കളി

ച്ചു, ഉറങ്ങി. എന്റെ ഉമ്മയും സൽമുതാത്തയും നല്ല ലോഹ്യക്കാരികളായി. അങ്ങനെ ആ ബന്ധം വളർന്നു വന്നു.

ആ സന്തോഷത്തിന്റെ ദിവസങ്ങൾക്കിടയിലാണ് വിധിയുടെ ഒരു തമാശ ആ കുടുംബത്തിന്റെ മേൽ പരീക്ഷിക്കപ്പെട്ടത്.

ഒരു ദിവസം ഗഫൂർക്ക ബുള്ളറ്റ് വേഗത്തിലോടിച്ചു പോകുമ്പോൾ ടയർ പാളി ബുള്ളറ്റ് മറിഞ്ഞ് ഗഫൂർക്കക്ക് കാലിന് സാരമായ പരുക്ക് പറ്റി. കനമുള്ള ബുള്ളറ്റിനടിയിൽപെട്ട് ചതഞ്ഞു പോയതിനാൽ വലത്തെ കാൽ പാദം മുറിച്ചു മാറ്റേണ്ടി വന്നു. പിന്നീടുള്ള ദിവസങ്ങളിൽ മരക്കാലണിഞ്ഞ് നടക്കുകയും ബൈക്കോടിക്കുകയും ചെയ്യുന്ന ഗഫൂർക്കയെ ഞങ്ങൾ കണ്ടു.

പക്ഷെ ദൈവത്തിന്റെ കുട്ടിക്കളി അവിടം കൊണ്ടും അവസാനിച്ചില്ല. കാൽപാദത്തിൽ നിന്ന് കണങ്കാലിലേക്ക് പഴുപ്പ് ബാധിച്ചതിനാൽ കുറച്ചു ദിവസത്തിനുള്ളിൽ കാൽ മുട്ടിന് താഴേവെച്ച് വീണ്ടും മുറിച്ചു മാറ്റേണ്ടി വന്നു.

ആ ദിവസങ്ങളിൽ ആ വീട്ടിൽ കളിയും ചിരിയും മാഞ്ഞുവരുന്നത് ഞങ്ങളറിഞ്ഞു. വരാനിരിക്കുന്ന ഒരു വലിയ ദുരന്തത്തിന്റെ സൂചന പോലെ ആ വീടിന്റെ അകത്തളങ്ങളിൽ മൗനം തളം കെട്ടിനിന്നു. പിന്നെ ഞങ്ങൾ അങ്ങോട്ടേക്ക് പോകാതായി.

പിന്നീട് കുറച്ചു മാസങ്ങൾ കഴിഞ്ഞപ്പോൾ പഴുപ്പ് പിന്നെയും പടർന്നു പിടിച്ചതിനാൽ ഗഫൂർക്കാന്റെ വലതുകാൽ അരയ്ക്കു താഴെ പൂർണ്ണമായും മുറിച്ചു മാറ്റിയെന്നു കേട്ടു.

ഗഫൂർക്ക കിടപ്പിലായതോടെ കുടുംബത്തിന്റെ ഏക വരുമാനം നിലച്ചു. അദ്ദേഹം നേരിട്ടുള്ള ഇടപാടുകളും അന്വേഷണങ്ങളും നിർത്തിയതോടെ ബിസിനസ്സ് പാർട്ണർമാർ നഷ്ടക്കണക്കുകൾ കാണിച്ച് കൈമലർത്താൻ തുടങ്ങി.

കാലിലെ പഴുപ്പിനൊപ്പം കടബാധ്യതയും മേൽപോട്ട് പടർന്നുകൊണ്ടിരുന്നു.

എന്നിട്ടും വിശപ്പടങ്ങാതെ വിധിയുടെ കൂർത്ത കഴുകൻ ചുണ്ടുകൾ ചത്തുചീർത്ത ശവദേഹത്തെയെന്ന പോലെ ഗഫൂർക്കാന്റെ ശരീരത്തെ കുറെശ്ശെയായി കൊത്തിത്തിന്നുകൊണ്ടിരുന്നു.

പിന്നീട് സംഭവിച്ചതെല്ലാം സിനിമാക്കഥ പോലെ തോന്നിക്കുന്ന കാര്യങ്ങളായിരുന്നു.

ഗഫൂർക്ക തന്റെ ചികിത്സയ്ക്കും മറ്റുമായി ഒരു പലിശക്കാരനിൽ

നിന്നും ഒരു വലിയ സംഖ്യ കടമെടുത്തിരുന്നു. അത് തിരിച്ചു കിട്ടാതെ വന്നപ്പോൾ ഒരു ദിവസം അയാൾ കുറേ ഗുണ്ടകളേയും കൂട്ടി വന്ന് ഗഫൂർക്കാന്റെ വീട്ടിലുള്ള സാധനങ്ങളെല്ലാം വാരിയെടുത്തുകൊണ്ട് പോയി. ഗഫൂർക്കാനെ കട്ടിലോടെ എടുത്ത് പുറത്തിട്ട് ഭാര്യയെയും മക്കളെയും പിടിച്ച് പുറത്താക്കി വീടുപൂട്ടി ചാവിയും കൊണ്ടാണവർ പോയത്. അങ്ങനെ ആ കുടുംബം അക്ഷരാർത്ഥത്തിൽ വഴിയാധാരമായി. തങ്ങളുടെ ജീവിതം കണ്ട് കൊതിപൂണ്ട് നിന്ന ജനങ്ങൾക്ക് മുന്നിൽ ഇരിക്കക്കൂര പോലുമില്ലാതെ അവർ വേരറ്റു നിന്നു.

ഒരു കാലത്ത് ആ വീടിനെ ചുറ്റിപ്പറ്റി നടന്നവരാരും പിന്നെ അങ്ങോട്ട് തിരിഞ്ഞു നോക്കിയില്ല.

“ആ... പടച്ചോനെ മറന്ന് പൊന്തത്തരം കാട്ടി നടന്നാ ഇങ്ങനിരിക്കും...”

ആ പറഞ്ഞവരിൽ ഗഫൂർക്ക പണം നൽകി സഹായിച്ചവരുണ്ടായിരുന്നു. സൽമുതാത്താന്റെ കൈകൊണ്ട് ഒരു പിടി ചോറുണ്ടവരുമുണ്ടായിരുന്നു.

സ്കൂൾ വിട്ടു വന്നപ്പോൾ വിവരമറിഞ്ഞതും ഞാൻ ഗഫൂർക്കാന്റെ വീട്ടിലേക്കോടി. പക്ഷെ അവിടെ ഗഫൂർക്ക ഉണ്ടായിരുന്നില്ല. എന്റെ ഷബീറും ഷമീറുമുണ്ടായിരുന്നില്ല. ദുരിതങ്ങളുടെ പൊക്കണവും വാരിക്കെട്ടിക്കൊണ്ട് ആ കുടുംബം എവിടേക്കോ പലായനം ചെയ്തിരുന്നു.

ആരവമൊഴിഞ്ഞ ഉത്സവപ്പറമ്പ് പോലെ ആ വീട് ഒറ്റപ്പെട്ടു നിന്നു.

പിന്നീട് ഞാനവരെപ്പറ്റി കേൾക്കുന്നത് അഞ്ചാറ് വർഷങ്ങൾക്ക് ശേഷമാണ്.

സുഖമില്ലാതെ കിടക്കുന്ന ഒരു ബന്ധുവിനെ കാണാൻ വേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് പോയി മടങ്ങി വന്ന ഉമ്മയും ഉപ്പയുമാണ് ആ കഥ പറഞ്ഞത്. അവർ അവിടെ വെച്ച് ഗഫൂർക്കാനേയും ഭാര്യയേയും കണ്ടു. അവർ ഇപ്പോൾ മെഡിക്കൽ കോളേജിനടുത്ത് ഒരു വാടക വീട്ടിൽ താമസിക്കുകയാണ്. അവിടെവെച്ച് സൽമുതാത്ത നല്ല നാടൻ ചോറും കറിയും പാകം ചെയ്ത് പൊതിച്ചോറാക്കി മെഡിക്കൽ കോളേജിൽ കൊണ്ടു വന്ന് വിൽക്കുന്നു. വീട്ടിലുണ്ടാക്കിയ ഭക്ഷണമായത് കൊണ്ട് രോഗികൾക്കും ബന്ധുക്കൾക്കും കാന്റീൻ ഭക്ഷണത്തിനേക്കാൾ പ്രിയം ആ പൊതിച്ചോറാണ്. ഇപ്പോൾ നല്ല വരുമാനമാണെന്നും യാതൊരു അലട്ടലും കൂടാതെ ജീവിച്ചുപോകുന്നു എന്നും സൽമുതാത്ത പറഞ്ഞതായി ഉമ്മ പറഞ്ഞു. ഷമീറും ഷബീറും പഠിക്കുന്നുണ്ട്.

കേട്ടപ്പോൾ സന്തോഷം തോന്നി. ആ കുടുംബത്തിന്റെ ദുർദശ നീങ്ങി ക്കിട്ടിയല്ലോ... അല്ലാഹ്ന്റെ ഖൈറ്... ഇനി ഷമീറും ഷബീറും ഒരു നില യിലെത്തിയാൽ അവർ പച്ച പിടിച്ചോളും. റബ്ബ് കാക്കട്ടെ...

മനസ്സിൽ കരടായി കിടന്നിരുന്ന ഒരു വലിയ ദു:ഖം അതോടെ നീങ്ങി ക്കിട്ടി.

പിന്നീടൊരിക്കലും അവരെ ഓർക്കാനിടയില്ലായിരുന്നു. ഇന്നിപ്പോൾ അതേ മെഡിക്കൽ കോളേജിൽ വെച്ച് ഗഫൂർക്കാനെ വീണ്ടും കണ്ടില്ലാ യിരുന്നെങ്കിൽ....

ഒരു സുഹൃത്തിന്റെ സഹോദരിക്ക് പ്രസവശസ്ത്രക്രിയ വേണമെന്ന തിനാൽ അവനാവശ്യപ്പെട്ടതനുസരിച്ച് അവൾക്ക് രക്തം നൽകാൻ വന്ന തായിരുന്നു ഞാൻ. ഇടയ്ക്കൊരു ചായ കുടിക്കണമെന്നു തോന്നിയപ്പോൾ സുഹൃത്തിനെയും കൂട്ടി പുറത്തിറങ്ങിയതാണ്. കുറച്ചപ്പുറത്ത് ഒരു കോഫി വെൻഡിംഗ് മെഷീൻ കണ്ട് അങ്ങോട്ട് ചെന്നു.

അതിനടുത്ത് രണ്ട് കാലുമില്ലാത്ത ഒരാൾ ഇരിക്കുന്നുണ്ടായിരുന്നു. ആളുകളിൽ നിന്ന് കാശ് വാങ്ങി അയാളാണ് ചായ മെഷീനിൽ നിന്ന് കപ്പുകളിലേക്ക് പകർന്ന് കൊടുക്കുന്നത്.

ഞങ്ങൾ അയാളുടെ അടുത്തെത്തിയപ്പോൾ സുഹൃത്ത് അയാൾക്ക് സലാം പറഞ്ഞു. അയാൾ പുഞ്ചിരിച്ചുകൊണ്ട് ഞങ്ങളെ സ്വീകരിച്ചു.

“രണ്ട് ചായ.” സുഹൃത്ത് പറഞ്ഞു.

അയാൾ രണ്ട് ഗ്ലാസുകളിലേക്ക് ചായ പകർന്ന് ഞങ്ങൾക്ക് തന്നു.

“ഇയാളെ അറിയ്വോ?”

സുഹൃത്ത് എന്റെ നേർക്ക് മുഖമനക്കിയിട്ട് അയാളോട് ചോദിച്ചു.

അയാൾ എന്റെ മുഖത്തേക്ക് സൂക്ഷിച്ച് നോക്കി. പിന്നെ പറഞ്ഞു

“നല്ല മുഖച്ഛായ തോന്നണ്ണ്ട്... പക്ഷെ...”

“കളത്തിലെ ബാവാക്കാന്റെ മോനാ...” സുഹൃത്ത് പറഞ്ഞു.

അയാളുടെ മുഖമൊന്ന് വികസിച്ചു. അയാൾ പെട്ടെന്നെന്നെ ചേർത്തു പിടിച്ചുകൊണ്ട് ചോദിച്ചു

“ന്റെ ബാവാന്റെ മോനാ യ്യ്...”

ഞാനാകെ അന്ധാളിച്ചു നിന്നു.

“നിനക്ക് മനസ്സിലായില്ലേ നമ്മുടെ ഗഫൂർക്കാനെ? പണ്ട് നമ്മൾ ടീവി കാണാൻ പോയിരുന്ന...”

ഒരു നിമിഷം... എനിക്കത് വിശ്വസിക്കാൻ കഴിഞ്ഞില്ല.

ഞാനയാളെ സൂക്ഷിച്ചു നോക്കി. തലയിൽ ഒറ്റ മുടി പോലുമില്ല. പ്രായം മാറാലകെട്ടിയ മുഖത്ത് കുമ്മായപ്പൊടി വിതറിയത് പോലെ വെളുത്ത ശ്മശ്രുക്കൾ. പക്ഷെ ആ മുഖം... അതെ... ഗഫൂർക്ക തന്നെ... സ്നേഹം കളം കെട്ടിയ കണ്ണുകളും മായാത്ത പുഞ്ചിരിയും പഴയതുപോലെത്തന്നെയുണ്ട്. രണ്ട് വ്യത്യാസം മാത്രം. തലയിൽ നിസ്കാരത്തൊപ്പിയും കൈയിൽ തസ്ബീഹ് മാലയും....

ആജാനുബാഹുവായി ബുള്ളറ്റിൽ സഞ്ചരിച്ചിരുന്ന ഞങ്ങളുടെ ഗഫൂർക്ക, ഇന്ന് അരയ്ക്ക് താഴെ ശൂന്യത നിറച്ചുകൊണ്ട് ചായവിൽക്കാനിരിക്കുന്നു.

ഗഫൂർക്ക എന്നോട് ഉപ്പയുടെയും ഉമ്മയുടെയും പെങ്ങളുടെയുമെല്ലാം വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. ഇടയ്ക്ക് ഞാൻ സൽമുതാത്താന്റെയും മക്കളുടെയും വിശേഷങ്ങൾ തിരക്കിയപ്പോൾ അദ്ദേഹം ഒന്നും മിണ്ടാതെ തല കുനിച്ചു നിന്നു. അപ്പോൾ എന്തോ, സുഹൃത്ത് എന്റെ കൈയിലൊന്നു തോണ്ടി.

ചായകുടിച്ചു കഴിഞ്ഞ് കാശ് കൊടുത്തപ്പോൾ അദ്ദേഹം വാങ്ങാൻ കൂട്ടാക്കിയില്ല.

“നിങ്ങളൊക്കെ എന്റെ സൊന്തം കുട്ട്യേളല്ലേ? നിങ്ങളെ കൈയീന്ന് ഞാൻ കാശ് വാങ്ങിക്കോ?”

എത്ര നിർബന്ധിച്ചിട്ടും ഗഫൂർക്ക വഴങ്ങിയില്ല. ഒടുവിൽ ഞങ്ങൾ അദ്ദേഹത്തോട് യാത്ര പറഞ്ഞു തിരികെ നടന്നു.

“മൂപ്പരുടെ ഭാര്യേം മക്കളുമൊക്കെ എവിടെ?” ഞാൻ സുഹൃത്തിനോട് ചോദിച്ചു.

അവൻ എന്നെ അമ്പരപ്പോടെ നോക്കിക്കൊണ്ട് ചോദിച്ചു.

“അപ്പൊ നിനക്കിവരുടെ കഥകളൊന്നുമറീല്ലേ?”

ഞാനവനെ മിഴിച്ചു നോക്കി. അവൻ തുടർന്നു.

“മൂപ്പരുടെ ഭാര്യ ഇവിടുത്തെ ഒരു ആംബുലൻസ് ഡ്രൈവറുടെ കൂടെ ഓടിപ്പോയി. പഴുപ്പുകേറി രണ്ട് കാലും മുറിച്ചു മാറ്റിയതോടെ അവർക്കിയാളെ വേണ്ടാതായി. അവരെ കുറ്റം പറഞ്ഞിട്ടും കാര്യമില്ല. അവർക്കിപ്പോഴും നല്ല ചോരേം നീരുള്ള പ്രായല്ലേ? അവർക്കൊത്തൊരാളെ കിട്ടിയപ്പോ അവരിങ്ങേരെ ഇട്ടേച്ചുപോയി. ഇപ്പോ ദാ ഇവിടെ ചായവിറ്റാ ഇങ്ങേര് ജീവിക്കുന്നേ...”

ഞാനാകെ സ്തംഭിച്ചു നിന്നു. അവന്റെ വാക്കുകൾ എന്റയുള്ളിൽ ചീളുകളായി വന്നു തറച്ചു.

"ആയ കാലത്ത് വെള്ളിയാഴ്ച ജുമുആക്ക് പോലും പള്ളീൽ കേറാത്ത മനുഷ്യനായിരുന്നു. ദാ ഇപ്പൊ കണ്ടില്ലേ? രണ്ടാള് പൊക്കിയെടുത്ത് കസേരയിലിരുത്തണം. എന്നാലും ബാങ്കുവിളി കേട്ടാ മുട്ടിലെഴഞ്ഞും പള്ളീലെത്തും."

"അപ്പൊ... അവരുടെ മക്കളോ?"

എന്റെ ചോദ്യത്തിലെ അതിരുവിട്ട ഉത്കണ്ഠ അവന് പിടിച്ചില്ലെന്നു തോന്നി.

"ആ..." ആ ഒരക്ഷരം മാത്രം ഉച്ചരിച്ചിട്ട് അവൻ തിരിഞ്ഞു നടന്നു.

ഞാനൊന്നും മിണ്ടാനാകാതെ അവിടെത്തന്നെ നിന്നുപോയി.

മടക്കയാത്രയിൽ ബസ്സിലിരുന്ന് ഞാൻ ആലോചിച്ചു. വരേണ്ടായിരുന്നു... ഇവിടെ വന്നതുകൊണ്ടല്ലേ ഗഫൂർക്കയെ കാണേണ്ടി വന്നത്?

ഇവിടെ വന്നില്ലായിരുന്നുവെങ്കിൽ ഗഫൂർക്കയും കുടുംബവും ഇപ്പോഴും പൊതിച്ചോറ് വിറ്റ് സുഖമായി ജീവിക്കുന്നുണ്ടാകുമെന്ന് കരുതി ആശ്വസിക്കാമായിരുന്നു. ഗഫൂർക്കയെ ഇങ്ങനെ പാതിശരീരമായി, അനാഥനായി കാണേണ്ടി വരില്ലായിരുന്നു. ഒന്നും അറിയണ്ടായിരുന്നു...

വരേണ്ടിയിരുന്നില്ല...

*(ചന്ദ്രിക, 2014)*

# മഴവീട്

തണുത്ത മഴക്കാറ്റേറ്റ് വെയിറ്റിംഗ് ഷെഡ്ഡിന്റെ ചുമരുകൾ വിറപൂണ്ടു നിന്നു. പടിയും തിണ്ണയും നനച്ചുകൊണ്ട് ഉള്ളിലേക്ക് ചാഞ്ഞുവീണ മഴത്തരികൾ ഞങ്ങളുടെ കാൽപാദങ്ങളെ സൂചിമുനകൾ പോലെ തൊട്ടു നനച്ചു.

ഷെരീഫിക്ക ഒരു ബീഡിക്ക് തീപ്പിടിപ്പിച്ചുകൊണ്ട് പറഞ്ഞു.

“പ്രവാസികൾ നാട്ടിൽ വീടുപണിക്കിറങ്ങുന്നത് കൊച്ചുകുട്ടികൾ പടം വരയ്ക്കാനിരിക്കുന്നത് പോലെയാണ്. വരച്ചു തുടങ്ങുന്നതൊരു ചിത്രവും വരച്ചു തീർക്കുന്നത് മറ്റൊന്നും...”

മഴയുടെ തണുപ്പിനൊപ്പം ബീഡിയുടെ ധൂപലഹരിയിളക്കിവിട്ട ഉൾക്കുളിര് കൊണ്ടെന്നവണ്ണം കൈകൾ ശരീരത്തിലേക്കമർത്തിവെച്ചുകൊണ്ട് ഷെരീഫിക്ക തുടർന്നു.

“ഗൾഫുകാർക്കെന്തറിയാം ഇവിടുത്തെ നാട്ടുനടപ്പുകൾ? രണ്ടോ മൂന്നോ മാസത്തെ ലീവ് തീരുന്നതിന് മുൻപ് വീടുണ്ടാക്കി പാലുകാച്ചി കുടിയിരുന്നിട്ട് പോകാം എന്ന വ്യാമോഹത്തോടെ നാട്ടിൽ വന്നിറങ്ങും. ഇവിടുത്തെ സാഹചര്യങ്ങളെന്തൊക്കെ, സാധനങ്ങളുടെ വിലനിലവാരമെന്ത്, സർക്കാർ ചട്ടവട്ടങ്ങളെന്തൊക്കെ എന്നതിനെപ്പറ്റിയൊന്നും ഒരു പിടിയുമുണ്ടാവില്ല. പോട്ടെ.. ഇപ്പൊ പണിക്കാരെ കിട്ടാൻ എന്ത് ബുദ്ധിമുട്ടാന്നറിയോ? രണ്ട് ദിവസം പണിക്ക് വന്നാൽ മൂന്നാം ദിവസം ആളെക്കാണാഞ്ഞ് നമ്മൾ അന്വേഷിച്ച് ചെല്ലണം. എന്നിട്ട് ആനയിച്ചുകൊണ്ടു വരണം...”

ഷെരീഫിക്ക പുകകലർന്ന ഒരു കഫക്കട്ട പുറത്തെ മഴച്ചാറ്റിലേക്കാഞ്ഞു തുപ്പി.

മഴവിടുന്ന മട്ടില്ല. കറണ്ടും പോയിരിക്കുന്നു. വെയിറ്റിംഗ് ഷെഡ്ഡിനെ തിർവശത്തെ പെട്ടിക്കടയിൽ ഒരു മെഴുകുതിരി കത്തുന്നുണ്ട്. അവിടെ കച്ചവടത്തിനിരിക്കുന്ന പ്രായം ചെന്ന മനുഷ്യൻ മിഠായിഭരണികളിൽ കൈയൂന്നി മഴയിലേക്ക് നോക്കിയിരിക്കുന്നത് മെഴുകുതിരിവെട്ടത്തിൽ ഒരു വിളറിയ ഛായാചിത്രം പോലെ കാണാം. തെക്കോട്ടുള്ള ബസ്സ് കാത്തുനിൽക്കുന്ന കുറച്ചാളുകൾ ആ പെട്ടിക്കടയുടെ ഇറയത്തിനുതാഴെ തണുത്തു വിറച്ചു നിൽക്കുന്നു.

എപ്പോഴും ഹിന്ദിപ്പാട്ടുകൾ ഉറക്കെ കേൾക്കാറുള്ള 'യുവചേതന' ആർട്സ് ആൻഡ് സ്പോർട്സ് ക്ളബ് നിശബ്ദമായിരുന്നു. അവിടെയും കറണ്ടില്ല. അവിടെ സദാസമയവും ഒച്ചയും ബഹളവുമായിരിക്കാറുള്ള ചെറുപ്പക്കാർ തട്ടിൻപുറത്തെ അരഭിത്തിയിലിരുന്ന് പുറത്തെ മഴ കാണുകയാണ്. ചിലരുടെ ചുണ്ടിൽ ഇടയ്ക്കിടെ സിഗരറ്റിന്റെ കനൽ മിന്നി.

ക്ളബിനു താഴെയുള്ള ഒഴിഞ്ഞ പീടികമുറികളുടെ തിണ്ണയിൽ തന്റെ മുഷിഞ്ഞ ഭാണ്ഡക്കെട്ട് തലയണയാക്കി ഒരാൾ ഉറങ്ങുന്നുണ്ടായിരുന്നു. വീശിയടിക്കുന്ന മഴത്തുള്ളികൾ അയാളുടെ കോൺക്രീറ്റ് കിടക്കയിൽ ചിത്രപ്പണികൾ നെയ്തുകൊണ്ടിരുന്നു.

"ഇതു പോലെ ഒരായിരം സ്വപ്നങ്ങളോടെ വീടുപണി തുടങ്ങിയവനാണ് ഞാൻ." മൗനത്തിന്റെ ആഴങ്ങളിൽ നിന്നും ഷെരീഫിക്കയുടെ വാക്കുകൾ മുങ്ങി നിവർന്നു. "ഗൾഫിലെ പത്ത് വർഷത്തെ സമ്പാദ്യവും ബാങ്ക്ലോണും പിന്നെക്കുറേ പാണ്ടിപ്പലിശയും... ഒക്കെ വെറുതെ... ഒരമ്മ കുഞ്ഞിനെ ഒരുക്കുന്നത്ര ശ്രദ്ധയോടെയും സൂക്ഷ്മതയോടെയുമാണ് ഞാനതിന്റെ ഓരോ അരികും മൂലയും പണിതത്."

ഷെരീഫിക്കയുടെ വിരലുകൾക്കിടയിൽ കത്തിത്തീർന്ന ജീവിതം പോലെ ബീഡിയുടെ അന്ത്യനിശ്വാസമുയർന്നു. അതിന്റെ സ്ഥാനത്ത് മുമ്പെന്നോ റോത്മാൻസ് സിഗരറ്റ് പുകഞ്ഞിരുന്ന കാഴ്ച എന്റെ കണ്ണിൽ ചിറകിട്ടടിച്ചു.

"ആദ്യത്തെ വരവിൽ തറയിട്ടു. രണ്ടാം വരവിൽ വാർപ്പിട്ടു. അടുത്ത വരവിൽ കിണറുണ്ടാക്കി. പിന്നത്തെ വരവിൽ പ്ളമ്പിംഗും വയറിംഗും തീർത്തു... ഓരോ വരവിലും വിചാരിക്കും ഇത്തവണ മുഴുവൻ പണിയും തീർക്കണം തീർക്കണം എന്ന്... പക്ഷെ..."

ഉള്ളിൽ പുകയുന്ന ആവി മുഴുവൻ ഷെരീഫിക്ക ഒരു നെടുവീർപ്പിൽ പുറന്തള്ളി.

എതിർവശത്തെ പെട്ടിക്കടയ്ക്ക് മുന്നിൽ ഇരിക്കൂരിലേക്കുള്ള ബസ്സ്

വന്നു നിന്നു. മഴ കാരണം അതിന്റെ ജനാലകൾ താർപ്പായകൊണ്ട് മൂടിയിരുന്നു. വിശന്ന കാട്ടുമൃഗത്തെപ്പോലെ അത് മുക്രയിട്ടു കൊണ്ട് നിന്നു. ഇടയ്ക്കാരോ താർപ്പായപൊക്കി പുറത്തേക്ക് ചർദ്ദിച്ചു. ഉള്ളിൽ പുകയുന്ന അസ്വസ്ഥതകളുടെ പാപരക്തം പോലെ ആ ചർദ്ദിയുടെ അവശിഷ്ടങ്ങൾ നെഞ്ചിലൊലിപ്പിച്ചുകൊണ്ട് ആ ബസ്സ് നീങ്ങിയകന്നപ്പോൾ പെട്ടിക്കടയുടെ മുൻവശം ശൂന്യമായിരുന്നു. ആ വൃദ്ധൻ മാത്രം അതേ ഇരിപ്പ് തുടർന്നു. മിഠായിഭരണികളിൽ കൈയൂന്നി... മഴയിലേക്ക് മിഴിനട്ട്...

"മുഴുവൻ പണിതീർത്ത് ഒരു ദിവസമെങ്കിലും എന്റെ വീട്ടിൽ അന്തിയുറങ്ങണമെന്ന് എനിക്കാഗ്രഹമുണ്ടായിരുന്നു. പക്ഷെ... അടുത്ത ഒന്നാം തിയതിക്ക് മുമ്പ് ഞങ്ങൾ വീടൊഴിഞ്ഞുകൊടുക്കണം. ഒന്നാം തിയതി പുതിയ താമസക്കാർ വരും." ദൈന്യത മറയ്ക്കുന്ന ഒരു പുഞ്ചിരിയോടെ ഷെരീഫിക്ക പറഞ്ഞു. "നഷ്ടക്കച്ചവടമാണ്. എങ്കിലും വേറെ നിവൃത്തിയില്ല. മോൾടെ ചികിത്സയ്ക്ക് വേറെ വഴിയില്ല..."

പീടികത്തിണ്ണയിൽ കിടക്കുന്ന മുഷിഞ്ഞ മനുഷ്യൻ ഉറക്കത്തിൽ എന്തൊക്കെയോ പുലമ്പിക്കൊണ്ട് തിരിഞ്ഞുകിടന്നു. അപ്പോൾ അയാളുടുത്തിരുന്ന കൈലിയുടെ പിൻഭാഗം നനഞ്ഞിരുന്നു.

ദൂരെ നിന്ന് ഹോണടി കേട്ടു.

"ബസ്സ് വരുന്നുണ്ട്." ഷെരീഫിക്ക ബീഡിക്കുറ്റി വലിച്ചെറിഞ്ഞുകൊണ്ടെഴുന്നേറ്റു. ഇരിക്കൂർ-കണ്ണൂർ എന്ന് ബോർഡ് വെച്ച ഒരു ബസ്സ് റോഡിലെ വെള്ളം ചീറ്റിച്ചുകൊണ്ട് സ്റ്റോപ്പിൽ വന്നു നിന്നു.

"കൊളപ്പ.. കൊളപ്പ.. ആളെറങ്ങാണ്ടോ?" ക്ളീനർ ഡോർ തുറന്നു പിടിച്ചുകൊണ്ട് ഒപ്പാരിയിട്ടു. സ്കൂൾബാഗ് തലയിൽ വെച്ചുകൊണ്ടൊരു പയ്യൻ മഴയിലേക്ക് ചാടിയിറങ്ങിയോടി. പുറകെ മഴയിലേക്ക് നിവർത്തിയ കുടയുമായി ഒരു കാരണവർ ഇറങ്ങി. മുൻവശത്തെ വാതിലിലൂടെ സാരിത്തലപ്പ് കൊണ്ട് തലമൂടിയ രണ്ട് സ്ത്രീകൾ പുറത്തിറങ്ങി വെയിറ്റിംഗ് ഷെഡ്ഡിലേക്കോടിക്കയറി.

"എന്തും ശരിക്കാലോചിച്ച് ശ്രദ്ധയോടെ ചെയ്യണം." ഷെരീഫിക്ക എന്റെ കൈ പിടിച്ചമർത്തിക്കൊണ്ട് പറഞ്ഞു. "കണ്ട എഞ്ചിനിയർമാരും കോൺട്രാക്ടർമാരും പറയുന്നത് കേട്ട് എടുത്തുചാടരുത്..."

ഞാൻ ഷെരീഫിക്കയോട് യാത്ര പറഞ്ഞ് ബസ്സിൽ കയറി. മഴമൂലം ജനലുകളും വാതിലുകളും താർപ്പായിട്ടു മൂടിയിരുന്ന ബസ്സ് ഉള്ളിൽ പുകച്ചിലുകളുടെയും പുഴുക്കങ്ങളുടെയും ഒരു ചെറിയ ഗ്യാസ് ചേംബർപോലെ നീങ്ങിത്തുടങ്ങി. അതിന്റെ തിരക്കിനുള്ളിൽ ഇരിക്കാനിടമില്ലാതെ

കമ്പിയിൽത്തൂങ്ങി നിൽക്കുമ്പോൾ സഹയാത്രികരുടെ കൂടിക്കുഴഞ്ഞ നിശ്വാസത്തിന്റെയും നനഞ്ഞ താർപ്പായയുടെയും ഗന്ധം എന്നിൽ വിമ്മിട്ടമുണ്ടാക്കി.

കഴിഞ്ഞ കുറച്ചു ദിവസമായി ഈ ദേശസഞ്ചാരം തുടങ്ങിയിട്ട്. പുതിയ വീട് പണിയാൻ തീരുമാനിച്ചത് മുതൽ. തൃശൂർ, പാലക്കാട്, കോഴിക്കോട്, കൊച്ചി.... പല സ്ഥലങ്ങളിൽ യാത്ര ചെയ്ത് പുതിയ വീടുകളുടെ മോഡലുകൾ കണ്ട് മനസ്സിലാക്കുകയാണ് ലക്ഷ്യം. അങ്ങനെ ഇന്നലെ ഇവിടെയും വന്നു. കണ്ണൂരിൽ നിന്ന് ഇരിക്കൂർ ബസ്സിൽക്കയറി കൊളപ്പയിലേക്ക് വരുമ്പോൾ ശ്രദ്ധ മുഴുവൻ പുറത്തെ പലതരം വീടുകളിലായിരുന്നു. വിവധതരം ഗേറ്റുകൾ, ബാൽക്കണികൾ, കാർപോർച്ചുകൾ, പൂന്തോട്ടങ്ങൾ....

ഇപ്പോൾ ബസ്സിന്റെ ചുറ്റുപുറവും മൂടിയിരിക്കുന്നതിനാൽ ഒന്നും കാണുന്നില്ല. പുറത്തിപ്പോഴും നല്ല മഴ തന്നെ.

തൊട്ടപ്പുറത്തെ സീറ്റിലിരുന്ന് ഒരാൾ മൊബൈൽ ഫോണിൽ ഉറക്കെ സംസാരിക്കുന്നുണ്ട്. ഏതോ ഇൻവെസ്റ്റ്മെന്റ് സ്കീമിന്റെ കൊതിപ്പിക്കുന്ന ലാഭസാധ്യതകളെപ്പറ്റി പാതി ഫോണിന്റെ മറുതലയ്ക്കലുള്ളയാൾക്കും പാതി തന്റെ സഹയാത്രികർക്കുമായി വിവരിച്ചുകൊടുക്കുകയാണയാൾ.

എനിക്കപ്പോൾ എഞ്ചിനിയർ മുഹമ്മദലിയെ ഓർമ്മ വന്നു. ആൾ എഞ്ചിനിയറൊന്നുമല്ല. പഠിപ്പും കുറവാണ്. എങ്കിലും ഗൃഹനിർമ്മാണത്തിന്റെ എല്ലാ സാങ്കേതികവശങ്ങളെക്കുറിച്ചും നല്ല പിടിപാടാണ്. എപ്പോഴും ഹാഫ്-സ്ളീവ് ഷർട്ടും കടുംനിറത്തിലുള്ള പാന്റ്സുമാണ് ധരിക്കുക. ഒരിക്കലും വാച്ച് കെട്ടിക്കണ്ടിട്ടില്ല. എങ്കിലും പറഞ്ഞാൽ പറഞ്ഞ സമയത്ത് പറഞ്ഞ സ്ഥലത്തെത്തും.

ആദ്യം ഇപ്പോഴുള്ള വീടിനോട് ചേർന്ന് ഒരു മുറികൂടി പണിയാനായിരുന്നു ഉദ്ദേശം. ഇപ്പോൾ ആകെ രണ്ട് ബെഡ്റൂമാണുള്ളത്. ഒരു മുറിയിൽ ഉപ്പയും ഉമ്മയും കിടക്കും. മറ്റൊന്നിൽ ഞാനും ഭാര്യയും. ഇടയ്ക്ക് പെങ്ങളും കുട്ടികളും വെക്കേഷനുവന്നാൽ അല്ലെങ്കിൽ വിരുന്നുകാരാരെങ്കിലും വന്നാൽ അവർക്ക് മുറിയൊഴിഞ്ഞുകൊടുത്ത് ഞാനും ഭാര്യയും മെയിൻഹാളിൽ കോസടി വിരിച്ചുകിടക്കും. അങ്ങനെയുള്ളൊരു കിടപ്പിലാണ് ഒരു പുതിയ റൂമിന്റെ ആവശ്യം ഭാര്യ പുറത്തുവിട്ടത്.

“നമുക്ക് മാത്രമായി ഒരു മുറി വേണം. ആർക്കുവേണ്ടിയും ഒഴിഞ്ഞുകൊടുക്കേണ്ടാത്ത ഒരു മുറി. ഇപ്പോൾ നമ്മൾ മാത്രമായത് കൊണ്ട് കുഴപ്പമില്ല. നാളെ കുട്ടികളൊക്കെയായിക്കഴിഞ്ഞാൽ ഈ കിടപ്പ് ശരിയാവില്ല.”

പിന്നെപ്പിന്നെ അവളുടെ മോഹം എന്റെയുള്ളിലേക്കും ചേക്കേറി. ഉമ്മയും പെങ്ങളും അതിനെ അനുകൂലിച്ചു. പക്ഷെ ഉപ്പാക്കതിൽ തീരെ താൽപര്യമുണ്ടായിരുന്നില്ല.

"മാസത്തിലൊരിക്കൽ വന്ന് രണ്ട് ദിവസം നിന്നിട്ട് പോകുന്ന പെങ്ങൾ.. പിന്നെ വല്ലപ്പോഴും ചില വിരുന്നുകാർ.. ഇതിനുവേണ്ടി ഇത്രയും രൂപ ചെലവാക്കി ഒരു റൂമിന്റെ കൂടി ആവശ്യമുണ്ടോ?" കുഴമ്പ് പുരണ്ട കൈകൾ വാതത്തിന്റെ അസ്കൃത വിങ്ങുന്ന കാലുകളിൽ അമർത്തിയുഴിഞ്ഞുകൊണ്ട് ഉപ്പ പറഞ്ഞു. "നമ്മുടെ മനസ്സാണ് നമ്മുടെ വീട്. മനസ്സൊന്ന് വിശാലമാക്കിയാൽ വീടും വലിയതായിത്തോന്നും."

പക്ഷെ മുഹമ്മദലിയുടെ വാക്ചാതുരി എന്റെ ആശയഗതിയെത്തന്നെ പുതിയൊരു ദിശയിലേക്ക് കുത്തിയിളക്കി വിട്ടു.

"ഈ വീടിനൊരു പഴയ ക്രാഫ്റ്റാണ്. ഇതിന്റെ അടിത്തറയുടെയും ചുമരിന്റെയും ബീമുകളുടെയുമൊക്കെ ഘടന വേറെയാണ്. ഇതിലിനി എങ്ങനെ പുതിയ മുറിയുണ്ടാക്കിയാലും അത് ഏച്ചുകെട്ടിയ പോലിരിക്കും. പിന്നെ.. ഈ ചുറ്റുവട്ടത്തൊക്കെ വലിയ ബഹുനിലവീടുകൾ വന്നു കഴിഞ്ഞു. അതിനു നടുവിൽ ഇങ്ങനെ ഓൾഡ് ഫേഷൻഡായ ഒരു വീട്... എന്റെ അഭിപ്രായത്തിൽ ഇത് മുഴുവനായങ്ങു തട്ടി പുതിയൊരെണ്ണം പണിയുന്നതാണ് നല്ലത്."

എന്ത് തീരുമാനിക്കണമെന്നറിയാതെ പതറിനിന്ന എന്നെ അയാൾ വാക്കുകൾകൊണ്ട് പോഷകം പകർന്ന് വീര്യനാക്കി.

"എന്താത്ര ആലോചിക്കാൻ? മണൽകടത്താൻ പോകുന്ന പിള്ളാര് വരെ സ്വന്തം വീടുണ്ടാക്കിക്കഴിഞ്ഞു.. പിന്നെ നിങ്ങൾ ഗൾഫുകാർക്കെന്തിനാ ഇത്ര ശങ്ക?"

പിന്നീടൊരു ദിവസം ഞാനാവശ്യപ്പെടാതെത്തന്നെ വീടിനൊരു പുതിയ പ്ളാനുമായിട്ടാണയാൾ വന്നത്.

"ദേ, ഇതാണ് ഫ്രണ്ട് എലവേഷൻ. ഇവിടെ ചാരുപടിയോടുകൂടിയ സിറ്റൗട്ട്. ഇതിന്റെ ഈ സൈഡിലായി കാർപോർച്ച്. അപ്സ്റ്റെയറിൽ രണ്ട് ബെഡ്റൂമിനും അറ്റാച്ച്ഡ് ബാൽക്കണി. പിന്നെ സാറ് എഴുത്തും വായനയുമൊക്കെയുള്ള ആളായത് കൊണ്ട് മുകളിൽ ഒരു സ്റ്റഡിറൂം കൂടിയാവാം. വേണമെങ്കിൽ റൂഫിൽ ചില കൺസീൽഡ് ബീമുകൾകൂടി ഉണ്ടാക്കിയിട്ടാൽ ഭാവിയിൽ വീട് ഇനിയും വലുതാക്കാം..."

ബസ്സ് ഏതോ സ്റ്റോപ്പിലെത്തിയപ്പോൾ തൊട്ടുമുന്നിലെ സീറ്റൊഴിഞ്ഞു. ആശ്വാസത്തോടെ സീറ്റിലിരുന്ന് ബാഗ് സീറ്റിനടിയിലേക്ക് നീക്കിവെച്ച്

വീണ്ടും ഓരോന്നാലോചിക്കാൻ തുടങ്ങി.

ഒരു രാത്രി പതിവുപോലെ എന്റെ നെഞ്ചോടൊട്ടിക്കിടക്കവെ ഭാര്യ അവളുടെ സ്വപ്നങ്ങൾ എനിക്ക് പങ്കിട്ടുതന്നു.

“ഏതായാലും പുതിയ വീടുണ്ടാക്കുകയല്ലേ? അപ്പൊപ്പിന്നെ വലിയ വീട് തന്നെയായിക്കോട്ടെ. മുറികൾക്കൊക്കെ നല്ല ഉയരവും വിസ്താര വുമുണ്ടായിക്കോട്ടെ. എങ്കിലേ നല്ല കാറ്റും വെളിച്ചവും കിട്ടൂ. അടുക്കള യിൽ പാത്രങ്ങൾ വെക്കാനുള്ള കബോഡ് വേണം. ടോയ്‌ലറ്റിലൊക്കെ യൂറോപ്യൻ ക്ലോസറ്റ് മതി. എല്ലാ ബെഡ്റൂമിലും അറ്റാച്ച്ഡ് ബാത്ത്റൂം വേണം. ബാൽക്കണിയിലും ചാരുപടി വേണം. അവിടെ ഇക്കാനെ മടി യിൽക്കിടത്തി പുറത്തെ മഴയുടെ ഭംഗിയാസ്വദിച്ചുകൊണ്ടിങ്ങനെ...”

ബസ്സ് നിന്നു. കണ്ണൂർ സ്റ്റാൻഡിലെത്തിയിരിക്കുന്നു. ആളുകൾ ഇറ ങ്ങിത്തുടങ്ങി. മഴ തലയറഞ്ഞു ചിരിക്കുകയാണ്. ബാഗിൽ നിന്ന് കുട യെടുത്ത് അവസാനത്തെ ആളായി ഞാനും പുറത്തിറങ്ങി. നിവർത്തിയ കുടയുടെ സുരക്ഷിതത്വത്തിലേക്ക് എന്നെയും ബാഗിനെയും ഒതുക്കി പ്പിടിച്ചുകൊണ്ട് റെയിൽവെ സ്റ്റേഷന്റെ ഭാഗത്തേക്ക് നടന്നു തുടങ്ങി.

ഇന്റർസിറ്റി എക്സ്പ്രസ്സ് പുറപ്പെടാൻ ഇനിയും പതിനഞ്ച് മിനിട്ട് കൂടി യേയുള്ളൂ. ടിക്കറ്റ് കൗണ്ടറിൽ തിരക്കുണ്ടെങ്കിൽ ആകെ കുഴയും. എന്താ യാലും ആ വണ്ടിക്ക് തന്നെ കയറണം. സന്ധ്യയ്ക്ക് മുമ്പ് വീട്ടിലെത്തി മുഹമ്മദലിയെ വിളിച്ചുവരുത്തി അനന്തര നടപടികൾ ആലോചിക്കണം. നാട് മുഴുവൻ ചുറ്റിക്കണ്ടതിൽ നിന്ന് പുതിയ വീടിന്റെ ഒരു സ്കെച്ച് മനസ്സിൽ രൂപപ്പെടുത്തിയിട്ടുണ്ട്. ഇനി വെച്ചു താമസിപ്പിക്കാതെ വീട് പണി തുടങ്ങണം...

ഗൾഫ് മാർക്കറ്റും ശരവണഭവൻ ഹോട്ടലും കടന്ന് കട്ട്പീസ് തുണി കളും വ്യാജ സീഡുകളും നിരത്തിയ സ്റ്റാളുകൾക്ക് മുന്നിലൂടെ റെയിൽ വെ സ്റ്റേഷനിലേക്കുള്ള വളവ് തിരിഞ്ഞു. പൊതിരെ വീഴുന്ന മഴത്തുള്ള ളികൾ കുടയ്ക്കുമേൽ തമ്പേറ് കൊട്ടി.

അപ്പോഴാണ് ഞാൻ ആ കാഴ്ച്ച കണ്ടത്. റെയിൽവെ സ്റ്റേഷനോടൊട്ടി നിൽക്കുന്ന പുറമ്പോക്ക് ഭൂമിയിലേക്ക് പ്രവേശിക്കുന്നിടത്ത്, ഒരു ചെറിയ കോൺക്രീറ്റ് പാലവും കലുങ്കും നിൽക്കുന്നതിനപ്പുറം... ഒരാൾ കുട പിടിച്ചു നിൽക്കുന്നു. പക്ഷെ... അയാൾ കുട പിടിച്ചിരിക്കുന്നത് തന്റെ തലയ്ക്ക് മീതെയല്ല. കുട മുൻവശത്തേക്ക് കുത്തനെ നിവർത്തിപ്പിടിച്ച് അയാൾ മഴ കൊണ്ട് നിൽക്കുന്നു. എനിക്കാകെ കൗതുകം തോന്നി.

അയാളുടെ ആ നിൽപ്പിന്റെ പൊരുളെന്തെന്നറിയാനുള്ള ആകാംക്ഷ

യോടെ ഞാൻ മുമ്പോട്ട് നടന്നു. ആ പാലത്തിലേക്ക് കയറും തോറും അയാളെ എനിക്ക് മുഴുവനായി കാണാൻ തുടങ്ങി. ഒരു നിറം മങ്ങിയ ബനിയനും മുഷിഞ്ഞ കൈലിയുമാണയാളുടുത്തിരിക്കുന്നത്. കനത്ത കാറ്റിനും മഴയ്ക്കും നടുവിൽ ആ മൊട്ടപ്പറമ്പിൽ അയാൾ ശൂന്യതയിലേക്ക് കുട നിവർത്തി നിൽക്കുകയാണ്...

അല്ല.. അയാളവിടെ ഒറ്റയ്ക്കല്ല. അയാളുടെ മുന്നിൽ ആരോ പുറംതിരിഞ്ഞിരിക്കുന്നുണ്ട്. ഞാൻ സൂക്ഷിച്ചു നോക്കി. ഒരു സ്ത്രീയാണ്.. പിഞ്ഞിപ്പഴകിയ സാരിയും മഴക്കാറ്റിൽ പാറിപ്പറന്ന മുടിയുമായി ഒരു സ്ത്രീ... അയാളുടെ ഭാര്യയായിരിക്കും.. അവർക്കാണോ അയാൾ കുട പിടിച്ചുകൊടുക്കുന്നത്?

അല്ല.. എനിക്ക് പിന്നെയും തെറ്റി. കുട വിരിഞ്ഞുനിൽക്കുന്നത് അവർക്ക് മീതെയുമല്ല. അവരും നന്നായി മഴ നനയുന്നുണ്ട്. പിന്നെ ആർക്കു വേണ്ടിയാണയാൾ കുട നിവർത്തിപ്പിടിച്ചിരിക്കുന്നത്? ഈ കൊടുംമഴയത്ത് അവരെന്താണവിടെ ചെയ്യുന്നത്?

ഞാൻ അടങ്ങാത്ത ജിജ്ഞാസയോടെ അവരുടെ അടുത്തെത്തി. തൊട്ടടുത്തെത്തിയപ്പോഴാണ് എന്റെ കണ്ണിൽ ആ കാഴ്ചയുടെ വെളിപാട് തെളിഞ്ഞത്.

അവർക്ക് മുന്നിൽ കല്ലുകൊണ്ടുള്ളൊരു കൊച്ചു അടുപ്പ്. അതിൻമേൽ ഒരു കലത്തിൽ എന്തോ വേവുന്നുണ്ട്. കഞ്ഞിയാണ്... അതിന്റെ മീതെയാണ് അയാൾ കുട വിരിച്ചു പിടിച്ചിരിക്കുന്നത്. തകർത്ത് വീശുന്ന കാറ്റിൽ തീ കെട്ടുപോകാതിരിക്കാൻ ആ സ്ത്രീ ഇടയ്ക്കിടെ ഊതുകയും സാരിയുടെ മുന്താണികൊണ്ട് മറ പിടിക്കുകയും ചെയ്യുന്നു. കുട പിടിക്കുന്ന മനുഷ്യൻ കൈ കഴയ്ക്കുമ്പോൾ ശ്രദ്ധയോടെ, കഞ്ഞിക്കലത്തിലേക്ക് ഒരു മഴത്തുള്ളി പോലും വീഴ്ത്താതെ കുട മാറ്റിപ്പിടിക്കുന്നു.

നോക്കി നിൽക്കവെ എന്റെയുള്ളിലും എന്തൊക്കെയോ വെന്തുതിളയ്ക്കുന്നതായി തോന്നി. ചുട്ടുപൊള്ളുന്നൊരു നീരാവി എന്നിൽ നിന്ന് പുറംചാടി. അത് മഴയുടെ തണുപ്പിൽ കലർന്ന് അസുഖകരമായ കാലാവസ്ഥാവ്യതിയാനങ്ങൾ സൃഷ്ടിച്ചു. ആർത്തലയ്ക്കുന്ന മഴയുടെ ക്ഷുബിതയൗവ്വനം എന്റെയുള്ളിലേക്കിരമ്പിക്കയറി. നെഞ്ചിനുള്ളിൽ വേദനയുടെ ചുഴിയും മലരിയും നുരയിട്ടുപൊന്തി. അറിയാതെ കണ്ണിലെ ജലവിതാനമുയർന്നു.

അപ്പുറത്തെവിടെയോ ഒരു ട്രെയിനിന്റെ ചൂളംവിളി കേട്ടു.

മടക്കയാത്രയിൽ ആ കുട ഒരു ചോദ്യചിഹ്നം പോലെ എന്റെ ചിന്തക

ളിൽ വിടർന്നു നിന്നു. ചുണ്ടിൽ വേദനയുടെ ബീഡിക്കനലുമായി ഷെരീഫിക്ക എന്നെ നോക്കിച്ചിരിച്ചു. പീടികത്തിണ്ണയിൽ കിടക്കുന്ന ഭ്രാന്തൻ എനിക്കെതിരെ പുലഭ്യത്തിന്റെ മുഷിഞ്ഞ ഭാണ്ഡമഴിച്ചു...

അന്നു രാത്രി ഉറക്കം വരാതെ കിടക്കുമ്പോൾ സഹധർമ്മിണി എന്റെ നെഞ്ചിൽ മുഖമമർത്തിക്കൊണ്ട് ചോദിച്ചു.

"പോയേടത്തെ വീടുകളൊക്കെ കണ്ടോ?"

"ഉം..."

"വീടിന്റെ പ്ലാനുറപ്പിച്ചോ?"

"ഉം..."

"ഉടനെ പണി തുടങ്ങില്ലേ?"

"ഉം..."

അവൾ എന്നെ ഒന്നുകൂടി വരിഞ്ഞു മുറുക്കിക്കൊണ്ട് പറഞ്ഞു

"നിലത്തൊക്കെ മാർബിൾ പതിക്കണം. അടുക്കളയിലും ബാത്ത്റൂമിലും സെറാമിക് ടൈൽസ്.. വിസിറ്റേഴ്സ് റൂമിലും മെയിൻഹാളിലും ഭംഗിയുള്ള പെയിന്റിംഗ്സും ഫ്ളവർ സ്റ്റാൻഡുകളും വെക്കണം. വീടിനു മുന്നിൽ നല്ലൊരു ഗാർഡൻ വേണം. ഗേറ്റ് ആർച്ച് മോഡലാക്കാം. എന്നിട്ട്... നമ്മുടെ വീടിന് ഒരു നല്ല പേരിടണം. എന്ത് പേരിടും...?"

ഞാൻ പതുക്കെ ഉറക്കത്തിന്റെ ചതുപ്പിലേക്ക് താഴുമ്പോഴും അവളുടെ വാക്കുകൾ അകലെ ആകാശത്തിൽ ഒരു മോഹപ്പക്ഷിയുടെ ചിറകടി പോലെ എന്റെ കാതിൽ കിരുകിരുത്തു കൊണ്ടിരുന്നു.

ആ ഉറക്കത്തിൽ ഞാൻ ആ മഴവീട് സ്വപ്നം കണ്ടു. ആർത്തിരമ്പുന്ന മഴയിൽ മുന്നിലേക്ക് നിവർത്തിപ്പിടിച്ച കുടയുമായി ഞാൻ നനഞ്ഞു നിൽക്കുന്നു. എനിക്ക് മുന്നിൽ അടുപ്പൂതിത്തളർന്ന മുഖവും കലങ്ങിയ കണ്ണുകളുമായി അവൾ... ഞങ്ങൾക്ക് മുന്നിൽ അടുപ്പിലെരിയുന്ന കഞ്ഞിക്കലത്തിൽ സ്വപ്നങ്ങൾ വെട്ടിത്തിളച്ചു...

*(വനിത, 2011)*

# സത്യവിശ്വാസികൾ

**എ**ന്റെ ഒരു പരിചയക്കാരന്റെ വീട്ടിലെ ഒരു ചടങ്ങിൽ പങ്കെടുക്കാനെത്തിയതായിരുന്നു ഞാൻ. അദ്ദേഹവും കുടുംബവും വരുന്നയാഴ്ച ഹജ്ജിന് പോവുകയാണ്. അതിനോടനുബന്ധിച്ച് നാട്ടുകാർക്കും ബന്ധുമിത്രാദികൾക്കുമായി ഒരു പാർട്ടി ഒരുക്കിയിരിക്കുകയാണ് അദ്ദേഹം.

മടക്കം സുനിശ്ചിതമല്ലാത്ത ആ യാത്രയ്ക്ക് മുമ്പായി വേണ്ടപ്പെട്ടവരെ അവസാനമായൊന്നു സൽക്കരിക്കാനും, അറിഞ്ഞോ അറിയാതെയോ ചെറുതും വലുതുമായ തെറ്റുകൾ ചെയ്ത് പോയവരോട് മാപ്പിരന്ന് അവരുടെ പൊരുത്തം നേടാനും, എല്ലാവരോടും യാത്ര ചോദിക്കാനും ഉദ്ദേശിച്ചുള്ള ഒരു ചടങ്ങാണിത്. പൊതുവിൽ 'ഹജ്ജ് പാർട്ടി' എന്നറിയപ്പെടും.

എന്നാലിന്ന് പലരും ഈ ചടങ്ങുകൊണ്ട് ലക്ഷ്യമിടുന്നത് താനൊരു ഹാജിയാകാൻ പോകുന്നു എന്ന വിളംബരപ്പെടുത്തൽ മാത്രമാണ്.

അത് പോട്ടെ... നമുക്ക് വിഷയത്തിലേക്ക് വരാം.

ഈ വ്യക്തിയുമായി എനിക്കത്ര വലിയ അടുപ്പമൊന്നുമില്ല. എങ്കിലും അയാൾ വീട്ടിൽ വന്ന് ക്ഷണിച്ചപ്പോൾ വരാമെന്നേറ്റു പോയി. അയാൾ ഒരു പുണ്യ കർമ്മത്തിനാണ് പോകുന്നതെന്നത് കൊണ്ടും പോകാതിരുന്നാൽ അതൊരു എഴുത്തുകാരന്റെ അഹങ്കാരമായി അയാൾ കരുതിയേക്കാമെന്നത് കൊണ്ടും ഞാൻ പോകാൻ തന്നെ തീരുമാനിച്ചു. വൈകുന്നേരമാണ് വിരുന്ന്.

പുഴയ്ക്ക് സമാന്തരമായി നീളുന്ന റെയിൽപാളത്തിനടുത്താണ് അയാളുടെ വീട്.

തോണിയിൽ കടത്തുകടന്ന് റെയിൽപാളത്തിനരികിലൂടെ അയാളുടെ

വീട്ടിലേക്ക് നടക്കുമ്പോൾ റെയിൽപാളത്തിനോട് ചേർന്ന പുറമ്പോക്ക് ഭൂമിയിൽ കുറേ നാടോടികൾ തമ്പടിച്ചിരിക്കുന്നത് കണ്ടു. കീറത്തുണി കൊണ്ടും തുരുമ്പെടുത്ത തകരം കൊണ്ടും കുത്തിമറച്ചുണ്ടാക്കിയ താല്ക്കാലിക കുടിയിരിപ്പുകൾക്ക് മുന്നിൽ മുഷിഞ്ഞ വസ്ത്രങ്ങളിൽ അതിലും മുഷിഞ്ഞ അസ്തിത്വവും പേറി നിൽക്കുന്ന കുറേ മനുഷ്യജന്തുക്കൾ... വിശന്ന് കരയുന്ന നാണം മറയ്ക്കാത്ത നാല് ചാവാലിക്കുട്ടികൾ, അവരെ ഏറ്റവും പുളിച്ച ഭാഷയിൽ തെറിവിളിച്ചുകൊണ്ട് എന്തൊക്കെയോ അടുപ്പത്തിട്ടിളക്കുന്ന രണ്ട് പെണ്ണുങ്ങൾ, അതൊന്നും ഗൗനിക്കാതെ ബീഡിക്കുറ്റികൊണ്ട് പല്ലിട ചൊറിഞ്ഞുകൊണ്ട് റെയിൽപാളത്തിനരികിൽ മുണ്ടും മാടി കുന്തിച്ചിരുന്ന് വിസർജ്ജിക്കുന്ന അവരുടെ കുടുംബനാഥൻ...

ഞാൻ മുഖം തിരിച്ച് വേഗത്തിൽ മുമ്പോട്ട് നടന്നു.

നല്ല വലിയ വീടായിരുന്നു അയാളുടേത്. അയാളൊരു ഗൾഫുകാരനാണ്. വീടിന് മുന്നിൽ വലിയ പന്തലൊക്കെ കെട്ടിയിട്ടുണ്ട്. കുറേ കസേരകളും കൊണ്ടുവന്ന് നിരത്തിയിരിക്കുന്നു. കോമ്പൗണ്ടിനുള്ളിൽ കുറേ കാറുകളും ബൈക്കുകളും നിൽക്കുന്നുണ്ട്. വലിയ പരിപാടിയാണെന്ന് തോന്നുന്നു...

പന്തലിലേക്ക് പ്രവേശിച്ചതും ഗൃഹനാഥൻ എഴുന്നേറ്റു വന്ന് എന്നെ സ്വീകരിച്ചുകൊണ്ട് പോയി വീട്ടുകാരെ മുഴുവൻ പരിചയപ്പെടുത്തി.

"അറിയില്ലേ? ഈ കഥയൊക്കെയെഴുതുന്ന..."

അയാളുടെ ഭാര്യ എനിക്ക് ചില്ലു ഗ്ളാസിൽ ആപ്പിൾ ജ്യൂസ് കൊണ്ട് വന്നു തന്നു. ഞാനവർക്ക് നന്ദി പറഞ്ഞുകൊണ്ട് അത് വാങ്ങിക്കുടിച്ചു.

എല്ലാവർക്കും ശുഭയാത്ര ആശംസിച്ചുകൊണ്ട് ഉടനേ അവിടെ നിന്നിറങ്ങണമെന്ന് കരുതിയെങ്കിലും അവർ സമ്മതിച്ചില്ല.

"ഭക്ഷണം കഴിച്ചിട്ട് പോയാൽ മതി." അയാളുടെ ഉമ്മ നിർബന്ധം പറഞ്ഞു. അവരും മകനോടൊപ്പം ഹജ്ജിന് പോകുന്നുണ്ട്.

എനിക്ക് സമ്മതിക്കേണ്ടി വന്നു. ഞാൻ പുറത്തേക്കിറങ്ങി. ഉമ്മറത്തും മുറ്റത്തെ പന്തലിലും ഇരിന്നിരുന്നവർ പരിചയഭാവത്തിൽ ചിരിച്ചു. എല്ലാവർക്കും അതേ പോലൊരു ചിരി മടക്കിയ ശേഷം ഞാൻ അവിടെയൊക്കെ വെറുതെ ചുറ്റി നടന്നു.

ഭക്ഷണം വിളമ്പാനുള്ള സ്ഥലത്ത് കുറേ ചെറുപ്പക്കാർ ചേർന്ന് മേശകളും കസേരകളും നിരത്തുന്നതേയുള്ളൂ. അതിനുമപ്പുറം തുണികെട്ടി മറച്ച വെപ്പുപുരയിൽ നിന്ന് അടുപ്പിലെ പുകയും, ദമ്മിട്ട് വേവാറായ കോഴി

ബിരിയാണിയുടെ മണവും പൊങ്ങിവന്നുകൊണ്ടിരുന്നു.

ഞാൻ പുറത്തിറങ്ങി ഒരൊഴിഞ്ഞ ഭാഗം തിരഞ്ഞ്, ഒടുവിൽ ആ കോമ്പൗണ്ടിന്റെ പടിഞ്ഞാറെ മതിലിനരികിൽ ഒരൽപം ഏകാന്തത എന്നെ കൈമാടി വിളിക്കുന്നത് കണ്ട് അങ്ങോട്ട് നടന്നു. പിന്നെ വെറുതെ ചുറ്റുപാടും നിരീക്ഷിച്ചുകൊണ്ട് അവിടെ നിന്നു.

അത്യാവശ്യം വലിയ കോമ്പൗണ്ടാണ്. അത് ആളുയരത്തിൽ മതിലുകെട്ടി ഭദ്രപ്പെടുത്തിയിരിക്കുന്നു. ഒരു ഷെഡ്ഡിനുള്ളിൽ ഒരു ചുവന്ന ട്രാക്ടർ നിൽക്കുന്നുണ്ട്. ഇയാൾക്ക് അത്യാവശ്യം ഭൂസ്വത്തും കൃഷിയും ഉണ്ടെന്ന് തോന്നുന്നു.

ആ കോമ്പൗണ്ടിനപ്പുറം അരയേക്കറോളം നീണ്ട പാടമാണ്. അവിടെ ഇപ്പോൾ കൃഷിയൊന്നും കാണുന്നില്ല. വെറുതെ മഴപെയ്ത് വെള്ളം മൂടിക്കിടക്കുന്നു. പാടത്തിനപ്പുറം ഒരു കുന്നാണ്. പകുതി കടിച്ചുവെച്ച ചുവന്ന ഹൽവത്തുണ്ട് പോലെ അത് അസ്തമയത്തിലേക്ക് നീങ്ങുന്ന സൂര്യന്റെ പീതരശ്മിയേറ്റ് കിടന്നു. കുന്നിന് മുകളിലും വീടുകളുണ്ട്. മെയിൻ റോഡിൽ നിന്ന് കുന്നിന് മുകളിലേക്ക് വളഞ്ഞു പോകുന്ന ചരൽ റോഡിലൂടെ ഒരു ടിപ്പർ ലോറി നിരങ്ങി നീങ്ങുന്നു.

ഇടയ്ക്കൊന്ന് നോട്ടം തിരിച്ചപ്പോഴാണ് ഞാൻ ആ കാഴ്ച കണ്ടത്. പാടത്തിനും കുന്നിനുമിടയിൽ ഒരിത്തിരിക്കണ്ടം സ്ഥലത്ത് ഒരു കൊച്ചു വീട്. വീടെന്ന് പറഞ്ഞാൽ നിലം പൊത്താറായ ഒരു പഴഞ്ചൻ കൂര. അതിന് മുന്നിൽ ഉടുപ്പിടാത്ത മൂന്ന് കുട്ടികൾ മണ്ണിൽ കിടന്നു കളിക്കുന്നു. ഇടയ്ക്കവർ വഴക്കടിച്ചു കരയുന്നു. അപ്പോൾ അകത്ത് നിന്നൊരു സ്ത്രീശബ്ദം അവരെ ശകാരിക്കുന്നു.

എനിക്കാ കാഴ്ചയിൽ കൗതുകം തോന്നി. പ്രശാന്ത സുന്ദരമായ ഒരു ചുറ്റുപാടിൽ കിളിക്കൂട് പോലുള്ളൊരു വീടും അവിടെ വികൃതികളായ കുറേ കുട്ടികളും അവരുടെ അമ്മയും. അവരുടെ അച്ഛനെവിടെ?

“എന്താ പ്രകൃതി ഭംഗീം ആസ്വദിച്ച് നിക്കാ...” ശബ്ദം കേട്ട് ഞാൻ തിരിഞ്ഞു നോക്കി. മരമില്ല് മമ്മാലിയാണ്. എന്റെയൊരു പഴയ സഹപാഠിയാണ്. ഇപ്പോൾ ഉപ്പാന്റെ തടിക്കച്ചവടം നോക്കി നടത്തുന്നു. കൂടാതെ അത്യാവശ്യം ഭൂമിക്കച്ചവടവും മണൽ കടത്തുമുണ്ട്. “പുതിയ വല്ല കഥയോ കവിത്യോ ഊറിക്കൂടി വര്ന്നുണ്ടോ മനസ്സില്?”

ഞാൻ വെറുതെയൊന്നു ചിരിച്ചു. അവന്റെ കൂടെ മറ്റൊരാൾ കൂടിയുണ്ട്. രണ്ടാളും എനിക്ക് കൈതന്നു. ഞാനവരുടെ കൈ പിടിച്ചു കുലുക്കിയിട്ട് പ്രത്യേകിച്ചൊന്നും ചോദിക്കാനോ പറയാനോ ഇല്ലാതെ ശങ്കിച്ചു

നിന്നു.

സൽക്കാര വീട്ടിലേക്ക് കൂടുതൽ വാഹനങ്ങളും ആളുകളും വന്നു കൊണ്ടിരുന്നു. വിവിധയിനം വാഹനങ്ങൾ ആ മുറ്റത്ത് തിക്കുമുട്ടിത്തുടങ്ങി. സ്വിഫ്റ്റിലും, ഫിയസ്റ്റയിലും, ബീറ്റിലുമെല്ലാം വന്നിറങ്ങുന്ന വമ്പന്മാരായ അതിഥികൾ. അവരെയെല്ലാം കൈകൊടുത്തും ആശ്ളേഷിച്ചും സ്വീകരിച്ചാനയിച്ചുകൊണ്ട് പോകുന്ന ഗൃഹനാഥൻ...

മമ്മാലിയും സുഹൃത്തും ഓരോ സിഗരറ്റെടുത്ത് ചുണ്ടിൽ വെച്ച് കത്തിച്ചു. എനിക്കൊരെണ്ണം നീട്ടിയത് ഞാൻ നിരസിച്ചു.

മമ്മാലി ഒരു ചിമ്മിനിക്കൂട് പോലെ വായിലൂടെയും മൂക്കിലൂടെയും പുകതള്ളിക്കൊണ്ട് എന്നോടൊരോ പഴയ ഓർമ്മകൾ ഓക്കാനിക്കാൻ തുടങ്ങി. ഉള്ളിലെ അസഹ്യത പുറത്ത് കാണിക്കാതെ ഞാനെല്ലാറ്റിനും തലയാട്ടിക്കൊണ്ട് ഒരു രക്ഷാവാതിൽ തുറക്കപ്പെടുന്നതും കാത്ത് നിന്നു.

അപ്പോഴാണ് ആ കൊച്ചുവീട്ടിൽ നിന്നൊരു ബഹളം കേട്ടത്.

ഒരാൺകുട്ടിയും പെൺകുട്ടിയും തമ്മിൽ വഴക്ക് കൂടുകയാണ്. രണ്ടാളും പരസ്പരം മാന്തിപ്പറിച്ച് മണ്ണിലും ചെളിയിലും കിടന്നുരുണ്ടു പിടിക്കുന്നു. അവരേക്കാളൊക്കെ ഇളപ്പമുള്ള മറ്റൊരാൺ കുട്ടി അടുത്ത് നിന്ന് അവരുടെ വഴക്കു കണ്ട് കൈകൊട്ടിച്ചിരിക്കുന്നു.

ബഹളം കേട്ട് കൂരയ്ക്കുള്ളിൽ നിന്ന് അവരുടെ അമ്മ ചെറിയൊരു പത്തലുമായി വന്ന് രണ്ടാളെയും കണക്കിന് വീക്കി. അതോടെ ചെറുതും വലുതുമായ മൂന്നെണ്ണവും കരഞ്ഞു വിളിച്ചുകൊണ്ട് പലവഴിക്ക് ചിതറിയോടി.

“നാശം പിടിച്ചതുങ്ങള്... സൈ്വര്യം തരാത്ത നശൂലങ്ങള്...” അടിക്കുന്നതിനിടയിൽ അവർ ആ കുട്ടികളെ ഉറക്കെ പ്രാകിക്കൊണ്ടിരുന്നു.

“അമ്മേ... ഞാനല്ല... അവനാ എന്റെ പഴം തട്ടിപ്പറിച്ചത്...” പെൺകുട്ടി പരാതിപ്പെട്ടു.

“ഞാ ചോയ്ച്ചിട്ട് തരാഞ്ഞിട്ടല്ലേ?” ആൺകുട്ടി സ്വപക്ഷം ന്യായീകരിച്ചു.

“പണ്ടാരങ്ങളുടെ ഒരു മുടിഞ്ഞ തീറ്റപ്പ്രാന്ത്... ഇനി എന്റെ ശവം കൂടി തിന്ന് തീർക്ക്...”

ആ സ്ത്രീ തലയിൽ കൈ വെച്ചുകൊണ്ട് കലിപ്പെട്ടു.

ഒരു നരച്ച ബ്ളൗസും പിഞ്ഞിത്തുടങ്ങിയ നാടൻ മുണ്ടുമായിരുന്നു അവരുടെ വേഷം.

അവർ ദേഷ്യത്തോടെ ചെറിയ കുട്ടിയെയും വലിച്ചിഴച്ചുകൊണ്ട് കിണറ്റിൻകരയിലേക്ക് നീങ്ങി.

പെട്ടെന്ന് കാറ്റിൽ വെന്ത ഇറച്ചിയുടെയും ചൂടുള്ള ബിരിയാണിയുടെയും മണം പരന്നു. ബിരിയാണി ദം പൊട്ടിച്ചതാവണം.

ആ മണം മൂക്കിലടിച്ചിട്ടോ എന്തോ തല്ല് കൊണ്ട് ഓരോ മൂലയിൽ നിന്ന് കരയുകയായിരുന്ന ആൺകുട്ടിയും പെൺകുട്ടിയും അതിരിനടുത്തേക്ക് വന്ന് സൽക്കാരപ്പന്തലിന് നേർക്ക് നോക്കിക്കൊണ്ട് നിലയുറപ്പിച്ചു. നടുക്ക് പാടവും വെള്ളവുമുള്ളത് കൊണ്ട് മാത്രം അവർ കൂടുതൽ മുമ്പോട്ട് വന്നില്ല.

സൽക്കാരപ്പുരയിലേക്ക് വന്നുകയറുന്ന മോടിയിൽ വസ്ത്രം ധരിച്ച അതിഥികളെയും അവർ വന്നിറങ്ങിയ വിലകൂടിയ കാറുകളെയും കൗതുകത്തോടെ നോക്കിക്കൊണ്ട് ആ കുട്ടികൾ നിന്നു. അവരുടെ അമ്മ ഇളയകുട്ടിയെ കുളിപ്പിച്ച് തോർത്തിക്കൊടുത്തുകൊണ്ട് അടുത്ത കുട്ടിയുടെ പേര് വിളിക്കാൻ തുടങ്ങി. പക്ഷെ കുട്ടികൾ അത് കേട്ടതായിപ്പോലും തോന്നിയില്ല. എന്നാൽ ആ സ്ത്രീ ഒരിക്കൽ പോലും സൽക്കാരപ്പന്തലിന് നേർക്ക് നോക്കുകയുണ്ടായില്ല.

നാലഞ്ച് പേർ ചേർന്ന് ദം പൊട്ടിച്ച ബിരിയാണിച്ചെമ്പ് താങ്ങിപ്പിടിച്ചുകൊണ്ട് വെപ്പുപുരയിൽ നിന്ന് പന്തലിനകത്തേക്ക് കൊണ്ട് പോയി. പുറകെ ഒരു വലിയ കുട്ട നിറയെ പൊരിച്ച കോഴിക്കഷ്ണങ്ങളും ചുമന്നുകൊണ്ട് രണ്ട് പേർ...

അൽപസമയത്തിനുള്ളിൽ പന്തലിനുള്ളിൽ വിളമ്പലിന്റയും നിരത്തിലിന്റെയും കോലാഹലം തുടങ്ങി.

“ആ... പോന്നോട്ടെ... എല്ലാരേം ഭക്ഷണത്തിന് വിളിച്ചോളീൻ... എല്ലാരും ഇരുന്നോളീൻ...” ആരോ ഉറക്കെ വിളിച്ചു പറഞ്ഞു.

അത് കേൾക്കേണ്ട താമസം പന്തലിന്റെ പുറത്ത് അവിടവിടെയായി വർത്തമാനിച്ചും പുകവിട്ടും മറ്റും നിന്നിരുന്ന ആളുകൾ ധൃതിയിൽ കൈകഴുകി പന്തലിനകത്തേക്ക് കയറി. മമ്മാലിയും സിഗരറ്റ് കുറ്റി ദൂരെക്കളഞ്ഞ് “വാ കഴിക്കാം” എന്നെനിക്കൊരു നിർദ്ദേവും തന്ന് കൈകഴുകുന്നിടത്തേക്ക് നീങ്ങി.

ഞാൻ വീണ്ടും ആ വീടിന് നേർക്ക് നോക്കി. ആ പെൺകുട്ടിയും ചെക്കനും ഇപ്പോഴും ഇങ്ങോട്ട് തന്നെ നോക്കി നിൽക്കുകയാണ്.

ഇപ്പുറത്തെ വിരുന്നുവട്ടത്തിന്റെ ഗന്ധശലാകകൾ കാറ്റിലൂടെയും കാഴ്ചയിലൂടെയും കടന്നു ചെന്ന് അവരുടെ വിശന്നൊട്ടിയ വയറുകളെ

കുത്തിമുറിപ്പെടുത്തുന്നത് ഞാനറിഞ്ഞു.

അപ്പോൾ അവരുടെ അമ്മ അങ്ങോട്ടേക്ക് വന്നു.

“ഇവിടെ വായും നോക്കി നിക്കാതെ ഇങ്ങോട്ടുവാ പിള്ളാരേ...”

അവർ ആ പെൺകുട്ടിയുടെ കൈയിൽ പിടിച്ചുവലിച്ചുകൊണ്ട് പറഞ്ഞു.

“അമ്മേ... ബിരിയാണി...” രണ്ട് കുട്ടികളിൽ ആരാണത് പറഞ്ഞതെന്നറിയില്ല.

“ഹും ബിരിയാണി. മണം പിടിച്ച് വയറ് നെറച്ചോ...”

അവർ ആ പെൺകുട്ടിയെയും വലിച്ചിഴച്ചുകൊണ്ട് പോയി.

ആ ചെറുക്കൻ മാത്രം ചുക്കാമണിയും ഞരടിക്കൊണ്ട് അവിടെത്തന്നെ നിന്നു. വിരുന്ന് ഭവനത്തിലേക്കും നോക്കിക്കൊണ്ട്...

ആരാണവർ? ഇത്രയും അടുത്ത അയൽവാസികളായിട്ടും ആ സ്ത്രീയും കുട്ടികളും ഈ വിരുന്നിൽ കൂടാൻ വരാത്തതെന്ത്?

എനിക്കൊരു പിടിയും കിട്ടിയില്ല.

“ആ മാഷിവിടെ നിക്ക്യാണോ?” ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ വരും കാലത്ത് ഹാജിയെന്ന് വിളിക്കപ്പെടാൻ പോകുന്ന എന്റെ ആതിഥേയനാണ്. “കൈ കഴുകി വാ മാഷേ... ഭക്ഷണം കഴിക്കണ്ടേ?”

അയാളെന്നെ ഉപചാരപൂർവ്വം സൽക്കരിച്ചു. പക്ഷെ ഞാനയാളെ അടുത്തേക്ക് വിളിച്ച് ആ കൊച്ചുവീടിനു നേർക്ക് കൈ ചൂണ്ടിക്കൊണ്ട് ചോദിച്ചു.

“ആരാണാ വീട്ടിൽ താമസിക്കുന്നത്?”

“ആ...” അയാൾ നിസ്സംഗതയോടെ പറഞ്ഞു. “കെട്ട്യോൻ ചത്ത ഏതോ ചെട്ടിച്ചീം മക്കളുമാ... ഞങ്ങളങ്ങോട്ടൊന്നും ശ്രദ്ധിക്കാറില്ല. ഇടയ്ക്ക് ഉപ്പും മൊളകൊക്കെ ചോദിച്ച് വരും. ഞങ്ങളങ്ങനെ കൊടുക്കാറില്ല...”

“അവരെന്താ വരാത്തത്?”

“അതിനവരെ വിളിച്ചിട്ടില്ലല്ലോ...”

“ഇത്രയടുത്ത് കിടക്കുന്ന അയൽവാസികളായിട്ടും എന്തേ അവരെ വിളിക്കാതിരുന്നത്?” എനിക്ക് ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല.

“അതിനവര് നമ്മുടെ ഖൗമല്ലല്ലോ...”

ആ മറുപടി എന്നെ അദ്ഭുതപ്പെടുത്തി.

“മാഷ് വന്നാട്ടെ...” അയാളെന്നെ കൈ പിടിച്ചുകൊണ്ട് അകത്തേക്ക് നയിച്ചു.

ഞാനൊരു വട്ടം കൂടി തിരിഞ്ഞു നോക്കി. അവൻ അവിടെത്തന്നെ യുണ്ട്!!

വിരുന്നുമേശയിൽ എനിക്ക് മുന്നിൽ നിരന്ന കൊതിയൂറുന്ന വിഭവ ങ്ങളിൽ പലതും ഞാനാദ്യമായി കാണുകയായിരുന്നു. വെജിറ്റബിൾ സലാ ഡിൽ തുടങ്ങി ബിരിയാണിക്കും കോഴിപൊരിച്ചതിനും പുറമെ ആമൂസ്, കുബ്ബുസ്, അലീസ്, മയോണീസ്, പൊറോട്ട, പത്തിരി..... പിന്നെ ഫ്രൂട്ട് സലാഡും...

“കഴിക്കീൻ മാഷെ...” ആതിഥേയൻ പ്രത്യകിച്ചെന്റെ അനുവാദം ചോദി ക്കാതെ തന്നെ എന്റെ പാത്രത്തിലേക്ക് ഓരോ ഭക്ഷ്യസാധനങ്ങൾ വാരി യിട്ടു.

പക്ഷെ എനിക്ക് ഒന്നും കഴിക്കാൻ കഴിഞ്ഞില്ല. എന്റെ മനസ്സ് മറ്റെവി ടെയോ ആയിരുന്നു...

“പാളത്തിനപ്പുറത്ത് കുറേ അണ്ണാച്ചികള് വന്ന് കൂടിയിട്ടുണ്ടല്ലോ?”

എനിക്കെതിർവശത്തിരുന്നയാൾ ആതിഥേയനോട് ചോദിച്ചു.

“ആ... അതേ.. രണ്ടീസായി അവടെ കാണ്ണൂ...”

“സൂക്ഷിക്കണം. ഒക്കെ കള്ളപ്പരിഷകളാ. ഇങ്ങോട്ടൊന്നും അടുപ്പി ക്കേണ്ട.” അയാൾ കോഴിക്കാൽ കടിച്ചുപറിച്ചുകൊണ്ട് പറഞ്ഞു.

“ഹേയ് ഇല്ലയില്ല...”

ഞാൻ പെട്ടെന്നു തന്നെ ഭക്ഷണം മതിയാക്കി എഴുന്നേറ്റു.

“കുറച്ചുകൂടി കഴിക്ക് മാഷേ...”

“വേണ്ട.”

അളവിൽ കവിഞ്ഞ സ്നേഹപ്രകടനങ്ങൾ നിരസിച്ചുകൊണ്ട് ഞാനെ ഴുന്നേറ്റ് കൈ കഴുകി.

ഇറങ്ങാൻ നേരത്ത് ഞാൻ ആതിഥേയനോട് യാത്ര പറയാൻ വേണ്ടി ചെന്നു. അയാൾ എന്റെ കൈ പിടിച്ച് കുലുക്കിക്കൊണ്ട് പറഞ്ഞു

“ഇന്നിവിടെയൊരു മൗലൂദുണ്ട്. അതൂടി കഴിഞ്ഞിട്ട് പോയാപ്പോരേ മാഷേ? ഒറ്റയ്ക്കുള്ള പ്രാർത്ഥനകളെക്കാൾ കൂട്ടമായുള്ള പ്രാർത്ഥനക ളാണ് അല്ലാഹുവിങ്കൽ ഏറ്റവും പ്രിയങ്കരമെന്ന് ഹദീസിൽ പറഞ്ഞിട്ടു ണ്ടല്ലോ?”

അതിന് മറുപടിയായി എന്റെയുള്ളിലെ സകല പുകച്ചിലുകളും പുഞ്ചി

രിയിൽ പൊതിഞ്ഞ വാക്കുകളിലൊളിപ്പിച്ചുകൊണ്ട് ഞാൻ പറഞ്ഞു.

“അത് മാത്രമല്ല സുഹൃത്തെ. അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറ് നിറച്ചുണ്ണുന്നവൻ എന്റെ സമുദായത്തിൽ പെട്ടവനല്ല എന്നും ഹദീസിൽ പറഞ്ഞിട്ടുണ്ട്. അത് ഏത് ഖൗമായാലും...”

അതിന്റെ പൊരുൾ അയാൾക്ക് മനസ്സിലായോ എന്തോ? ഞാൻ സലാം പറഞ്ഞ് പടിയിറങ്ങി.

അപ്പോഴേക്കും നന്നായി ഇരുട്ടിയിരുന്നു.

റെയിൽപാളത്തിനരികിലൂടെ തിരികെ നടക്കുമ്പോൾ വിളക്കണഞ്ഞ നാടോടിക്കൂടാരത്തിൽ നിന്ന് ഒരു പിഞ്ചുകുഞ്ഞിന്റെ വിശന്ന നിലവിളി ഞാൻ കേട്ടു.

അതിനെ കടന്ന് ഞാൻ മുമ്പോട്ട് നീങ്ങവേ വിരുന്ന് ഭവനത്തിൽ നിന്ന് മൗലൂദിന്റെ ഭക്തിസാന്ദ്രമായ സ്വരസംഘാതങ്ങൾ പുറത്തെ കാറ്റിന്റെ അടരുകളിലേക്ക് ഉയർന്നു പൊങ്ങി.

*(ദേശാഭിമാനി, 2014)*

# തിരശ്ശീലയ്ക്ക് പിന്നിൽ...

"All the world's a stage,
And all the men & women merely players;
They have there exits and their entrances,
And one man in his time plays many parts."

**- William Shakespeare**

**രംഗം 1**

"**ഹാ!** ആരിത്... മാഷോ? ചായയെടുക്കട്ടെ?"

ഇറയത്ത് തല മുട്ടാതിരിക്കാൻ അൽപം കുനിഞ്ഞു കയറി വന്ന പൗലോസ് മാഷിനോട് മരക്കാർക്ക ലോഹ്യത്തോടെ ചോദിച്ചു.

നനഞ്ഞ തോർത്ത് കൊണ്ട് ചുറ്റിപ്പിടിച്ച പുട്ടുകുറ്റിയിൽ നിന്ന് ആവി പറക്കുന്ന പുട്ടു കഷ്ണങ്ങൾ ഒരു വലിയ വട്ടപ്പാത്രത്തിലേക്ക് കുത്തിയിടുകയായിരുന്നു അയാൾ.

"വേണ്ട. ഞാനൊരു സിഗരറ്റ് കത്തിക്കാൻ കയറിയതാ."

മാഷ് കൈയിലെ ലെതർബാഗ് കക്ഷത്തിലൊതുക്കിയിട്ട് തിളയ്ക്കുന്ന സമോവറിന്റെ അടിയിലൂടെ തലനീട്ടുന്ന നാളങ്ങളിൽനിന്ന് ഒരു സിഗരറ്റിന് തീപിടിപ്പിച്ചു.

"എങ്ങോട്ടാ മാഷേ ഇത്ര ധിറുതീല്...?"

കാതിലൂടെയും മൂക്കിലൂടെയും പുകവിട്ടുകൊണ്ട് ഒരു ആവിയെഞ്ചിൻ

കണക്കെ പുറത്തോട്ടു കുതിച്ച മാഷിനോട് മരക്കാർക്ക തിരക്കി.

"പരുത്തിക്കുന്നേൽക്ക്. ഇന്നല്ലേ ബാവാജീടെ വീടിന്റെ കുടിയിരിക്കൽ? നിങ്ങള് വരുന്നില്ലേ?"

"ഊം..." മരക്കാർക്ക ഒന്നമർത്തി മൂളി.

ആവിയെഞ്ചിൻ ഇടവഴിയിലൂടെ പരുത്തിക്കുന്ന് സ്റ്റേഷൻ ലക്ഷ്യമാക്കി നീങ്ങി. അതേ പീടികത്തിണ്ണയിൽ കുത്തിയിരുന്ന് തെറുപ്പുബീഡി വലിക്കുകയായിരുന്ന മന്തൻ അബൂബക്കർ പുച്ഛവും അസൂയയും കലർന്ന ഒരു സമ്മിശ്രഭാവത്തിൽ മാഷിന്റെ പോക്ക് നോക്കിയിരുന്നു. നിമിഷകവിയും ചരിത്രകാരനുമായ ആനപ്പടി ഗോവിന്ദൻ ഇതിലൊന്നും ശ്രദ്ധിക്കാതെ പത്രവായനയിൽ മുഴുകിയിരുന്നു. ഒരു മുഷിഞ്ഞ ഭാണ്ഡം പോലെ മേശമേൽ കിടന്ന അയാളുടെ നിറം മങ്ങിയ തോൾസഞ്ചിയിൽ ദേശത്തിന്റെ ചരിത്രം ആറിത്തണുത്ത് കിടന്നു.

മരക്കാർക്ക പുട്ടുകഷ്ണങ്ങൾ നിറച്ച വട്ടപ്പത്രം ഒരു വലിയ തുണി കൊണ്ട് മൂടിയിട്ടു. ശേഷം കടല വേവുന്ന കലത്തിന്റെ മൂടി തുറന്ന് രണ്ട് വട്ടം കയിലിട്ടിളക്കി. പിന്നെ പപ്പടം കാച്ചാനുള്ള വെളിച്ചെണ്ണയും ചീനച്ചട്ടിയും ഒരുക്കി വെച്ചു.

"ഇതൊക്കെ തിന്നാൻ ഇന്നാരെങ്കിലും വര്വോ മരക്കാർക്ക? കാശ് മുടക്കി വല്ലോം വാങ്ങിക്കഴിക്കണവരൊക്കെ ഇന്ന് പരുത്തിക്കുന്നേലാവൂല്ലേ? അവിടെയിന്ന് തീറ്റയുടെ പൂരമല്ലേ?" രാഷ്ട്രീയക്കാരനും സാമൂഹ്യസേവകനുമായ സഖാവ് ലോനപ്പൻ ചായമൊത്തിക്കൊണ്ട് ചോദിച്ചു. "നാല് തരം ബിരിയാണിയുണ്ടെന്നാ കേട്ടത്. കോഴീം, ആടും, മീനും പിന്നെ വെജിറ്റബിളും. ബിരിയാണി പിടിക്കാത്തവർക്ക് നാടൻ സദ്യേണ്ട്. പിന്നെ ഇനി ഒരാഴ്ചത്തേക്ക് ഇവിടാർക്കും മീൻ കിട്ടൂല്ല. മീനായമീനെല്ലാം വീപ്പക്കണക്കിന് പരുത്തിക്കുന്നേലെത്തിയിട്ടുണ്ട്. ഇപ്പൊ കടല് കാലിയായിക്കാണും. ഇതൊന്നും പോരാഞ്ഞ് ടൗണിലെ ഹൈമ ഹോട്ടലില് മൂവായിരം പൊറോട്ടയ്ക്കാണ് ഓർഡറ്..."

"പൊറോട്ട ഞാനുണ്ടാക്കിത്താരാന്ന് അവിടുത്തെ കാര്യസ്ഥൻ ആലിക്കുട്ടിയോട് പറഞ്ഞതാ. അയാള് ഹാജ്യാരോട് പറഞ്ഞ് നോക്ക്യെങ്കിലും സംഗതി നടന്നില്ല. ഹാജ്യാര്ടെ മക്കക്ക് ഹൈമേലെ പൊറോട്ട തന്നെ വേണോല... നമ്മള പൊറോട്ടക്ക് പവറ് പോറേർക്കും..." മരക്കാർക്ക കെറുവോടെ പറഞ്ഞു.

ഇടവഴിയിലൂടെ ആരൊക്കെയോ സംസാരിച്ചുകൊണ്ട് നടന്നു പോയി. പരുത്തിക്കുന്നേലോട്ടായിരിക്കും.

ബീഡിപ്പുകയിൽ ലയിച്ച് ഗഹനമായ ചിന്തയിലാണ്ടിരുന്ന അബൂബക്കറിന്റെ മുന്നിൽ ഒരു വാൻ വന്നുനിന്നു. അതിന്റെ വെളുത്ത വയറിൽ ഈജിപ്ഷ്യൻ പിരമിഡിനെ ഓർമിപ്പിക്കുന്ന ഏഷ്യാനെറ്റിന്റെ ലോഗൊ ഉണ്ടായിരുന്നു.

“ഈ കോട്ടൺഹിൽ പാലസെവിടെയാ?” ഡ്രൈവിംഗ് സീറ്റിലിരുന്നയാൾ തല പുറത്തേക്കിട്ടുകൊണ്ട് ചോദിച്ചു.

“എന്തോന്ന്?” അബൂബക്കർ അയാളെ മിഴിച്ചു നോക്കി.

“കോട്ടൺഹിൽ.” അയാൾ ആവർത്തിച്ചു.

“ദേ ആ വഴി...” നിമിഷകവി ഗോവിന്ദൻ പത്രത്തിൽ നിന്ന് തലയുയർത്തി വലത്തോട്ട് കൈ ചൂണ്ടി. “നേരെ പോയാ മതി.”

മെയിൻ റോഡിൽ നിന്ന് തന്റെ പുതിയ ബംഗ്ളാവിലേക്ക് ബാവഹാജി പ്രത്യേകം പണിതീർത്ത ഇന്റർലോക്ക് പതിച്ച റോഡിലൂടെ ആ വാൻ നീങ്ങിയകലുന്നത് നോക്കി നിന്നിട്ട് മരക്കാർക്ക ഒരാത്മഗതം പോലെ പറഞ്ഞു.

“ഇതെത്രാമത്തെ ചാനലുകാരാ?”

“വരും മരക്കാർക്ക വരും.” നിമിഷകവി പത്രം മടക്കിക്കൊണ്ട് പറഞ്ഞു. “കേരളം കണ്ട ഏറ്റവും വലിയ വീടിന്റെ... അല്ല.. കൊട്ടാരത്തിന്റെ ഉദ്ഘാടന മഹാമഹമല്ലേ ഇന്ന്. കേരളം മൊത്തം ഇളകി വരും.. ചാനലുകാര് മാത്രല്ല. പത്രങ്ങളൊക്കെ ഇന്ന് പ്രത്യേക സപ്ളിമെന്റെറക്കീറ്റുണ്ട്...”

“അല്ല... ആ വണ്ടിക്കാരനിവനോടെന്താ ചോദിച്ചത്?”

“കോട്ടൺഹിൽ പാലസ്. കോട്ടൺന്ന് വെച്ചാ പരുത്തി, ഹില്ല്ന്ന് പറഞ്ഞാ കുന്ന്, പാലസ് എന്നാൽ കൊട്ടാരം. പരുത്തിക്കുന്നൻ ഹാജീടെ പുതിയ കൊട്ടാരത്തിലേക്കുള്ള വഴി ചോദിച്ചതാ അയാൾ...”

“ഹല്ല. അതൊരു കൊട്ടാരം തന്നേണ്.” മരക്കാർക്ക ചീനച്ചട്ടിയിൽ വെളിച്ചെണ്ണ ഒഴിച്ചുകൊണ്ട് പറഞ്ഞു. “എന്താ അയിന്റെ വീതീം വലുപ്പോം! എത്ര മുറികളാ അയിനകത്ത്! അതൊരു ദുനിയാവന്നേണ്.”

അബൂബക്കർ നിരത്തിലൂടെ കോട്ടൺ ഹിൽ പാലസ് ലക്ഷ്യമാക്കി നീങ്ങുന്ന വാഹനങ്ങളുടെ കണക്കെടുത്തുകൊണ്ടിരുന്നു.

“ആവാല്ലോ. കാശുള്ളവനെന്തുമാവാല്ലോ. ആറാൺമക്കളല്ലേ ഗൾഫില്. ഒരു മോള് കോഴിക്കോട്ട് ഡോക്ടറാ. ഇളയമോള് സിവിലെഞ്ചിനീയറും. നാനാവഴിക്ക് കാശ് വന്നു കേറ്വല്ലേ?” സഖാവ് ലോനപ്പൻ ഒരു ബീഡിയെടുത്ത് ചുണ്ടിൽ വെച്ചു.

“അല്ല അവോക്കരേ... ഇയ്യ് പോണില്ലേ?” മരക്കാർക്കയാണത് ചോദിച്ചത്.

“ഇല്ല.” അബൂബക്കർ ബീഡിക്കുറ്റിയുടെ പിൻഭാഗം കൊണ്ട് പല്ലിട ചൊറിഞ്ഞുകൊണ്ട് പറഞ്ഞു.

“അതെന്താ അന്നെ വിളിച്ചില്ലേനി?”

“ഹാര്? അതുപിന്നെ കുടീരിക്കലായാലും നോമ്പ്തൊറക്കലായാലും വല്യോന്റെ വീട്ടിലെ ചോറ് വല്യോന്ക്കല്ലേ കിട്ടൂ...” അബൂബക്കർ ബീഡിക്കുറ്റി പകയോടെ ദൂരേക്കെറിഞ്ഞുകൊണ്ട് പറഞ്ഞു.

“ഇത് അനീതിയാണ്.” പെട്ടെന്ന് സഖാവ് ലോനപ്പൻ ക്ഷുഭിതനായെഴുന്നേറ്റു. അദൃശ്യമായ ഒരു മൈക്ക് തനിക്ക് മുന്നിലുണ്ടെന്ന മട്ടിൽ അയാൾ വാക്കുളികൾ പായിച്ചു. “സമകാലിക ഇന്ത്യയുടെ ഏറ്റവും മ്ളേച്ഛവും ദുഃഖകരവുമായ മുഖമാണിത്. സാമ്പത്തിക ധ്രുവീകരണത്തിന്റെയും സാംസ്കാരിക ശിഥിലീകരണത്തിന്റെയും ദുരന്തപൂർണ്ണമായ മുഖം... ഒരു വലിയ ജനവിഭാഗം ഇവിടെ പട്ടിണിയിലും വറുതിയിലും കിടന്ന് കഷ്ടപ്പെടുമ്പോൾ ഒരു ചെറിയ വിഭാഗം ആളുകൾ രാജ്യത്തിന്റെ സമ്പത്ത് മുഴുവൻ പങ്കിട്ടെടുത്ത് പണക്കൊഴുപ്പ് കാട്ടി തിമർക്കുന്നു. ഇതിനെല്ലാം ദൈവം ചോദിക്കും.”

“ആര് ചോദിക്കും? ദൈവോ? സഖാവിന് ദൈവത്തിലും വിശ്വാസമുണ്ടോ?” ഗോവിന്ദൻ ഇടയ്ക്ക് കയറി സഖാവിന്റെ മർമ്മത്തിൽ പിടിച്ചു.

“അല്ല... അത്... ജനങ്ങൾ ചോദിക്കണമെന്നാണ് ഞാൻ പറയാനുദ്ദേശിച്ചത്...” സഖാവ് പതുക്കെ തടിതപ്പി.

റോഡിലൂടെ മൂന്നാലു പേർ വരുന്നുണ്ട്. അത് ഗംഗാധരപ്പണിക്കരും കളത്തിൽ തേനുക്കുട്ടിയും എരിഞ്ഞിക്കാട്ട് മാനുവുമാണ്.

“എവടെക്കാണാവോ?” സഖാവ് വിളിച്ചുചോദിച്ചു.

“അതെന്ത് ചോദ്യാ സഖാവേ? ഇന്നെല്ലാരും എവടയ്ക്യാ പുവ്വാ?” ഗംഗാധരപ്പണിക്കർ വായിലെ മുറുക്കാൻ ആരാന്റെ മതിലിലേക്ക് തുപ്പിക്കൊണ്ട് ചോദിച്ചു.

“ങ്ങള് ബര്ന്നില്ലേ?” ആ ചോദിച്ചത് കളത്തിൽ തേനുക്കുട്ടിയാണ്.

“ആ... ആ...” സഖാവ് പത്രം വായിക്കാനെന്ന പോലെ തിരിഞ്ഞിരുന്നു.

തേനുക്കുട്ടിയും സംഘവും നടന്നു നീങ്ങി.

“കാലത്തുതൊട്ട് എന്തോരം ആൾക്കാരാ അങ്ങട് പോണത്! എത്ര വണ്ടികളാ! വയി പറഞ്ഞുകൊടുത്ത് ഞാൻ കൊയഞ്ഞു. കായ്ചക്കാര്,

ബാന്റ് മേളക്കാര്, കോയിവണ്ടിക്കാര്, വെടിക്കെട്ടുകാര്...” മരക്കാർക്ക തന്റെ വാക്കുകൾക്കൊപ്പം പപ്പടം ഓരോന്നായി തിളച്ച വെളിച്ചെണ്ണയിലേക്കിട്ടു.

“വെടിക്കെട്ടുകാരോ?” നിമിഷകവി അദ്ഭുതം കൂറി.

“ആ... ഉദ്ഘാടനം കയിഞ്ഞിട്ട് ഒരു ഗംഭീര വെടിമരുന്ന് പ്രയോഗണ്ട്. തൃശൂർന്നാ വെടിക്കാര്. അത് കാങ്ങാനല്ലേ ഇക്കണ്ട ആൾക്കാരും ടീവിക്കാരൊക്കെ ക്യാമറേം കുന്തോം പിടിച്ചു കാത്തു നിക്കണേ...”

വെളിച്ചെണ്ണയിൽ പൊരിഞ്ഞ പപ്പടങ്ങൾ അയാൾ കമ്പിയിൽ കോർത്തെടുത്തു കൊട്ടയിലേക്ക് ഉരിഞ്ഞിട്ടു.

**രംഗം 2**

ബാവഹാജിയുടെ വീടിന് പടിഞ്ഞാറ് ഭാഗത്തുള്ള ചെറിയ മൊട്ടക്കുന്ന്. അതിനു മുകളിൽ നാല് ചെറുപ്പക്കാർ കോട്ടൺ ഹിൽ പാലസിനു നേർക്ക് ദൃഷ്ടിയുറപ്പിച്ചുകൊണ്ട് നിരന്നിരിക്കുന്നു. അവർ വെടിക്കെട്ട് കാണാനിരിക്കുന്നവരാണ്. അവർക്കാർക്കും അങ്ങോട്ടേക്ക് ക്ഷണമില്ല.

ഒരാൾ ബൈനോക്കുലറിലൂടെ ഉദ്ഘാടനസ്ഥലത്ത് നടക്കുന്ന കാര്യങ്ങൾ നിരീക്ഷിച്ചുകൊണ്ട് കൂട്ടുകാർക്ക് വേണ്ടി റണ്ണിംഗ് കമന്ററി നടത്തുകയാണ്.

“ദേ... പൊതുമരാമത്ത് മന്ത്രിയെത്തി. കൂടെ അവുള്ളക്കുട്ടി എം.എൽ. എയുമുണ്ട്. ഹാജ്യാരുടെ രണ്ടാമത്തെ മകൻ ഇറങ്ങിവന്ന് അവരെ സ്വീകരിച്ചുകൊണ്ട് പോകുന്നു...”

“എന്തിനാടാ നമ്മളിത്ര ബുദ്ധിമുട്ടുന്നത്. സിറ്റി ചാനലില് ലൈവായിട്ട് കാണിക്കുന്നുണ്ട്. നമുക്ക് സുഖായി വീട്ടിലിരുന്ന് കണ്ടൂടേ?”

“നമ്മളതിന് ഉദ്ഘാടനം കാണാനല്ലല്ലോ... വെടിക്കെട്ട് കാണാനല്ലേ വന്നിരിക്കണത്?”

“വെടിക്കെട്ടും കാണാലോ ടീവീല്?”

“വെടിക്കെട്ട് ടീവീക്കാണാനൊരു ഗുമ്മില്യ. ഇവടിരുന്നാ ദേ.. നമ്മടെ തലയ്ക്ക് മോളീ വന്ന് കൊടവിരിയും...”

“മാത്രല്ല.. ഈ നേരത്ത് സീരിയലും റിയാലിറ്റി ഷോയുമൊക്കെ കഴിഞ്ഞ്  ടീവി നമുക്കൊന്നൊഴിഞ്ഞു കിട്ടിയിട്ട് വേണ്ടേ? അതൊക്കെ കഴീമ്പളയ്ക്കും അച്ഛൻ വാർത്ത കാണാനിരിക്കും.”

“ദേടാ. സിനിമാ നടൻ ഉദയ് രാജ്.” ബൈനോക്കുലർ കമന്ററിക്കാരൻ ഉറക്കെ വിളിച്ചു പറഞ്ഞു.

അത് കേട്ടതും എല്ലാവരും ചകിതരായി ചാടിയെഴുന്നേറ്റ് അവനെ പൊതിഞ്ഞു.

“വരുംന്ന് കേട്ടിരുന്നു. ഹാജ്യാരുടെ ഇളയമോന്റെ ക്ളാസ്മേറ്റാത്രെ പുള്ളി. ഇങ്ങു താ. ഞാനൊന്നു കാണട്ടെ...”

അവർ ഓരോരുത്തരായി ബൈനോക്കുലർ വാങ്ങി ഉദയ് രാജിനെ ലക്ഷ്യമാക്കി സൂം ചെയ്തു.

**രംഗം 3**

ബാവഹാജിയുടെ വീടിന് കിഴക്ക് ഭാഗത്തുള്ള പാടവരമ്പിലൂടെ മൂന്നു പേർ ധൃതിപ്പെട്ട് നടന്നുവരുന്നു. അമ്പലക്കമ്മിറ്റി പ്രസിഡണ്ട് കാവുമ്പാട്ട് വേലായുധനും വാർഡ് മെമ്പർ ഹംസക്കോയയും ഗൾഫ് റിട്ടേൺ കുന്നത്ത് ബീരാനും. അവർ എവിടേക്കാണ് പോകുന്നത് എന്നത് ചിന്ത്യ മാണ്.

“അല്ല കോയക്കാ...” ബീരാൻ ചോദിച്ചു. “ഈ ഉദ്ഘാടനം ഏതാണ്ട് അഞ്ചെട്ട് മാസം മുന്നേ നടക്കേണ്ടതല്ലായിരുന്നോ? പിന്നെന്തേ ഇത്രേം വൈകേൃത്?”

“അതൊരു വല്യ കഥയാ...” ഹംസക്കോയ മുരടൊന്നനക്കി കണ്ഠ ശുദ്ധി വരുത്തിയിട്ട് പറഞ്ഞു. “കാര്യം വല്യ കായിക്കാരനോക്ക്യാണെ ങ്കിലും എടയ്ക്ക് ബാവാജിക്കൊന്ന് ആട്ടംമുട്ടിപ്പോയി. അമേരിക്കേല് സാമ്പത്തിക പ്രതിസന്ധി വന്നപ്പൊ ഗൾഫിലുണ്ടായിരുന്ന രണ്ടാൺമ ക്കള ജോലി പോയി. പിന്നെ രണ്ടാൾക്ക് ശമ്പളം വെട്ടിക്കൊറച്ച്. അത് ഹാജ്യാരുടെ പൊരപ്പണീനെ ബാധിച്ച്...”

“അതെങ്ങന്യാടോ അമേരിക്കേല് സാമ്പത്തിക പ്രതിസന്ധിയുണ്ടാ വുമ്പൊ ഇവിടേള്ള ഹാജ്യാര്ടെ വീടുപണി മൊടങ്ങണത്?” വേലായു ധൻ ചോദിച്ചു.

“അത് പിന്നേ... ഒരാനയൊന്ന് അലറുമ്പളേക്കും ഒരുൽസവപ്പറമ്പൊ ന്നാകെ കിടുങ്ങിപ്പോണില്ലേ? ഏതാണ്ടതു പോലെത്തന്നെ. അതാ അമേ രിക്കേന്റെ ഒരു പവറ്...”

“ന്നിട്ട്...”

“ന്നിട്ടെന്താ? വീട് പണി തൊടങ്ങേം ചെയ്തു. ന്നാ പണി തീർക്കാ നൊട്ട് മാർഗ്ഗോല്യ. ഹാജ്ജ്യാർക്കാകെ പേക്രാണം പുടിച്ച്...”

“അതങ്ങനെ വേണം. ഹാജ്യാരുടെ ഏട്ടൻ ബാപ്പുണ്ണി ഹാജി പലവട്ടം പറഞ്ഞതാ പൈസ വെറുതെ ധൂർത്തടിക്കരുതെന്ന്. അപ്പൊ കേട്ടില്ല. നാട്ടാര്ടെ മുമ്പില് പവറ്ക്കാൻ നോക്ക്യേതല്ലേ?”

“അത് പിന്നെ ബാപ്പുണ്ണ്യാജിയല്ലേ ഇന്നാട്ടിലെ വല്യ പൈസക്കാരൻ? മൂപ്പര്ടെ സഹായം കൊണ്ടാ അനിയൻ ബാവാജീന്റെ മൂത്തമോൻ ഗൾഫിലെത്തിയത്. ഓന്റെ തലവര തെളിഞ്ഞപ്പൊ ഓൻ താഴള്ളോലേം അങ്ങട് കൊണ്ടോയി. കൈയില് കൊറേ കായി വന്ന് കൂടിയപ്പൊ ബാവാജി ആളാകെ മാറി. ബാപ്പുണ്ണ്യാജിക്കായിരുന്നല്ലോ പള്ളീലും കുടുമ്മത്തിലുമൊക്കെ കാരണസ്ഥാനം? അങ്ങനൊരു രണ്ടാം കൂറ്റുകാരനാവാൻ ബാവാജിക്ക് ഇഷ്ടണ്ടായിര്ന്നില്ല. പിന്നെ പൈസോണ്ടും സൊത്തോണ്ടും ബാപ്പുണ്ണ്യാജീനെ പിന്തള്ളാനുള്ള കളിയൊക്കെ മൂപ്പര് കളിച്ച്. ഏട്ടന്റെ കാല് വാരി പള്ളിക്കമ്മിറ്റി പ്രസിഡണ്ട് സ്ഥാനം വരെ സൊന്താക്കി. ബാപ്പുണ്ണ്യാജി ആയതും പറഞ്ഞു നോക്കി. ആര് കേക്കാൻ? ബാവാജീന്റെ കളീലെ ഏറ്റോം പൊന്തം വിട്ട കളിയായിര്ന്ന് ഈ വീടുണ്ടാക്കല്...”

“പിന്നെയീ നിന്നുപോയ വീടു പണിയെങ്ങനാ തീർന്നത്?”

“അതല്ലേ രസം. വേറെ നിമർത്തീല്ലാന്നായപ്പൊ ബാവാജി ഏട്ടൻ ബാപ്പുണ്ണ്യാജീനെ ചെന്നു കണ്ട് സങ്കടം പറഞ്ഞ്. എത്രായാലും ചോര ഒന്നല്ലേ? ബാപ്പുണ്ണ്യാജി പൈസ കൊടുത്ത് സഹായിച്ചു കാണും.”

“അതെങ്ങന്യാ മെമ്പറേ, മൂപ്പരെ തോപ്പിക്കാനും കാല് വാരി നിലത്തിടാനും നടന്ന ഒരാളെ, അതാരോ ആവട്ടെ, ബാപ്പുണ്ണ്യാജി പിന്നേം പൈസ കൊടുത്ത് സഹായിക്ക്യാ?”

“ഹാ. അയിനെന്തെങ്കിലും കാരണണ്ടാവുന്നേ...”

അപ്പോഴക്കും അവർ കോട്ടൺഹിൽ പാലസിനോടടുത്ത് കഴിഞ്ഞിരുന്നു.

**രംഗം 4**

കോട്ടൺഹിൽ പാലസിന്റെ മുൻവശം. വിശാലമായ പന്തൽ. വേണമെങ്കിൽ അതിനകത്ത് ഒരു സെവൻസ് ഫുട്ബോൾ ടൂർണ്ണമെന്റ് നടത്താം. ഇന്റർലോക്ക് പതിച്ച വഴി നീളെ അലങ്കാരങ്ങളും കൊടിതോരണങ്ങളും. വഴിയിലൂടെ നിരയായി വരുന്ന വാഹനങ്ങൾക്കിടയിലൂടെ നൂണ്ട് കയറി വരുന്ന കാൽനടക്കാർ.

ക്യാമറ റെഡി... റോളിംഗ്... സ്റ്റാർട്ട്...

ക്യാമറക്കണ്ണിൽ കൈയിൽ മൈക്കുമായി, ഇറുകിയ വേഷമിട്ട് നിൽക്കുന്ന അവതാരക. പുറകിൽ തങ്ങളുടെ മുഖം ക്യാമറയിൽ പതിയുന്നതിന്റെ നാണം തേമ്പിയ മുഖവുമായി മൂന്നാല് ചെറുപ്പക്കാർ.

അവതാരക ആംഗലച്ചുവ കലർന്ന മലയാളത്തിൽ (ഈ അവതാരകയ്ക്ക് ഒരു ദിവസത്തിന് അയ്യായിരം രൂപയാണ് ശമ്പളം) സംസാരിച്ചു

തുടങ്ങി.

"ഇത് മലയാളികൾക്ക് അഭിമാന നിമിഷമാണ്. കേരളത്തിലെ ഏറ്റവും വലിയ മണിമാളികയുടെ, ഏറ്റവും ചെലവേറിയ രമ്യ ഹർമ്മ്യത്തിന്റെ ഗൃഹപ്രവേശമാണിന്നിവിടെ നടക്കാൻ പോകുന്നത്. കൃത്യമായ ഉയരവും വലിപ്പവും വെളിപ്പെടുത്തിയിട്ടില്ലാത്ത, നിർമ്മാണച്ചെലവിന്റെ കൃത്യമായ കണക്കുകൾ പുറത്തുവിട്ടിട്ടില്ലാത്ത ഈ മണിമന്ദിരത്തിന്റെ ഉദ്ഘാടന മഹാമഹത്തിന് സാക്ഷ്യം വഹിക്കാൻ പതിനായിരക്കണക്കിനാളുകളാണ് ഇവിടെ തടിച്ചു കൂടിയിരിക്കുന്നത്. ഈ മുഹൂർത്തത്തെ തങ്ങളുടെ മഹനീയ സാന്നിധ്യം കൊണ്ട് ധന്യമാക്കാൻ പല വിശിഷ്ടവ്യക്തികളും ഇവിടെ സന്നിഹിതരായിട്ടുണ്ട്. ഏതാനും നിമിഷങ്ങൾക്കുള്ളിൽ കഴിഞ്ഞ രണ്ട് വർഷമായി ലോകമെമ്പാടുമുള്ള മലയാളികൾ ആകാംക്ഷാപൂർവ്വം ഉറ്റുനോക്കിക്കൊണ്ടിരിക്കുന്ന ഈ ഉദ്ഘാടന മഹോത്സവം നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കരങ്ങളാൽ ഇവിടെ സാക്ഷാത്കരിക്കപ്പെടാൻ പോവുകയാണ്. തുടർന്ന് കണ്ണഞ്ചിപ്പിക്കുന്ന കരിമരുന്ന് പ്രയോഗവും വെടിക്കെട്ടുമുണ്ടായിരിക്കുന്നതാണ്. അതിനെത്തുടർന്ന് കാണികളെ ഹരം കൊള്ളിക്കുന്ന വിവധയിനം കലാപരിപാടികളും അരങ്ങേറുന്നതാണ്. ആ മംഗളമുഹൂർത്തത്തിന്റെ കമനീയ ദൃശ്യങ്ങളും വിശേഷങ്ങളും നിങ്ങൾക്കെത്തിച്ചു കൊണ്ട് കോട്ടൺഹിൽ പാലസിൽ നിന്ന് സിറ്റി ചാനലിനു വേണ്ടി ക്യാമറാമാൻ ദിനേശ് കോട്ടക്കലിനൊപ്പം പ്രതിഭ വൈലത്തൂർ."

**രംഗം 5**

സിറ്റി ചാനലിൽ ഉദ്ഘാടനച്ചടങ്ങിന്റെ തൽസമയ സംപ്രേഷണം കണ്ട് കൊണ്ടിരിക്കുകയാണ് കിഴക്കേ പീടിയേക്കൽ മൊയ്തീൻകുട്ടിയുടെ ഭാര്യ ആമിനുമ്മയും അയൽക്കാരികളായ നെബീസുമ്മയും കുഞ്ഞിമാളുവും. നെബീസുമ്മയുടെ ഭർത്താവുപേക്ഷിച്ച മകൾ സീനത്ത് നിലത്ത് കാലും നീട്ടിയിരുന്ന് ഉറക്കം തൂങ്ങുന്നുണ്ട്. അവൾക്കിതിലൊന്നും താൽപര്യമില്ല. അവൾ മോന്തിനേരത്ത് ഉമ്മാക്ക് തുണയ്ക്ക് വന്നതാണ്.

"ഹഫ്സത്തല്ലേ അത്? നമ്മളെ പഞ്ചായത്ത് പ്രസിഡണ്ട്?" ആമിനുമ്മ മുന്നിലെ വസ്സിയിൽ നിന്ന് ഉന്നക്കായ എടുത്ത് കടിച്ചുകൊണ്ട് ചോദിച്ചു. ഉന്നക്കായ കുഞ്ഞിമാളു കൊണ്ടു വന്നതാണ്.

"ആ... ആരോടാ ഓള് വർത്താനം പറയ്ണത്?" കുഞ്ഞിമാളു ചോദിച്ചു.

"അതാ പടിഞ്ഞാറ്റയിലെ ഗോപായരാണ്." നെബീസുമ്മയാണ് മറുപടി പറഞ്ഞത്. അവർ ഗോപുനായരുടെ പറമ്പിൽ തേങ്ങ പെറുക്കാൻ പോകാറുണ്ട്.

അപ്പോൾ ആമിനുമ്മയുടെ കൊച്ചുമകൾ നേഹമോൾ പഠനമുറിയിൽ നിന്നിറങ്ങി വന്നുകൊണ്ട് കെഞ്ചി.

"മമ്മ... മതി മമ്മ. ഇനി ഞാൻ കുട്ടിപ്പട്ടാളം കാണട്ടേ?"

"ഇന്നതൊന്നൂല്യ. നമ്മളെ നാട്ടിലിത്രേം വല്യൊരു പരിപാടി നടക്കു മ്പഴാ ഒരു കുട്ടിപ്പട്ടാളം... നേരിട്ട് ചെന്ന് കാണ്ടാനോ വഴീല്ല. ഇങ്ങനേ ങ്കിലും കാണ്ടാലോ. ഇങ്ങട് വാ." ആമിനുമ്മ അവളെ മടിയിലേക്ക് പിടി ച്ചിരുത്തി. "ഇപ്പൊ ടീവീല് പൂത്തിരി കത്തും..."

ടീവിയിൽ കമന്ററി തുടരുന്നു.

"നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി സ്ഥലത്തെത്തിക്കഴിഞ്ഞു. അദ്ദേഹത്തെ പൂച്ചെണ്ടും ഹാരവും നൽകി സ്വീകരിക്കുകയാണ് ഗൃഹ നാഥനായ ബാവ ഹാജി. അൽപ സമയത്തിനകം മുഖ്യമന്ത്രി ഒരു പുതിയ ജീവിതത്തിന്റെ സ്വിച്ചോൺ കർമ്മം നിർവ്വഹിക്കാൻ പോവുകയാണ്."

"അല്ല ആമിനോ..." നെബീസുമ്മയുടെ വിളികേട്ട് ആമിനുമ്മ ടെലി വിഷനിൽ നിന്ന് മുഖം തിരിച്ചു നോക്കി. "നമ്മള് മുസൽമീങ്ങള് പൊല ച്ചക്കല്ലേ കുടീരിക്ക്വാ?"

"ആ... സുബഹി ബാങ്ക് കൊടുത്ത ഒടനെ." ആമിനുമ്മ തന്റെ ദീനീ ബോധം വെളിപ്പടുത്തി. "മുയ്ല്യാര് വീടിന്റെ പടിക്ക നിന്ന് ദുആ ഇര ക്കും. പിന്നെ ആദ്യം മുസ്ഹഫ് അകത്തേക്ക് കൊണ്ട് പോണം. പിന്നെ അരി... അതു കഴിഞ്ഞ് പെണ്ണുങ്ങള് അടുക്കളേല് കേറി പാല് കാച്ചണം. ആണുങ്ങള് ജമാഅത്തായി സുബഹ് നിസ്കരിക്കണം. അതാ ചടങ്ങ്..."

"പിന്നെന്താ ബാവാജിന്റെ കുടീരിക്കല് ഈ മോന്തിക്ക് വെച്ചിക്കി ണത്?"

"ആവോ. ആർക്കറിയാം."

ടീവിയിൽ മുഖ്യമന്ത്രി ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റ് ബാവഹാജിയുടെ പുറകെ നീങ്ങുന്നു.

കമന്ററി തുടരുന്നു.

"നാം ഏറെ കാത്തിരുന്ന ആ അനർഘ നിമിഷമിതാ സമാഗതമായി രിക്കുന്നു. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മലയാളികളുടെ അഭി മാന ഗോപുരമായ ഈ മണിമന്ദിരത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹി ക്കാൻ പോവുകയാണ്. ഈ രമ്യ ഹർമ്മ്യത്തിന്റെ സുവർണ്ണനാമം ആലേ ഖനം ചെയ്ത ശിലാഫലകം ഒരു സ്വിച്ചോണിലൂടെ നമ്മുടെ മുഖ്യമന്ത്രി അനാച്ഛാദനം ചെയ്യുന്ന നിമിഷം കോട്ടൺ ഹിൽ പാലസെന്ന ഈ സ്വപ്നസമുച്ചയം ചരിത്രത്തിന്റെ താളുകളിൽ ഇടം നേടാൻ പോവുക

യാണ്. അതിന് മുമ്പ് മുഖ്യമന്ത്രി രണ്ട് വാക്കുകൾ സംസാരിക്കുന്നു."

**രംഗം 6**

മുഖ്യമന്ത്രി ശിലാഫലകത്തിന് മുന്നിൽ നിന്നു കൊണ്ട് കൂടിനിന്നവരെയും ക്യാമറക്കണ്ണുകളെയും നോക്കി പറഞ്ഞു.

"ഇത്... കേരളത്തിന്.... ഉത്സവദിനമാാാണ്... ഓരോ മലയാളിയുംംം... അഭിമാനിക്കേണ്ട നിമിഷമാാാണിത്..."

അത് പറയുമ്പോൾ മുഖ്യന്റെ ചുമലുകൾ കോട്ടൺ ഹിൽ പാലസിനേക്കാൾ ഉയർന്നു നിന്നു.

പ്രസംഗത്തിന് ശേഷം മുഖ്യൻ ശിലാഫലകത്തിനടുത്തേക്ക് നീങ്ങി. ബാവഹാജിയും മക്കളും ചുറ്റും നിന്നു. ടീവി ക്യാമറകൾ ആകാംക്ഷയുടെ സൂം മുറുക്കി.

മുഖ്യമന്ത്രിയുടെ വിരലുകൾ സ്വിച്ചിലമർന്നു. ഫലകത്തിനെ മറച്ച പട്ടു തിരശ്ശീല ഇരുവശത്തേക്കും നീങ്ങി. ക്യാമറകൾ ഫ്ളാഷ് മിന്നിച്ചു. അടുത്ത നിമിഷം ആ ബഹുനില മന്ദിരത്തിന് മീതെ കതിനകൾ പൊട്ടി. പല വർണ്ണത്തിൽ... പല ഡിസൈനുകളിൽ... കേരളം ഇന്നേ വരെ കാണാത്ത തകർപ്പൻ വെടിക്കെട്ട്... അത് പത്തു നിമിഷത്തോളം നീണ്ടു നിന്നു. ആളുകൾ നിർന്നിമേഷരായി അത് നോക്കി നിന്നു. അടിപൊളി...

ഒടുവിൽ ആരവങ്ങൾ കെട്ടടങ്ങിയപ്പോൾ...

പതിനായിരത്തോളം മനുഷ്യക്കണ്ണുകളും ആയിരത്തോളം ക്യാമറക്കണ്ണുകളും മുഖ്യമന്ത്രി അനാച്ഛാദനം ചെയ്ത ശിലാഫലകത്തിലേക്ക് തിരിച്ചെത്തി. അടുത്ത നിമിഷം...

മുഖ്യമന്ത്രിയും മറ്റു വിശിഷ്ടാതിഥികളും അവിടെകൂടിയ നാട്ടുകാരും ചാനലുകാരും പത്രക്കാരും ടെലവിഷനിൽ തൽസമയ സംപ്രേഷണം കണ്ടുകൊണ്ടിരുന്നവരും പിന്നീട് അവരിൽ നിന്ന് കേട്ടറിഞ്ഞവരുമെല്ലാം അമ്പരന്നു വാപൊളിച്ചു നിന്നുപോയി.

തിരശ്ശീല നീങ്ങിയ ഫലകത്തിൽ... 'കോട്ടൺഹിൽ പാലസ്' എന്നതിന് പകരം...

'ബാപ്പുണ്ണീസ് പാലസ്..!'

*(ചന്ദ്രിക, 2014)*

# കലികാലവൈഭവം

**ക**രുണൻ മാഷ് ദൂരദർശനിൽ കണ്ടൽക്കാടുകളെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററി കണ്ടുകൊണ്ടിരിക്കുമ്പോഴാണ് കൊച്ചുമകൾ തമന്ന റിമോട്ട് കൺട്രോൾ തട്ടിപ്പറിച്ച് ചാനൽ മാറ്റിക്കളഞ്ഞത്.

"ഹാ... ആ പരിപാടിയൊന്നു കഴിഞ്ഞോട്ടേ മോളേ..."

"പോ മുത്തശ്ശാ... നിക്ക് പോഗോ കാണണം."

ലോകം ദൂരദർശനെ കൈവിട്ട് പുതിയ കാതങ്ങൾ പിന്നിട്ട വിവരം അപ്പോഴാണ് മാഷ് ഓർത്തത്.

എന്തു ചെയ്യണമെന്നറിയാതെ അന്തിച്ചിരിക്കുന്ന മാഷിനെ നോക്കി കൊച്ചുമകളുടെ പ്രിയപ്പെട്ട കാർട്ടൂൺ രൂപങ്ങൾ ഗോഷ്ടി കാണിച്ചു. അത് കണ്ട് അവൾ കോൺഫ്ളേക്സ് ചവച്ചുകൊണ്ട് ഉറക്കെ കൈകൊട്ടിച്ചിരിച്ചു.

മാഷ് ഘടികാരത്തിലേക്ക് നോക്കി. ഹോ.. ടീവി കണ്ടിരുന്ന് വൈകിപ്പോയി...

അദ്ദേഹം എഴുന്നേറ്റ് വരാന്തയിലേക്ക് കടന്നു. ചുവരിലെ ആണിയിൽ കൊളത്തിയ കുടയുമെടുത്ത് ചെരിപ്പിട്ട് പുറത്തിറങ്ങിയപ്പോഴാണ് ഭാനുമതി ടീച്ചർ പുറകിൽ നിന്ന് വിളിച്ചത്.

ഒരു വഴിക്കിറങ്ങുമ്പോൾ പുറകിൽ നിന്ന് വിളിക്കുന്നത് ഭർത്താവിനിഷ്ടമാവില്ലെന്നവർക്കറിയാഞ്ഞിട്ടല്ല. എങ്കിലും തന്റെ ഒരു പിൻവിളി കൊണ്ട് വിഘ്നം വരാൻ മാത്രം വലിയ കാര്യത്തിനൊന്നുമല്ല ഈ പോക്കെന്ന് അവർക്കറിയാം. വല്ല പ്രകൃതി സംരക്ഷണ ജാഥയ്ക്കോ പരിസ്തിഥിപരിപാലന യോഗത്തിനോ ആയിരിക്കും. ഹെഡ്മാസ്റ്ററായി റിട്ടയർ ചെയ്തതിൽ പിന്നെ ഇങ്ങനെ വല്ല കാര്യത്തിനും മാത്രമേ അദ്ദേഹം

വീട് വിട്ടിറങ്ങാറുള്ളൂ. മാസത്തിലൊരിക്കൽ പെൻഷൻ മേടിക്കാൻ ട്രഷറിയിലേക്കും...

നീരസത്തോടെ തിരിഞ്ഞു നിൽക്കുന്ന ഭർത്താവിനടുത്തേക്ക് വിമ്മിഷ്ടത്തോടെ നടന്നടുത്തു കൊണ്ടവർ ചോദിച്ചു.

“രാമനുണ്ണിയോടെന്തു പറയണം? ഇന്നല്ലേ അവർക്കൊരു മറുപടി കൊടുക്കേണ്ടത്? വയ്ക്കോങ്കി ഈ ചിങ്ങത്തീ നടത്തേണ്ടി വരും...”

കരുണൻ മാഷ് എന്തു പറയണമെന്നറിയാതെ തല താഴ്ത്തി നിന്നു.

ഇളയ മകളുടെ വിവാഹക്കാര്യമാണവൾ പറയുന്നത്. ബ്രോക്കർ രാമനുണ്ണി മുഖേന പുതിയൊരാലോചന വന്നിട്ടുണ്ട്. എടക്കുളത്തു നിന്ന്. ചെറുക്കൻ മസ്ക്കറ്റിലാണ്. കല്യാണം ശരിയായാൽ ചിങ്ങത്തിന് നാട്ടിലെത്തും. ഉടനെ കെട്ടു നടത്തണം. ഒന്നും വേണ്ടെന്നാണവർ പറയുന്നതെങ്കിലും എന്തെങ്കിലുമൊക്കെ കൊടുക്കേണ്ടേ? മുപ്പത് പവനെങ്കിലും കൊടുക്കണമെന്നാ ഭാര്യ പറയുന്നത്.

എവിടുന്നെടുത്ത് കൊടുക്കും? ഒരു റിട്ടയേഡ് ഹെഡ്മാസ്റ്ററുടെ മടിശ്ശീലയിൽ മുപ്പത് പവനുള്ള മൂലധനമെവിടെ...? ഇന്നേവരെ ഒരു ടിഎ. ഡിഎയിൽ പോലും കൃത്രിമം കാണിക്കാൻ മുതിരാത്തതിനാൽ മാതൃകാദ്ധ്യാപകനെന്ന പേരിനപ്പുറം കാര്യമായൊന്നും സമ്പാദിക്കാൻ കഴിഞ്ഞിട്ടില്ല.

“ഇപ്പൊ വേണ്ടെന്ന് പറഞ്ഞേക്ക്. പിന്നീടാലോചിക്കാം...” ഭാര്യയുടെ മുഖത്ത് നോക്കാതെ ഇത്രയും പറഞ്ഞിട്ട് മാഷ് നടക്കാനൊരുങ്ങി.

“നല്ല കൂട്ടരാന്നാ രാമനുണ്ണി പറഞ്ഞത്...” ടീച്ചർക്ക് നിരാശയുണ്ട്.

“നല്ല കൂട്ടരിനീം വരും.” മാഷ് നടന്നു തുടങ്ങി.

ഉമ്മറത്ത് നിന്നൊരു മുരടനക്കം കേട്ടു. തിരിഞ്ഞുനോക്കാതെ തന്നെ അതാരുടെയാണെന്നും അതിന്റെ സാരാംശമെന്തെന്നും മാഷിനറിയാം. മൂത്ത മകൾ മാലതിയാണ്. അച്ഛൻ പിടിവഴുതിപ്പോകുന്നതിന് മുമ്പ് പുതിയൊരു കുരുക്കിട്ട് പിടിച്ചു നിർത്താൻ മകൾ അമ്മയ്ക്ക് നൽകുന്ന സ്വനമുദ്രയാണത്.

കേൾക്കാത്ത മട്ടിൽ നടന്നു നീങ്ങാനൊരുങ്ങവെ വീണ്ടും ഭാര്യയുടെ പിൻവിളി.

“മാലൂന്റെ കാര്യം... പ്രഭാരനിന്നലേം വിളിച്ചിരുന്നു. സ്വർണ്ണത്തിന്റെ കാര്യം പറഞ്ഞ് അവളെ പിന്നേം കുറേ കരയിച്ചു. പെട്ടെന്നൊരു പോംവഴിയുണ്ടാക്കിയില്ലെങ്കി വേറെ പലതും തീരുമാനിക്കേണ്ടി വരൂന്ന് പറഞ്ഞൂത്രേ...”

മാഷ് തിരിഞ്ഞു മകളെ നോക്കി. അച്ഛൻ ഇതിനൊരു തീരുമാനമുണ്ടാക്കിയിട്ട് പോയാൽ മതി എന്നൊരു ഭാവവുമായി ദു:ഖത്തിന്റെ മുഖാവരണമിട്ട് നിൽക്കുകയാണവൾ.

“ഭൂമി കുഴിച്ചു തൊടങ്ങീട്ടേള്ളൂ... സ്വർണ്ണം കണ്ടിട്ടില്ലാന്ന് പറഞ്ഞേക്ക് അവനോട്. പറ്റ്വെങ്കി വന്നൊരു കൈ സഹായിക്കാമ്പറ. പത്ത് പവനാക്കേണ്ട. കിട്ടുന്നത് മുഴ്വോനെടുത്തോട്ടെയവൻ...”

ആരുടെയോ നെഞ്ചിലേക്കെന്ന പോലെ കുടയുടെ മുന മണ്ണിലേക്ക് കുത്തിയിറക്കിക്കൊണ്ടാണ് മാഷത് പറഞ്ഞത്. മകളുടെ ഭാവഭേദങ്ങൾക്ക് കാത്തു നിൽക്കാതെ തിരിഞ്ഞു നടക്കുകയും ചെയ്തു.

“അച്ഛനിങ്ങനെ പരിസ്തിഥി വാദോം പ്രകൃതിസ്നേഹോം പറഞ്ഞു നടക്കട്ടെ. ഞാനും ന്റെ മക്കളും പെരുവഴീലായാലച്ഛനെന്താ?”

പടികടന്ന് പാടവരമ്പത്തെത്തിയിട്ടും കോലായിൽ നിന്നുള്ള മകളുടെ പരിദേവനം കേൾക്കാമായിരുന്നു.

പറയട്ടെ. എത്ര വേണമെങ്കിലും പറയട്ടെ. ശപിക്കാതിരുന്നാൽ മതിയായിരുന്നു. പാവം... പറഞ്ഞ സ്വർണ്ണം മുഴുവൻ കൊടുക്കാൻ പറ്റിയിട്ടില്ല. അതിന്റെ പേരിൽ കുറേ അനുഭവിക്കുന്നുണ്ടവൾ.

പാടത്തുനിന്ന് നാട്ടുവഴിയിലേക്ക് കയറിയപ്പോൾ ബൈക്കോടിച്ചുകൊണ്ടൊരു ചെറുപ്പക്കാരൻ എതിരേ വന്നു.

“എങ്ങോട്ടാ മാഷേ? ഇന്നും വല്ല സത്യാഗ്രഹോണ്ടോ?”

ഇപ്പോഴത്തെ ചെറുപ്പക്കാർ ബുദ്ധിമാന്മാരാണ്. മാഷ് ചിന്തിച്ചു. അവർക്ക് വാക്കുകൾക്കിടയിൽ ഒന്നിൽ കൂടുതൽ അർത്ഥധ്വനികൾ പൂഴ്ത്തിവെക്കാനുള്ള വിരുതുണ്ട്.

കഴിഞ്ഞ ദിവസം കവലയിൽ വെച്ചുണ്ടായ സംഭവം മാഷ് ഓർമ്മിച്ചു.

ബസ്സ് കാത്തു നിൽക്കുകയായിരുന്നു. മുന്നിലൂടെ കടന്നുപോയ ഒരു പുതിയ മോഡൽ കാർ പെട്ടെന്ന് പുറകോട്ട് വന്ന് തന്റെ മുന്നിൽ നിർത്തി. വാച്ചും ചെയിനും കൂളിംഗ് ഗ്ളാസുമായി പകിട്ടോടെ ഒരു ചെറുപ്പക്കാരൻ കാറിൽ നിന്നിറങ്ങി വന്നു.

“മാഷിനെന്നെ മനസ്സിലായോ? ഞാൻ ജഗൻ. പണിക്കപ്പറമ്പിൽ ഗംഗാധരന്റെ മകൻ ജഗന്നാഥൻ. കോട്ടത്തറ സ്കൂളിൽ മാഷെന്നെ പഠിപ്പിച്ചിട്ടുണ്ട്. അഞ്ചാം ക്ളാസിൽ...”

ഓർമ്മയുടെ ട്രങ്കുപെട്ടി പരതിത്തുടങ്ങുമ്പോഴേക്കും ഒരോർമ്മപ്പെടുത്തൽ പോലെ അവൻ പറഞ്ഞു.

"പണ്ട് സ്കൂൾ വളപ്പിലെ റോസാച്ചെടി പറിച്ചതിന് മാഷെന്നെ പൊതിരെ തല്ലിയിട്ടുണ്ട്. എന്നിട്ട് മാഷ് പറഞ്ഞു ചെടിമരങ്ങളെ നോവിച്ചാ ഗതി പിടിക്കില്ല കുട്ടീന്ന്... ഓർക്കുന്നുണ്ടോ?"

ഉവ്വ്. ബട്ടൺസില്ലാത്ത നീളൻകുപ്പായവും അരയിൽ നിൽക്കാത്തൊരു കളസവുമിട്ട് എന്നും കവണയും കൊണ്ട് ക്ളാസിൽ വന്നിരുന്ന ഒരു വികൃതിച്ചെക്കന്റെ രൂപം മനസ്സിൽ തെളിഞ്ഞു വന്നു.

"ആ.. പി.പി ജഗന്നാഥൻ അല്ലേ?" മാഷ് പഴയ ഹാജർ ബുക്കിലെ പേരോർത്തെടുത്തു കൊണ്ട് ചോദിച്ചു. "ഇപ്പോഴെന്ത് ചെയ്യുന്നു?"

ആ ചോദ്യം ചോദിക്കേണ്ടിയിരുന്നില്ലെന്ന് തോന്നിയത് അവന്റെ മറുപടി കേട്ടപ്പോഴാണ്.

"എനിക്കിപ്പൊ നിലമ്പൂര് തടിക്കച്ചവടമാണ്. കാട്ടീന്ന് മരം വെട്ടി മില്ലുകാർക്ക് വിക്കും. മരത്തിനൊക്കെയിപ്പൊ വല്യ ഡിമാന്റല്ലേ? പ്രത്യേകിച്ച് തേക്കിനും ഇരൂളിനുമൊക്കെ..." ഒന്നു നിർത്തി മഹത്തായ എന്തോ സിദ്ധാന്തം പോലെ അവൻ തുടർന്നു. "അന്നൊരു ചെടി പറിച്ചതിന് മാഷ് ഞാൻ ഗുണം പിടിക്കില്ലാന്ന് പറഞ്ഞു. പക്ഷെ ഇപ്പൊ ഞാനും എന്റെ കുടുംബോം ഗതി പിടിച്ചത് ഇങ്ങനെയാ... മാഷിന്റെ വാക്കും കേട്ടു നടന്ന ശിഷ്യന്മാര് പലരും ഇന്നതേ സ്കൂളിൽ മലയാളോം ചരിത്രോം പഠിപ്പിക്കുമ്പൊ. അഞ്ചാം ക്ളാസിൽ പഠിത്തം നിർത്തിയ ഞാനിപ്പൊ ആ സ്കൂളിന്റെ മാനേജ്മെന്റ് കമ്മിറ്റി ചെയർമാനാ..."

"കലികാല വൈഭവം." ഒട്ടും ആലോചിക്കാതെ പെട്ടെന്നായിരുന്നു മാഷത് പറഞ്ഞത്.

അവനൊന്നു വിളറി. പക്ഷെ അവനത് പുറത്തു കാട്ടാതെ ചോദിച്ചു.

"മാഷെവിടേക്കാ? ഞാൻ കാറിൽ കൊണ്ടുവിടാം..."

മാഷ് ചുണ്ടിൽ ഒരു പുഞ്ചിരിയൊളിപ്പിച്ചു കൊണ്ട് ചോദിച്ചു.

"നിന്റെ കാറിനെന്ത് വിലയുണ്ട്?"

ഒട്ടൊരു സംശയത്തോടെയാണെങ്കിലും അഭിമാനം മറച്ചുവെക്കാതെ അവൻ പറഞ്ഞു

"എട്ട് ലക്ഷം രൂപ."

"പതിനഞ്ച് ലക്ഷത്തിൽ കുറഞ്ഞ ഒരു വണ്ടിയിലും ഞാൻ കയറാറില്ല. അങ്ങനൊന്ന് ഇപ്പൊ വരും. മോൻ വണ്ടിയൊന്ന് മാറ്റിയിട്..."

ആ പറഞ്ഞത് ലക്ഷ്യത്തിൽ കൊണ്ടു. അവൻ വണ്ടിയിൽ കയറി വേഗത്തിലോടിച്ചു പോയി.

എങ്കിലും അവന്റെ വാക്കുകൾ ഉള്ളിലെവിടെയോ കുത്തിക്കീറി നീറ്റലുണ്ടാക്കി...

മാഷ് ഓർത്തുകൊണ്ട് നടന്നു. മണൽനിറച്ച ടിപ്പർ ലോറികൾ മരണവേഗത്തിൽ വരുന്നത് കണ്ട് മാഷ് റോഡിനരികിലേക്ക് പരമാവധി ഒതുങ്ങി നടന്നു.

കവലയിലെ ബസ് സ്റ്റോപ്പിൽ ഗോപുമാഷും അനിലും കാത്തു നിൽക്കുന്നുണ്ടായിരുന്നു. അനിൽ അദ്ദേഹത്തിന്റെ ശിഷ്യനാണ്. ഗോപുമാഷ് അദ്ദേഹത്തിന്റെ സതീർത്ഥ്യനും. ഇവർ രണ്ട് പേരുമാണിപ്പോൾ മാഷിന്റെ സന്തതസഹചാരികൾ.

“മാഷ് വൈകീപ്പോ ഞങ്ങളൊന്നു സംശയിച്ചു. വല്ല വയ്യായേം...”

ഗോപുമാഷ് അടുത്തേക്ക് വന്നു.

“ഹേയ്. ഇറങ്ങാനിത്തിരി വൈകി. നിങ്ങള് സമയത്തിനെത്തിയല്ലേ? നന്നായി...”

“തൃത്താലയ്ക്കൊരു ബസ്സിപ്പൊ പോയതേയുള്ളൂ... ഇനി ഇരുപത് മിനിറ്റ് കഴിയണം.” അനിൽ വാച്ചിൽ നോക്കിക്കൊണ്ട് തന്റെ പൊതുവിജ്ഞാനം വെളിപ്പെടുത്തി.

“വേറാരും...?” മാഷ് സന്ദേഹത്തോടെ ഗോപുമാഷെ നോക്കി.

“ഇല്ല. നമ്മളേ ഉള്ളൂ. എല്ലാർക്കും ഓരോ തെരക്കുകള്...” ഒരു നെടുവീർപ്പോടെ ഗോപുമാഷ് തുടർന്നു. “എല്ലാർക്കും മടുത്തിരിക്കിണു മാഷേ. നമ്മളാച്ചെലരിങ്ങനെ തൊണ്ടകാറിവിളിച്ചൂച്ചിട്ട് പ്രകൃതിക്ക് കോട്ടം തട്ടാണ്ടിരിക്കണില്ലല്ലോ? മരം മുറിക്കലും മണൽക്കൊള്ളേമൊക്കെ തകൃതിയായിത്തന്നെ നടക്കണില്ലേ? പലർക്കും ഉൽസാഹം നശിച്ചിരിക്കണൂ...”

“ആരും വേണ്ട മാഷേ.. നമ്മള് മതി.” അനിൽ ഊക്കോടെ പറഞ്ഞു. “എല്ലാരും പിന്തിരിഞ്ഞാ പിന്നെയാരാ ഇതിനൊക്കെ വേണ്ടി പ്രവർത്തിക്ക്യാ? എന്ത് വന്നാലും നമ്മള് താന്നിക്കുന്നിനെ കച്ചവടലോബിക്ക് വിട്ടുകൊടുക്കരുത്. തടയണം. ജീവൻ കൊടുത്തും തടയണം.”

കരുണൻ മാഷ് ആ ചെറുപ്പക്കാരനെ കൗതുകത്തോടെ നോക്കി. വേണ്ടതിലധികം പ്രാരാബ്ധങ്ങളുള്ള കുടുംബത്തിലെ ഏക ആൺതരിയാണവൻ. എന്നിട്ടും ഇത്തരം കാര്യങ്ങൾക്ക് ആരുടെയും ആഹ്വാനം കൂടാതെ മുന്നിട്ടിറങ്ങും.

കഴിഞ്ഞ ആഴ്ചകൂടി അവന്റെ അച്ഛൻ തന്നെ കാണാൻ വന്നിരുന്നു.

“അവനെക്കൊണ്ട് ഞാൻ പൊറുതിമുട്ടിയിരിക്ക്യാണ് മാഷേ. അവനി

ങ്ങനെ നെലേല്ലാണ്ട് നടന്നാ.... കഴിഞ്ഞ ദിവസം കുറേപ്പേര് വീട്ടീക്കേറി വന്ന് ഭീഷണിപ്പെടുത്തീട്ട് പോയി. മണൽലോബിക്കാരാത്രെ. ഇവനെന്തിനാ അവര്ടെ വഴി തടയാമ്പോണത്? വിട്ടേക്ക് സാറേ അവനെ... എനിക്കാണായിട്ട് അവൻ മാത്രേള്ളൂ. അവനെന്തെങ്കിലും പറ്റിയാപ്പിന്നെ..."

'വിടാൻ ഞാനാരെയും പിടിച്ചു വച്ചിട്ടില്ലല്ലോ സുഹൃത്തേ' എന്നു പറയാൻ തോന്നിയെങ്കിലും പറഞ്ഞില്ല. അവനെ വിളിച്ചു വരുത്തിയതല്ല. സ്വയം താൽപര്യപ്പെട്ടു വന്നതാണ്. അൽപം വായനയും ഉള്ളിലിത്തിരി നന്മയുമുള്ളത് കൊണ്ട് അവനീ നാടിനോടും പ്രകൃതിയോടും അദമ്യമായ സ്നേഹമുണ്ട്. ആ പ്രകൃതിയെ കാക്കാൻ അവൻ സ്വയം തുനിഞ്ഞിറങ്ങി വന്നതാണ്.

ഗോപുമാഷിന്റെ കാര്യം തന്നെയെടുക്കാം. ആൾ ആസ്ത്മ രോഗിയാണ്. ഡോക്ടർ വിശ്രമം വേണമെന്ന് നിർബന്ധം പറഞ്ഞതാണ്. എങ്കിലും എവിടെയെങ്കിലും പ്രകൃതിക്കെതിരായ ചൂഷണമോ പരിസ്ഥിഥി മലിനീകരണമോ നടക്കുന്നുവെന്നറിഞ്ഞാൽ മറ്റൊന്നുമാലോചിക്കാതെ ഇറങ്ങിപ്പുറപ്പെടും. നെഞ്ചുവേദനയും ശ്വാസതടസ്സവും വകവെക്കാതെ ഘോരഘോരം പ്രസംഗിക്കും. മൈക്ക് പോലുമില്ലാതെ...

"നല്ല ചൂട്." ഗോപുമാഷ് ഷർട്ടിന്റെ മുകളിലത്തെ ബട്ടണുകൾ തുറന്നിട്ട് കർച്ചീഫെടുത്ത് വീശിക്കൊണ്ട് പറഞ്ഞു.

"ഇതൊന്നുമല്ല ചൂട്. ചൂടൊക്കെ വരാനിരിക്കുന്നേയുള്ളൂ. ഗ്ളോബൽ വാമി..."

അനിൽ പറഞ്ഞു തുടങ്ങുമ്പോഴേക്കും പഞ്ചായത്തോഫിസിൽ നിന്ന് വലിയ ബഹളം കേട്ടു.

അപ്പോഴാണ് മാഷത് ശ്രദ്ധിച്ചത്. പഞ്ചായത്തോഫിസിന് മുന്നിൽ കുറേപേർ നിരന്നു നിൽക്കുന്നു. വരിതെറ്റിച്ച് കടക്കാൻ ശ്രമിക്കുന്നവരെ പോലീസ് ലാത്തികൊണ്ടടിച്ച് നിരയിലേക്ക് തള്ളി നിർത്തുന്നു. ആകെക്കൂടി റിലീസിംഗ് ദിവസത്തെ സിനിമാ തിയറ്റ‍‍ർ പോലെ...

"ഇന്ന് മണൽപാസ് കൊടുക്കുന്ന ദിവസമാ. അതിന്റെയാ ഈ കോലാഹലം..." ഗോപുമാഷ് പറഞ്ഞു.

"ഹും. പെറ്റമ്മയുടെ ഉടുമുണ്ടുരിയുന്നതിന് സർക്കാരിന്റെ പാസും പോലീസ് ബന്തവസ്സും..." അനിലാണത് പറഞ്ഞത്.

ആ വാക്കുകളുതിർന്നത് വെറും ഇരുപത് വർഷം മൂപ്പുള്ളൊരു കണ്ഠത്തിൽ നിന്നാണ് എന്നത് കരുണൻ മാഷിനെ അത്ഭുതപ്പെടുത്തി. മാഷ് അനിലിനെ വിസ്മയത്തോടെ നോക്കി.

ഇത്രയും തീക്ഷ്ണമായി പ്രതികരിക്കാൻ ഈ ഇളംമനസ്സുകളെ പ്രേരിപ്പിക്കുന്നതെന്തായിരിക്കും?

അപ്പോൾ മാഷ് റഹീമിനെ ഓർത്തു പോയി.

ഈ അനിലിന്റെ സ്ഥാനത്ത് ഒരിക്കൽ റഹീമായിരുന്നു. ഏത് സമരമുഖത്തും മാഷിന്റെ നിഴലായി അവനുണ്ടാകുമായിരുന്നു. എല്ലാ പ്രസംഗവേദികളിലും മാഷിന്റെ വാക്കുകളുടെ പ്രതിധ്വനിപോലെ അവൻ ശബ്ദമുയർത്തും. പൊരിവെയിലിൽ തണലായും, സമരവഴികളിൽ ഒരു താങ്ങായും, പ്രതിസന്ധികളിൽ രക്ഷാകവചമായും അവനുണ്ടാകുമായിരുന്നു. പക്ഷെ ഇപ്പോൾ.... ഇപ്പോൾ അവനങ്ങ് ദൂരെ ഗൾഫിലാണ്...

ബസ്സ് വരാൻ താമസമുണ്ട്. മാഷ് ചുറ്റുമൊന്ന് കണ്ണോടിച്ചു.

കുറച്ചപ്പുറത്ത് കുറേ സ്കൂൾ കുട്ടികളും അദ്ധ്യാപകരും റോഡരികിൽ എന്തൊക്കയോ പ്രവൃത്തികളിലേർപ്പെട്ടിരിക്കുന്നു. മാഷ് അവരുടെ അടുത്തേക്ക് ചെന്നു.

ആ കാഴ്ചയിൽ മാഷിന്റെയുള്ളിൽ വേനൽമഴ പോലെ ഒരിളം തണുപ്പ് പെയ്തിറങ്ങി. കുട്ടികൾ റോഡരികിൽ തണൽ മരങ്ങൾ നട്ടുപിടിപ്പിക്കുകയാണ്. ആൺകുട്ടികൾ ചെറിയ തൂമ്പാ കൊണ്ട് കുഴികുത്തിക്കൊടുക്കുന്നു. പെൺകുട്ടികൾ ചെടി നട്ട് വെള്ളമൊഴിക്കുന്നു.

മാഷ് അത് കൺകുളിരേ നോക്കിനിന്നു.

എല്ലാറ്റിനും ചുക്കാൻ പിടിച്ചുകൊണ്ട് നിന്ന ഫിലിപ്പ് മാഷ് കരുണൻ മാഷിനെ കണ്ടതും ബഹുമാനപൂർവ്വം തൊഴുതുകൊണ്ട് അടുത്തേക്ക് വന്നു.

“കുട്ടികൾ കുറവാണ് സാർ. കൂടുതൽ പേരും ഇന്ന് ലീവാണ്. ഇതിനൊന്നും ഇപ്പോൾ രക്ഷിതാക്കള് കുട്ടികളെ വിടുന്നില്ല. കുട്ടികളെ വെയില് കൊള്ളിക്കാൻ പറ്റില്ലാത്രേ...”

“വെയില് കൊള്ളാൻ ത്രാണീള്ളപ്പൊ നാല് മരം നട്ടുവെച്ചാലേ തണലാവശ്യം വരുന്ന കാലത്ത് അത് കിട്ടൂന്ന് പറയാരുന്നില്ലേ?” മാഷ് ചോദിച്ചു.

“ആരോട് സാർ? സ്കൂളും പഠിപ്പൊക്കെ ഇപ്പൊ ആർക്കാ വേണ്ടത്? ഹൈസ്കൂൾ ക്ളാസിലൊക്കെ ഇപ്പൊ ഹാജര് തീരെ കുറവാ. എന്തിനാ പഠിക്കണേ? ഇപ്പൊ പൊഴേല് മണല് വാരാമ്പോയാ ദിവസം കുറഞ്ഞത് ആയിരം രൂപ കിട്ടും. വീട്ടുകാർക്കും അതാ ഇഷ്ടം. പഠിച്ചില്ലേലും വരുമാനമുണ്ടല്ലോ?”

“ഹും...” കരുണൻ മാഷൊരു ദീർഘനിശ്വാസം വിട്ടുകൊണ്ട് പറഞ്ഞു. “പുഴയും മണലും ഉള്ളേടത്തോളം കാലല്ലേ ഇതൊക്ക നടക്കൂ?

നടക്കട്ടെ... കുടിക്കാൻ വെള്ളമില്ലെങ്കിലും ഉണ്ണാനരിയില്ലെങ്കിലും കീശ നിറയെ കാശുണ്ടാവുമല്ലോ? വരും തലമുറ കറൻസി നോട്ട് തിന്നു വിശപ്പടക്കട്ടെ...”

മാഷ് പിന്നെയും കുറേ നേരം ഭാവിയിലേക്ക് തണൽ ശേഖരിക്കുന്ന ആ കുട്ടികളെ നോക്കി നിന്നു.

“കുറേ നേരമായി ഈ കുട്ടികൾ ഈ പൊരിവെയിലത്ത് നിന്ന് പണിയെടുക്കുന്നു. അവർക്ക് കുടിക്കാനിത്തിരി തണുത്ത വെള്ളം ചോദിച്ചിട്ട് ആ വലിയ വീട്ടുകാര് തന്നില്ല.”

ഫിലിപ്പ് മാഷ് തൊട്ടുമുന്നിലുള്ള വാർപ്പിട്ട ഇരുനില മാളികയിലേക്ക് വിരൽചൂണ്ടിക്കൊണ്ട് വിഷമത്തോടെ പറഞ്ഞു.

“എങ്ങനെ തരും?” മാഷ് ചോദിച്ചു. “ദാ ആ കാണുന്ന കൂൾബാർ ആ വീട്ടുടമസ്ഥന്റെയല്ലേ? കാശ് തന്ന് അവിടുന്ന് വാങ്ങിക്കുടിക്കട്ടേന്ന് കരുതിക്കാണും. പച്ചവെള്ളമായാൽ പോലും വെറുതെയെന്തിന് കൊടുക്കണം?”

മാഷ് അണ്ഡകടാഹം നിറഞ്ഞ ഒരു പുച്ഛച്ചിരിയോടെ തിരികെ നടന്നു.

“മാഷെങ്ങോട്ടാ?” ഫിലിപ്പ് മാഷ് ചോദിച്ചു.

“കൂടല്ലൂര് വരെ. താന്നിക്കുന്ന് ക്വാറി മാഫിയ കൈയടക്കുന്നതിനെതിരെ ഒരു ജനകീയ സമരം...”

“മാഷെ ബസ്സ് വന്നു.” അനിൽ വിളിച്ചു പറഞ്ഞു.

കരുണൻ മാഷ് ധൃതിയിൽ ചെന്ന് ബസ്സിൽ കയറി. ഒഴിവുള്ള ഒരു സീറ്റിൽ അനിൽ കരുണൻ മാഷിനെയും ഗോപുമാഷിനെയും പിടിച്ചിരുത്തി. വേണ്ടെന്ന് പറഞ്ഞിട്ടും വകവെക്കാതെ മൂന്ന് പേർക്കും ചേർത്ത് അവൻ തന്നെ ടിക്കറ്റെടുത്തു.

അപ്പോൾ മാഷ് വീണ്ടും റഹീമിനെക്കുറിച്ചോർത്തു. അവനും ഇങ്ങനെയായിരുന്നു. ഇതേ വിനയം, എളിമ, ഉത്സാഹം... അവൻ പോയതോടെ മാഷ് വലതുകൈ അറ്റതുപ്പോലെയായി. പ്രവർത്തനങ്ങളുടെ തീക്ഷ്ണത കുറഞ്ഞു.

പക്ഷെ അത് അനിവാര്യമായിരുന്നു. അവന്റെ കുടുംബത്തിന്റെ സ്ഥിതി, ഉപ്പാന്റെയും ഉമ്മാന്റെയും ആകുലതകൾ, പുരനിറഞ്ഞു നിൽക്കുന്ന സഹോദരിമാരുടെ ഭാവി... ഒടുവിൽ ഗൾഫിലേക്കൊരു അവസരം ഒത്തു വന്നപ്പോൾ മാഷ് തന്നെയാണ് അവനെ നിർബന്ധിച്ചത്.

“പോകണം. നീയില്ലെങ്കിലും ഇവിടുത്തെ പ്രവർത്തനങ്ങൾ നടക്കും. പക്ഷെ നിന്റെ കുടുംബം... അവർക്ക് നീ മാത്രേള്ളൂ...”

അവന് പോകാനിഷ്ടമുണ്ടായിരുന്നില്ല. എന്നിട്ടും...

ബസ്സ് ഇപ്പോൾ കുമ്പിടി കഴിഞ്ഞിരിക്കുന്നു. ഇരുവശത്തും പച്ചവിരിച്ച നെൽപ്പാടങ്ങൾ... മാഷ് ആർദ്രത പടർന്ന ആ പച്ചപ്പുകളിലേക്ക് മിഴിനട്ടിരുന്നു.

തൊട്ടുമുന്നിലെ സീറ്റിലിരുന്ന് രണ്ട് മദ്ധ്യവയസ്ക്കന്മാർ ഉറക്കെ സംസാരിക്കുന്നുണ്ടായിരുന്നു. സംസാരം കേട്ടിട്ട് റിയൽ എസ്റ്റേറ്റുകാരാണെന്ന് തോന്നുന്നു.

“ചമ്രവട്ടത്തിനടുത്ത് കുറച്ച് പാടം വിക്കാനുണ്ട്. തീരദേശ ഹൈവേ വരുന്നതിനടുത്ത്. ഒരു ഷോപ്പിംഗ് മാളിന് പറ്റിയ സ്ഥലാ. അല്ലെങ്കിലൊരു പെട്രോൾ പമ്പ്. ഒന്ന് വന്നു കാണുന്നോ?”

“കൃഷിഭൂമി നെകത്ത്വാന്നൊക്കെ പറഞ്ഞാ വല്യ പുലിവാലല്ലേ? സർക്കാരും കൊടിപിടിത്തക്കാരുമെല്ലാംകൂടി... വല്ല പറമ്പും മറ്റ്വാണെങ്കി നോക്കാരുന്നു.”

“പാടം നെകത്തലൊക്കെ ഇപ്പൊ ഇത്ര വല്യ പണിയാ? കാണേണ്ട വരെ കാണേണ്ടതു പോലെ കണ്ടാൽ ഏത് പാതാളോം നമുക്ക് മണ്ണിട്ട് മൂടാം...”

“കലികാലവൈഭവം.” മാഷ് മനസ്സിൽ പറഞ്ഞു.

ഇങ്ങനെ വല്ലതും കേട്ടാൽ റഹീമിന് നിയന്ത്രണം നഷ്ടപ്പെടുമായിരുന്നു. ഉടനെ പ്രതികരിക്കുകയും ചെയ്യും. പിന്നെ അവനെ പിടിച്ചു നിർത്താനാണ് പാട്. ഉൾപ്പെരുക്കങ്ങളുടെ ലാവ പതയുന്ന അഗ്നിപർവ്വതം പോലെ അവനിലെ ക്ഷുഭിതയൗവ്വനം തിളച്ച് തൂവും.

അവനിപ്പോൾ എന്ത് ചെയ്യുന്നോ ആവോ?

ആദ്യമൊക്കെ അവൻ മുടങ്ങാതെ കത്തയക്കുമായിരുന്നു. അതിലെല്ലാം അവന്റെ ഗൾഫ് വിശേഷങ്ങളേക്കാൾ നാട്ടിലെ പ്രവർത്തനങ്ങളെപ്പറ്റി ആകാംക്ഷമുറ്റിയ അന്വേഷണങ്ങളായിരുന്നു അധികവും. താനില്ലെങ്കിലും ഒന്നിനും ഒരു കുറവു വരരുതെന്ന് അവൻ കത്തിലൂടെ ഉദ്ബോധിപ്പിക്കുമായിരുന്നു. വാക്കുകൾ തീയുണ്ടകളാക്കിയെഴുതുന്ന കത്തുകളിലൂടെ നാട്ടിൽ നടക്കുന്ന എല്ലാ സമരങ്ങളിലും അവൻ ഒരു പ്രബോധകന്റെ അവതാരമെടുക്കുമായിരുന്നു.

പിന്നീട് കത്തുകളുടെ വരവ് കുറഞ്ഞു. പതിയെ ആ പ്രവാഹം നിലച്ചു.

ഒരിക്കൽ അവന്റെ വിശേഷങ്ങളറിയാൻ വീട്ടിൽ ചെന്നപ്പോൾ എല്ലാവരും വളരെ സന്തോഷത്തിലായിരുന്നു. വീടൊക്കെ മോടി പിടിപ്പിച്ചിരുന്നു.

“ഞങ്ങളുടെ കഷ്ടകാലം തീർന്നൂ മാഷേ... മോനിപ്പൊ നല്ല നെലേലാ...” അവന്റെ ബാപ്പ പറഞ്ഞു.

അവന്റെ രണ്ട് പെങ്ങമ്മാരുടെ കല്യാണത്തിനും നേരിട്ടു വന്ന് ക്ഷണിച്ചെങ്കിലും മൂത്തവൾടെ കല്യാണത്തിന് മാത്രമേ മാഷിന് പങ്കെടുക്കാൻ തരപ്പെട്ടുള്ളൂ.

പിന്നീട് അവനെപ്പറ്റിയൊന്നും അറിയാൻ കഴിഞ്ഞിട്ടില്ല. നാട്ടിൽ വന്നിട്ടില്ലെന്നുറപ്പാണ്. വന്നാൽ അവൻ തന്നെ വന്ന് കാണാതിരിക്കില്ല. കാണണം. ഏഴെട്ടു വർഷമായി അവനെ കണ്ടിട്ട്....

“മാഷേ.. നമ്മുടെ സ്റ്റോപ്പെത്തി.” ഗോപുമാഷ് കുലുക്കിവിളിച്ചപ്പോഴാണ് ചിന്തയിൽ നിന്നുണർന്നത്.

അനിൽ കൈ പിടിച്ച് താഴെയിറക്കി. മൂവരും താന്നിക്കുന്ന് ലക്ഷ്യമാക്കി നടന്നു. നിറയെ കരിങ്കല്ലുകൾ നിറച്ച ഒരു ലോറി അവരെ കടന്നു പോയി.

“കുന്നിന്റെ ഹൃദയം പിളർന്നു തീരാറായീന്ന് തോന്നണു.” ഗോപു മാഷ് നെടുവീർപ്പിട്ടു.

“തടയണം മാഷേ.. നമുക്കിത് തടയണം.” അനിൽ അത് പറഞ്ഞത് ഒരു യോദ്ധാവിന്റെ വീറോടെയാണ്.

താന്നിക്കുന്നിനോടടുക്കും തോറും പാറ തുരക്കുന്ന യന്ത്രത്തിന്റെയും കരിങ്കല്ലിൽ ആഞ്ഞു പതിക്കുന്ന ചുറ്റികയുടെയും ലോറികളുടെയും ശബ്ദം അവരുടെ കാതുകളെ തുളച്ചു.

അവർ നോക്കുമ്പോൾ താന്നിക്കുന്ന് ഏതാണ്ട് പകുതിയോളം അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു. കുറേപ്പേർ അതിന്റെ തൊണ്ടക്കുഴിയിൽ നിന്ന് ജീവൻ പറിച്ചെടുത്ത് ലോഡ് കണക്കാക്കി ലോറികളിൽ നിറച്ചുകൊണ്ടിരുന്നു. കുന്നിന്റെ ഹൃദയത്തിൽ കൂടം പതിക്കുന്ന ശബ്ദം അപായമണി പോലെ മുഴങ്ങിക്കൊണ്ടിരുന്നു.

ഇതിനെല്ലാം അഭിമുഖമായി റോഡിനെതിർവശത്ത് ഒരു സമരപ്പന്തൽ ഉയർന്നു നിന്നിരുന്നു. ‘താന്നിക്കുന്ന് സംരക്ഷണ സമിതി – ഉപവാസസമരം’ എന്ന ഒരു ബാനറും ‘താന്നിക്കുന്നിനെ സംരക്ഷിക്കുക’, ‘പ്രകൃതി ചൂഷണം അവസാനിപ്പിക്കുക’ തുടങ്ങിയ പ്ളക്കാർഡുകളും അവിടെ കാണാമായിരുന്നു. ഉപവാസമിരുന്ന് ക്ഷീണിതരായ നാലഞ്ച് പേർ

മാത്രമേ സമരപ്പന്തലിൽ ഉണ്ടായിരുന്നുള്ളൂ.

കരുണൻ മാഷും ഗോപുമാഷും അനിലും അവർക്ക് അഭിവാദനങ്ങ ളർപ്പിച്ചു കൊണ്ട് അവർക്കിടയിൽ ചെന്നിരുന്നു. സമരക്കാർ മൂവരേയും സ്വീകരിച്ചിരുത്തി.

"ഇത് വിലയ്ക്ക് വാങ്ങിയ മുതലാളി ഇപ്പോളിവിടെയെത്തുമെന്നാണ റിയുന്നത്." സമരക്കാരുടെ നേതാവ് ഉപവാസം കൊണ്ട് പരിക്ഷീണമായ ശബ്ദത്തിൽ പറഞ്ഞു. "നമുക്കയാളെ കണ്ട് സംസാരിക്കാം."

കരുണൻ മാഷ് അതിനെ അനുകൂലിച്ച് തലയാട്ടിക്കൊണ്ട് മുദ്രാ വാക്യം വിളിച്ചു തുടങ്ങി. കൂടെ ഗോപുമാഷും അനിലും മറ്റുള്ളവരും.

"താന്നിക്കുന്നിനെ സംരക്ഷിക്കുക..."

"പ്രകൃതിഹത്യ അവസാനിപ്പിക്കുക..."

"പെറ്റമ്മയുടെ നെഞ്ചിൽ കത്തിയിറക്കുന്ന കാടത്തം അവസാനിപ്പി ക്കുക..."

അപ്പോൾ ദൂരെ നിന്നൊരു പ്രമുഖ ടീവി ചാനലിന്റെ വാഹനം വരു ന്നത് കണ്ടു ഗോപുമാഷ് തിരക്കി.

"ടീവിക്കാരെ അറിയിച്ചാരുന്നോ?"

"ഹും... അതിവിടേക്കൊന്നുമല്ല." അടുത്തിരുന്നയാൾ പറഞ്ഞു. "ഇവി ടെയടുത്തുള്ളൊരു കള്ള് ഷാപ്പിലെ ഞണ്ട് കറി നമ്മുടെ സൂപ്പർസ്റ്റാറിന് വല്യ ഇഷ്ടാത്രേ... ഒറ്റപ്പാലത്തൊരു ഷൂട്ടിംഗ് ലൊക്കേഷനിൽ നിന്ന് പുള്ളി അത് കഴിക്കാനിങ്ങോട്ട് വരുന്നുണ്ടു പോലും. അത് കവർ ചെയ്യാ നാ ഇവരിത്ര ധൃതീല് പോക്ന്നത്. അല്ലാണ്ട് അവർക്ക് ഇവിടെയെന്ത് എക്സ്ക്ലൂസിവാ ഉള്ളത്?"

ടീവിക്കാരുടെ വാഹനം അവരെ ഗൗനിക്കാതെ കടന്നുപോയി.

സമരക്കാർ മുദ്രാവാക്യം വിളി തുടർന്നുകൊണ്ടിരുന്നു.

അൽപസമയം കഴിഞ്ഞപ്പോൾ അവിടേക്ക് ഒരു ഷെവർലേ കാർ വന്നു നിന്നു. കാറിന്റെ മുൻസീറ്റിൽ നിന്ന് പളപളാ വസ്ത്രം ധരിച്ച ഒരു ചെറു പ്പക്കാരൻ പുറത്തിറങ്ങി. തടിച്ച ശരീരം. കൈയിൽ സ്വർണ്ണത്തിന്റെ വാച്ച്. കഴുത്തിൽ സ്വർണ്ണത്തിന്റെ കട്ടിയുള്ള ചെയിൻ. മുഖത്ത് കൂളിംഗ് ഗ്ലാസ്. ചുണ്ടിൽ എരിയുന്ന സിഗരറ്റ്. ഇടത്തെ കൈയിൽ റോത്മാൻസ് സിഗര റ്റിന്റെ പാക്കറ്റും വില കൂടിയയിനം മൊബൈൽ ഫോണും. കൂടെ നാലഞ്ച് സിൽബന്ധികളുമുണ്ട്.

കൂളിംഗ് ഗ്ലാസ് അഴിച്ച് സമരപ്പന്തലിന് നേർക്ക് പുച്ഛത്തോടെ ഒന്ന്

നോക്കിയ ശേഷം അയാൾ പാറപൊട്ടിക്കുന്നിടത്തേക്ക് നടന്നു. ക്വാറിയിലെ പണിക്കാരും മേൽനോട്ടക്കാരും ലോറി ഡ്രൈവർമാരും അയാളെ കണ്ട് ബഹുമാനത്തോടെ വണങ്ങിയൊതുങ്ങി നിന്നു.

"അത്..." കരുണൻ മാഷ് സംശയത്തോടെ ചോദിച്ചു.

"അതാണ് ഞാൻ പറഞ്ഞ മുതലാളി." നേതാവ് പറഞ്ഞു.

പക്ഷെ കരുണൻ മാഷിന്റെയുള്ളിലെവിടെയോ ഒരു കടന്നൽ കൂടിളകി. അത്... ആ മുഖം...

മാഷിന്റെ നെറ്റി ചുളിഞ്ഞു.

നല്ല മുഖപരിചയമുള്ളത് പോലെ... പക്ഷെ...

പണിക്കാർക്ക് നിർദ്ദേശം നൽകുന്ന, കരാറുകാർക്ക് പണം നൽകുന്ന, ഇടയ്ക്ക് സമരപ്പന്തലിന് നേർക്ക് നോക്കി കൂട്ടുകാരോട് തമാശ പറഞ്ഞു ചിരിക്കുന്ന ആ ചെറുപ്പക്കാരനെ മാഷ് സൂക്ഷിച്ചു നോക്കി. അത്...

"വരൂ. നമുക്കയാളെ കണ്ട് സംസാരിക്കാം." നേതാവ് സമരക്കാരെ നോക്കി പറഞ്ഞു. എല്ലാവരും എഴുന്നേറ്റ് അയാളുടെ കാറിനടുത്ത് ചെന്നു നിന്നു.

കുറച്ചു കഴിഞ്ഞ് അയാൾ കാറിനടുത്തേക്ക് വന്നു. സമരക്കാർ അയാളുടെ അടുത്തേക്ക് ചെന്ന ഉടനെ കൂടെയുള്ളവർ അയാൾക്ക് ചുറ്റും കവചം തീർത്തു നിന്നു.

നേതാവ് അയാളോട് സംസാരിച്ചു തുടങ്ങി.

കരുണൻ മാഷ് അടുത്ത് നിന്ന് സൂക്ഷിച്ചു നോക്കി. അതേ നിമിഷം, മാഷിനെ കണ്ടതും അയാളിലും ചില ഭാവഭേദങ്ങൾ...

അയാൾ മാഷിന്റെ അടുത്തേക്ക് വന്നു. പിന്നെ പതുക്കെ മന്ത്രിച്ചു.

"കരുണൻ മാഷ്..."

ആ നിമിഷം മാഷ് ആളെ തിരിച്ചറിഞ്ഞു. റഹീം!

"എന്തൊക്കെയുണ്ട് മാഷേ വിശേഷങ്ങൾ?"

അയാൾ മാഷിനെ കെട്ടിപ്പിടിച്ചു. പിന്നെ അൽപം ദൂരേക്ക് മാറ്റി നിർത്തിക്കൊണ്ട് കുശലം ചോദിക്കാൻ തുടങ്ങി. മാഷിന് പക്ഷെ സംസാരിക്കാൻ വാക്കുകൾ കിട്ടുന്നുണ്ടായിരുന്നില്ല.

"റഹീം... നീ... നീയാണോ... ഈ കുന്ന്..."

"അതേ മാഷേ." അയാൾ ചിരിച്ചുകൊണ്ട് പറഞ്ഞു. "ജീവിതമൊന്ന് പച്ചപിടിച്ച് കുടുംബത്തിന്റെ ബാധ്യതകളൊക്കെ തീർത്ത് കഴിഞ്ഞപ്പൊ

എനിക്ക് തോന്നി ഇനി കുറച്ച് നിക്ഷേപങ്ങളൊക്കെയാവാമെന്ന്. ഇപ്പോ കല്ലിനൊക്കെ നല്ല ഡിമാന്റല്ലേ? അതാ ഞാനീ ക്വാറി പൊന്നും വിലയ്ക്ക് ലേലം വിളിച്ചെടുത്തത്. നാട്ടിൽ നാല് ടിപ്പറുകളോടുന്നുണ്ട്. പട്ടാമ്പിക്ക ടുത്ത് ഒരു മന വാങ്ങിയിട്ടുണ്ട്. അതൊന്ന് പരിഷ്കരിച്ചൊരു റിസോർട്ട് പണിയണം. പിന്നേമുണ്ട് കുറേ പ്ളാനുകൾ. ആട്ടെ... മാഷിപ്പോഴുമീ പരി സ്ഥിതീന്നും പ്രക്ഷോഭന്നുമൊക്കെ പറഞ്ഞു നടക്കുവാണോ?"

അപ്പോൾ അവന്റെ മുഖത്ത് പരിഹാസത്തിൽ ചാലിച്ച ഒരു ചിരിയു ണ്ടായിരുന്നു. മാഷ് ഒന്നും പറയാനാവാതെ തരിച്ചു നിന്നു.

"അപ്പൊ ശരി മാഷേ. തിരിച്ച് പോകുന്നതിന് മുമ്പ് സമയമുണ്ടേൽ വീണ്ടും കാണാം. വരട്ടെ."

അവൻ മാഷിന്റെ കൈ പിടിച്ചു കുലുക്കിയിട്ട് കൂട്ടുകാരോടൊപ്പം കാറിൽ കയറിപ്പോയി.

ആദ്യത്തെ ഷോക്കിൽ നിന്ന് മുക്തനായപ്പോൾ മാഷ് ഉള്ളാലെ ചിരി ച്ചുകൊണ്ട് സ്വയം പറഞ്ഞു- ഇപ്പഴത്തെ ചെറുപ്പക്കാർ വളരെ ബുദ്ധിമാ ന്മാരാണ്. എല്ലാം കലികാലവൈഭവം...!

അപ്പോൾ അനിൽ അടുത്തേക്ക് വന്ന് മാഷിന്റെ കൈ പിടിച്ചുകൊണ്ട് ചോദിച്ചു.

"എന്താ മാഷേ? എന്താ അയാള് പറഞ്ഞേ?"

കരുണൻ മാഷ് അവനെ അടിമുടിയൊന്നു നോക്കി.

"പിൻമാറരുത് മാഷേ." അവൻ ആവേശത്തോടെ പറഞ്ഞു. "എന്ത് വന്നാലും നമ്മൾ പിന്മാറരുത്. ജീവൻ കൊടുത്തും നാമീ..."

"ഛീ... നിർത്തെടാ..." മാഷ് ശരിക്കൊന്ന് ചീറ്റി. അനിൽ പകച്ചു പോയി.

"ഒരു രക്ഷകൻ വന്നിരിക്കുന്നു. പോടാ.. ആദ്യം സ്വയം രക്ഷപ്പെടടാ..." മാഷ് ഉറഞ്ഞു തുള്ളി. അനിലും ഗോപുമാഷും മറ്റും ഒന്നും മനസ്സിലാ വാതെ അമ്പരന്നു നിന്നു.

"പോകാൻ..." മാഷ് അവന്റെ കഴുത്തിന് പിടിച്ച് ഊക്കോടെ പുറ കോട്ട് തള്ളി. അവൻ മണ്ണിൽ മുഖം കുത്തി വീണു.

"മാഷേ.. എന്തായിത്?" ഗോപുമാഷ് ഇടയ്ക്ക് കയറിക്കൊണ്ട് തട ഞ്ഞു.

"വെറുതെ കൊടിപിടിച്ചു നടന്ന് ജീവിതം തുലയ്ക്കാണ്ട് വീട്ടീ പ്പോടാ..." മാഷ് കിതച്ചുകൊണ്ട് പറഞ്ഞു. "ഇനി നിന്നെ ഇവിടെയെങ്ങും കണ്ടു പോകരുത്. പോ... പോയി വല്ല ജോലീം ചെയ്ത് ജീവിക്ക്..."

മാഷവനെ ഉറക്കെയാട്ടി.

അനിൽ ഒരു കരച്ചിലിന്റെ വക്കിലെത്തി നിന്നു. അത് കണ്ടതും മാഷ് ആക്രോശം നിർത്തി. പിന്നെ പതുക്കെ കിതപ്പോടെ സമരപ്പന്തലിന് നേർക്ക് നടന്നു.

സമരപ്പന്തലിൽ കയറിയിരുന്ന് ഒരു പ്ളക്കാർഡും കൈയിലെടുത്തു കൊണ്ട് മാഷ് ഉറക്കെ മുദ്രാവാക്യം വിളിക്കാൻ തുടങ്ങി.

"താന്നിക്കുന്നിനെ സംരക്ഷിക്കുക..."

"പ്രകൃതിഹത്യ അവസാനിപ്പിക്കുക..."

"മണ്ണിനെയും പുഴയേയും കാടിനെയും കുന്നുകളെയും സംരക്ഷിക്കുക..."

"പെറ്റമ്മയുടെ നെഞ്ചിൽ..."

ആദ്യത്തെ അങ്കലാപ്പ് മാറിയതും സമരക്കാർ ഓരോരുത്തരായി പന്തലിലേക്ക് കയറിയിരുന്ന് മാഷിനോടൊപ്പം മുദ്രാവാക്യം വിളിക്കാൻ തുടങ്ങി.

അനിൽ മാത്രം കുനിഞ്ഞ ശിരസ്സോടെ അവിടം വിട്ടു നടന്നു നീങ്ങി.

*(കൂട് മാസിക, 2014)*

# അന്ത്യകൂദാശകൾ

**ആ**ദ്യം മുറുക്കിച്ചുവന്ന ചുണ്ടുകൾ കാട്ടി കൊതിപ്പിച്ചും പിന്നെ തീ തെറിക്കുന്ന ദൃഷ്ടിഗോളങ്ങളുരുട്ടിപ്പേടിപ്പിച്ചും ചോരയിറ്റുന്ന നാവ് ചുരിക പോലെ ചുഴറ്റി അട്ടഹസിച്ചും പരിഹാസത്തിന്റെ തേറ്റപ്പല്ലിറക്കി ചിരിച്ചും തന്റെ താന്ത്രികവലയത്തിനപ്പുറം നിന്നുറഞ്ഞാടിയ കഥയുടെ ദുർഭൂത ത്തെ ഭാവനയുടെ മൂലമന്ത്രം കൊണ്ട് നാലുപുറം കടലാസിലേക്ക് ആവാ ഹിച്ചിരുത്താനുള്ള ആഭിചാരക്രിയയിലേർപ്പെട്ടിരിക്കുകയായിരുന്നു മല യാള സാഹിത്യത്തിലെ മാന്ത്രികനെന്നറിയപ്പെടുന്ന ആ കഥാകൃത്ത്. വാക്കുകൾ കൊണ്ട് മാസ്മരവിദ്യകൾ കാട്ടുന്ന, അക്ഷരങ്ങളെ തട്ടകം തീർത്തുപാസിക്കുന്ന മഹാമാന്ത്രികൻ.

അപ്പോഴാണ് കർമ്മങ്ങൾക്ക് വിഘ്നം മുഴക്കുന്ന നരിച്ചീറുകളുടെ കൂട്ട നിലവിളിപോലെ കോളിംഗ്ബെൽ ഉറക്കെ കൂകിവിളിച്ചത്. അതോടെ അത്ര നേരം മനസ്സിലിരുന്ന് തലയറഞ്ഞു ചിരിച്ച കഥയുടെ കാളരൂപം മറവിയുടെ ഉൾക്കാടുകളിലൊളിച്ചു.

കഥാകൃത്ത് അസഹ്യതയോടെ എഴുന്നേറ്റ് ചെന്ന് വാതിൽ തുറന്നു.

മുഷിഞ്ഞ വെള്ളക്കുപ്പായവും മുണ്ടും ധരിച്ച് തോളിൽ ഒരു തോൾസ ഞ്ചിയും തൂക്കിയ നരകയറിയ ഒരു മനുഷ്യനായിരുന്നു പുറത്ത്. പ്രായം ഉഴുതുമറിച്ചിട്ട അയാളുടെ മുഖത്ത് ഉച്ചവെയിൽ കരുവാളിച്ചു കിടന്നു.

തന്റെ മനസ്സിലെ കഥയുടെ ആദിസ്വരൂപത്തെ ഉച്ചാടനം ചെയ്തു കൊണ്ട് കയറിവന്ന ആഗതനെ കഥാകൃത്ത് കനപ്പിച്ച് നോക്കി.

“നമസ്കാരം സാർ. ഞാൻ ചേർത്തലയിൽ നിന്ന് വരികയാണ്.”

അയാൾ ഭവ്യതയോടെ താണുവണങ്ങിക്കൊണ്ട് പറഞ്ഞു.

കഥാകൃത്ത് ഒട്ടും താൽപര്യമില്ലാതെ അയാളെ നോക്കി.

“എന്തുവേണം? വേഗം പറഞ്ഞിട്ടു പോകൂ.”

“ബുദ്ധിമുട്ടിച്ചതിൽ ക്ഷമിക്കണം. ഞാനൊരു പുസ്തകം തരാൻ വേണ്ടി വന്നതാണ്.”

അയാൾ തോൾസഞ്ചിയിൽ നിന്നൊരു പുസ്തകം പുറത്തെടുത്ത് നീട്ടിക്കൊണ്ട് പറഞ്ഞു.

“എനിക്ക് പുസ്തകമൊന്നും വേണ്ട. നിങ്ങൾ പോകൂ.”

അയാൾ വാതിലടക്കാനൊരുങ്ങി.

“സാർ ഒരു നിമിഷം. ഞാൻ പറയുന്നതൊന്ന്...”

“നോക്കൂ, ഇവിടെയിപ്പൊ പുസ്തകത്തിന്റെയൊന്നും ആവശ്യമില്ല. വായിക്കാനെനിക്കൊട്ട് സമയവുമില്ല. നിങ്ങൾ സമയം മെനക്കെടുത്താതെ...”

“നിൽക്കൂ സാർ.”

അയാളുടെ കണ്ണുകളിൽ ദൈന്യം തേമ്പിനിന്നു.

“ഞാൻ പുസ്തകം വിൽക്കാൻ വന്നതല്ല. ദയവായി സാറിത് സ്വീകരിക്കണം.”

കഥാകൃത്ത് മുഷിച്ചിലോടെ ആ പുസ്തകം വാങ്ങി നോക്കി. ചക്രവാളത്തിലേക്ക് പറന്നകലുന്ന ഒരു പക്ഷിയുടെ മുഖചിത്രത്തിനുമേൽ പുസ്തകത്തിന്റെ ശീർഷകം - ‘അന്ത്യകൂദാശകൾ’. അതിന് താഴെ ‘റോയി ഫിലിപ്പ് ചേർത്തല’ എന്ന് ഗ്രന്ഥകർത്താവിന്റെ പേര്. പിൻചട്ടയിൽ പുഞ്ചിരിച്ചുകൊണ്ട് നിൽക്കുന്ന ഒരു ചെറുപ്പക്കാരന്റെ പടം.

“എന്റെ മകനാണ് സാർ.” ആഗതൻ പറഞ്ഞു. “എല്ലാം അവനെഴുതിയ കഥകളാണ്.”

കഥാകൃത്തിന് ശരിക്കും ദേഷ്യം വരുന്നുണ്ടായിരുന്നു. മകന്റെ പുസ്തകവും കെട്ടിപ്പേറി ഇയാൾ ഇപ്പോൾ ഇങ്ങോട്ടെഴുന്നള്ളിയതെന്തിനാണ്? ഇവിടെ ഉള്ള പുസ്തകം തന്നെ വായിക്കാൻ നേരമില്ല. അതിനിടയിൽ...

“അവൻ ചെറുപ്പം തൊട്ടേ കഥകൾ എഴുതിയിരുന്നു. കഥാമത്സരങ്ങളിലൊക്കെ ഒട്ടേറെ സമ്മാനങ്ങൾ കിട്ടിയിട്ടുണ്ടവന്. വലിയ കഥാകൃത്താകണമെന്നായിരുന്നു അവന്റെ ആഗ്രഹം.”

കഥാകൃത്ത് ഒരല്പം നീരസത്തോടെ കേട്ടുനിന്നു. അയാൾ തുടർന്നു.

“അവന്റെ കഥകളെല്ലാം ചേർത്ത് ഒരു പുസ്തകമാക്കി പ്രസിദ്ധീകരിക്കണമെന്നും അതുമായി അവന് ഇഷ്ടപ്പെട്ട എഴുത്തുകാരെയെല്ലാം വന്നു കണ്ട് പുസ്തകം നൽകി അനുഗ്രഹം വാങ്ങണമെന്നും അവനാഗ്രഹി

ച്ചിരുന്നു...”

“എന്നിട്ടെവിടെ ഈ വേന്ദ്രൻ?”

ആ ചോദ്യത്തിൽ പരിഹാസത്തിന്റെ അജിനോമോട്ടോ തൂവിയിരുന്നു.

“അവൻ... അവൻ... മരിച്ചുപോയി സാർ...”

കഥാകൃത്തൊന്നു ഞെട്ടി. അയാളുടെ മുഖത്തെ ചിരിയും പരിഹാസവും കാറ്റടിച്ച മേഘപടലം കണക്കെ നീങ്ങിയകന്നു. അപ്പോഴാണ് അയാൾ അത് ശ്രദ്ധിച്ചത്. പുസ്തകത്തിന്റെ പിൻചട്ടയിൽ ആ ചെറുപ്പക്കാരന്റെ പടത്തിനും പേരിനും താഴെ അവന്റെ ആയുഷ്കാലത്തെ ചെപ്പിലടച്ചുവെച്ചിരിക്കുന്നു. (1993 – 2014).

“എങ്ങനെ?”

“ക്യാൻസറായിരുന്നു. ചെറുകുടലിന്... മൂന്നുവർഷത്തോളം ആർ.സി. സീൽ ചികിത്സേലായിരുന്നു. രണ്ടുമാസം മുമ്പ്...”

കഥാകൃത്ത് അവിശ്വസനീയതയോടെ ആ ഫോട്ടോയിലേക്ക് നോക്കി. സുമുഖനായ ഒരു ചെറുപ്പക്കാരൻ.

“ഇരിക്കൂ.”

കഥാകൃത്ത് അയാളെ വരാന്തയിലെ ചൂരൽ കസേരയിലേക്ക് ക്ഷണിച്ചു. പക്ഷേ...

“വേണ്ട സാർ. ഞാൻ സാറിനെ കൂടുതൽ ബുദ്ധിമുട്ടിക്കുന്നില്ല. ദേ എറങ്ങ്വായി...”

അയാൾ ആ ക്ഷണം നിരസിച്ചു. പിന്നെ ഏതൊക്കെയോ ഓർമ്മകളുടെ ചപ്പിലക്കൂട്ടം ചികഞ്ഞുകൊണ്ടെന്നപോലെ പറഞ്ഞു.

“ഒരു പുരുഷായുസ്സ് കൊണ്ട് വായിക്കാവുന്നതിലധികം അവൻ രോഗശയ്യയിൽ കിടന്ന് വായിച്ചു തീർത്തു. അടിവയറ്റിൽ വേദന കൊളുത്തിപ്പിടിക്കുമ്പോളെല്ലാം അവൻ പുസ്തകങ്ങളെ കെട്ടിപ്പിടിച്ച് കരച്ചിലടക്കിക്കിടന്നു. രാത്രി ഉറക്കിളച്ചിരുന്നും അവൻ വായിച്ചു. ഡോക്ടർമാർ വിലക്കിയിട്ട് പോലും...”

ഓർമ്മകളുടെ അഗ്നിയിൽ സ്ഫുടം ചെയ്തെടുത്ത അയാളുടെ ശബ്ദം ചെപ്പുകുടത്തിൽ പതിക്കുന്ന ചില്ലറ നാണയം പോലെ കലമ്പി വീണു.

“സാറിന്റെ ഏറ്റവും പുതിയ നോവൽ പുറത്തിറങ്ങിയ ദിവസം അവൻ ആശുപത്രിക്കിടക്കയിലായിരുന്നു. അതിന്റെ ഒരു കോപ്പി ഉടൻ കിട്ടിയേ തീരൂ എന്നവൻ വാശിപിടിച്ചു. ഞാനെങ്ങനെയൊക്കെയോ ഒരു കോപ്പി സംഘടിപ്പിച്ചു കൊടുത്തു. അത് ഒറ്റ രാത്രി കൊണ്ടവൻ വായിച്ചുതീർത്തു.”

കഥാകൃത്ത് ഒരു യക്ഷിക്കഥ പോലെ അത് കേട്ടുനിന്നു. മുന്നൂറ്റി യെൺപത് പേജുള്ള പുസ്തകം ഒറ്റരാത്രി കൊണ്ട്...

“ഞാനൊരു ട്യൂട്ടോറിയൽ വാദ്ധ്യാരാണ്. അവന്റെ ചികിത്സയ്ക്കായി കൂടുതലൊന്നും ചെലവാക്കാൻ എന്റെ പക്കലുണ്ടായിരുന്നില്ല. അവന്റെ കഥകൾ ചേർത്തൊരു പുസ്തകമാക്കി കൊണ്ടുനടന്നു വിറ്റാൽ ചികിത്സയ്ക്കുള്ള പണം സംഘടിപ്പിക്കാമെന്ന് ചിലരൊക്കെ പറഞ്ഞു. രോഗിയായ കഥാകൃത്തിനോടുള്ള സിമ്പതിക്ക് പുറത്ത് ആളുകൾ വാങ്ങിയേക്കും. പക്ഷെ അവൻ സമ്മതിച്ചില്ല. വില പേശി വിൽക്കാൻ ‘സാഹിതി തേവിടിശ്ശിയോ’ എന്നാണവൻ ചോദിച്ചത്. മാത്രമല്ല... അനുകമ്പ അവനിഷ്ടപ്പെട്ടിരുന്നില്ല.”

അയാൾ ഷർട്ട് പൊക്കി മുണ്ടിനിടയിൽ തിരുകിയിരുന്ന ഒരു കർച്ചീഫെടുത്ത് മുഖത്തെയും കഴുത്തിലെയും വിയർപ്പൊപ്പിക്കൊണ്ട് പറഞ്ഞു.

“അവന്റെ ഒരേയൊരാഗ്രഹം സാധിച്ചുകൊടുക്കാനുള്ള ഓട്ടത്തിലാണ് ഞാനിപ്പോൾ. കൈയിലുള്ള കാശ് നുള്ളിപ്പെറുക്കി അവന്റെ കഥകളെല്ലാം കൂടി ഞാനൊരു പുസ്തകമായി പ്രസിദ്ധീകരിച്ചു. എന്നിട്ടവൻ ആഗ്രഹിച്ചതുപോലെ അവനിഷ്ടപ്പെട്ട എഴുത്തുകാർക്ക് പുസ്തകം സമർപ്പിച്ച് അനുഗ്രഹം വാങ്ങാനുള്ള യാത്രയിലാണ് ഞാൻ. ഒരാഴ്ചയായി വീടുവിട്ടിറങ്ങിയിട്ട്. കുറേപ്പേരെ കണ്ടു. ഇനിയും കുറേപ്പേരെ കാണണം. സാറിനെ കാണാൻ കഴിഞ്ഞതിൽ സന്തോഷം. തിരക്കിനിടയിൽ ബുദ്ധിമുട്ടിച്ചതിന് മാപ്പ്. വരട്ടെ സാർ...”

അയാൾ തൊഴുതുകൊണ്ട് തിരിച്ചു നടക്കാനൊരുങ്ങി.

“എന്തെങ്കിലും കഴിച്ചിട്ട്...”

“വേണ്ട സാർ... സാർ അവന് വേണ്ടി പ്രാർത്ഥിക്കണം. അതു മാത്രം മതിയെനിക്ക്.”

“നിൽക്കൂ... ഞാനിതിന്റെ കാശ് തരാം.”

കഥാകൃത്ത് അകത്തേക്ക് തിരിയാനൊരുങ്ങിയതും അയാൾ വിലക്കി.

“അയ്യോ വേണ്ട സാർ. ഞാൻ സാറിനോട് കാശ് വാങ്ങിയാൽ എന്റെ കുഞ്ഞിന്റെ ആത്മാവെന്നോട് പൊറുക്കില്ല സാർ. സാറിനെപ്പോലുള്ളവരുടെ കഥകൾ വായിച്ചാണവൻ കഥയെഴുതിത്തുടങ്ങിയത്. ഇത് അവന്റെ ഗുരുദക്ഷിണയായി കരുതി സ്വീകരിക്കണം. പിന്നെ ബുദ്ധിമുട്ടാവില്ലെങ്കി... തെരക്കൊഴിഞ്ഞു, സമയം കിട്ടുമ്പൊ ഇതൊന്ന് വായിച്ചുനോക്കണം. അവന് സന്തോഷാവും...”

അയാൾ പുറത്തേക്ക് നടന്നു. കഥാകൃത്ത് കനത്ത മനസ്സോടെ

അയാളെ അനുഗമിച്ചു.

പുറത്ത് മീനവെയിൽ വായ്ത്തലയ്ക്ക് മൂർച്ഛകൂട്ടിക്കൊണ്ടിരുന്നു.

ചെരിപ്പിട്ട് പുറത്തിറങ്ങാൻ നേരം അയാൾ തിരിഞ്ഞു നിന്നുകൊണ്ട് പറഞ്ഞു.

“കഥയെഴുതി നേരം കളയുന്നതിനും പഠിത്തമുഴപ്പുന്നതിനുമൊക്കെ ഞാനവനെ ഒരുപാട് തല്ലിയിട്ടുണ്ട്. അതിനുള്ള പ്രായശ്ചിത്തമാണിത്. വരട്ടെ സാർ...”

അയാൾ നടന്നുനീങ്ങി. ഉള്ളിലെ അന്ത്യകൂദാശകളുടെ ഭാരത്താൽ അയാളുടെ തോൾസഞ്ചി അസ്വസ്ഥതയോടെ ഇളകിയാടിക്കൊണ്ടിരുന്നു.

അയാൾ പോയിക്കഴിഞ്ഞിട്ടും കഥാകൃത്ത് വരാന്തയിൽ തന്നെ കുറേ നേരം തരിച്ചു നിന്നു. പിന്നെ അയാൾ അകത്തേക്ക് വന്ന് തന്റെ എഴുത്തു മേശയ്ക്ക് മുന്നിലെ കസേരയിൽ തളർന്നിരുന്നു.

അയാൾക്കു മുന്നിൽ മേശപ്പുറത്ത് ചേതനയറ്റ ശരീരം പോലെ ആ പുസ്തകം തണുത്തു മരവിച്ചു കിടന്നു.

*(സുപ്രഭാതം, 2014)*

# ശേഷക്രിയ

**ഇ**ന്നലെ കൂടി ഞാനും അബുമാഷും തമ്മിൽ കണ്ടു സംസാരിച്ചു പിരിഞ്ഞതാണ്.

അങ്ങാടിയിലെ 'പൊരിക്കടി'കൾ വിൽക്കുന്ന കടയുടെ മുന്നിൽ ബജ്ജി കഴിച്ചുകൊണ്ട് നിൽക്കുകയായിരുന്നു ഞാൻ. അപ്പോഴാണ് മാഷ് അടുത്തുള്ള പള്ളിയിൽ നിന്ന് മഗ്‌രിബ് നിസ്കാരം കഴിഞ്ഞ് പുറത്തിറങ്ങി വന്നത്.

എന്നെ കണ്ടതും സൗഹൃദഭാവത്തിൽ ചിരിച്ചുകൊണ്ട് അടുത്തേക്ക് വന്ന് പതിവുമട്ടിൽ എന്റെ കൈപിടിച്ചമർത്തി. അപ്പോൾ എപ്പോഴുമെന്നത് പോലെ ആ സ്നേഹത്തിന്റെ തണുപ്പ് ഞാനെന്റെ കൈകളിൽ തൊട്ടറിഞ്ഞു. മാഷ് എന്റെ വീട്ടിലെ വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. ഉപ്പയോടും ഉമ്മയോടും അന്വേഷണങ്ങളറിയിക്കണമെന്നു പറഞ്ഞ് തിരിഞ്ഞു നടക്കാൻ നേരം എനിക്കുള്ള ഉപദേശത്തിന്റെ വിഹിതം തരാനും മറന്നില്ല.

"ഈ എണ്ണയിൽ പൊരിച്ചതൊന്നും കൂടുതൽ വാങ്ങിച്ചു തിന്നണ്ട. വെറുതെയെന്തിനാ നല്ല തടി ചീത്തയാക്കുന്നത്..."

മാഷങ്ങനെയാണ്. നല്ലത് ഉപദേശിക്കുക മാത്രമല്ല. അത് പ്രവർത്തിച്ചു കാണിക്കുകയും ചെയ്യും. ഞങ്ങളുടെ നാട്ടിൽ പലപ്പോഴായി മാഷിന്റെ ചെറുതും വലുതുമായ ഉപദേശങ്ങൾ കിട്ടാത്തവരായി അധികമാരുമുണ്ടാവില്ല. കള്ളുകുടിയന്മാരെയും, വീട്ടിൽ വഴക്കുണ്ടാക്കുന്ന ചെറുപ്പക്കാരെയും, പാൻമസാല വിൽക്കുന്ന കടക്കാരെയും, അശ്ളീല പുസ്തകങ്ങൾ വിതരണം ചെയ്യുന്ന പഞ്ചായത്ത് ലൈബ്രേറിയനെയും തുടങ്ങി പുഴയിൽ നിന്ന് മണൽ കടത്തുന്നവരെ വരെ മാഷ് പിടിച്ചു നിർത്തി

സ്നേഹത്തോടെ ഉപദേശിക്കും. ഒരു സുവിശേഷകന്റെ പ്രഭാവത്തോടെ അദ്ദേഹം തന്റെ ചുറ്റുമുള്ളവരെ ജ്ഞാനസ്നാനം ചെയ്തു വിമലീക രിച്ചുകൊണ്ടിരുന്നു.

ഇന്നിപ്പോൾ രാവിലെ പാൽക്കാരൻ മമ്മാലി പറഞ്ഞാണറിയുന്നത്. അബു മാഷ് മരിച്ചു...

എനിക്കത് വിശ്വസിക്കാനായില്ല. ഇന്നലെ സന്ധ്യക്ക് എന്നോട് സംസാ രിച്ചു പിരിഞ്ഞ മാഷ്...

രാത്രി ഇശാഅ് നിസ്കാരം കഴിഞ്ഞ് കഞ്ഞി കുടിച്ചു കിടന്നതാണ്. പാതിരാത്രി ഉറക്കത്തിൽ എന്തോ ശബ്ദം കേട്ട് മാഷിന്റെ ഭാര്യ പിട ഞ്ഞെഴുന്നേറ്റ് ലൈറ്റിട്ടപ്പോൾ മാഷ് കട്ടിലിൽ കിടന്ന് ഞെരിപിരി കൊള്ളു ന്നതാണ് കണ്ടത്. അപ്പോൾ മാഷ് നന്നായി വിയർത്തിരുന്നു. ഒരു കൈ ഇടത്തെ നെഞ്ചിലമർത്തിപ്പിടിച്ച് മറുകൈകൊണ്ട് വെള്ളം വേണമെന്നാ വശ്യപ്പെട്ടു. ഭാര്യ പരിഭ്രമിച്ചെഴുന്നേറ്റ് വെള്ളവുമായി വരുമ്പോഴേക്കും...

ആ മരണരംഗം ഒരു തിരശ്ശീലയിലെന്നപോലെ എന്റെ കൺമുന്നിൽ തെളിഞ്ഞു.

അപ്പോഴാണ് ഞാനറിയുന്നത്. മാഷ് ഒരു ഹൃദ്രോഗിയായിരുന്നു. എണ്ണ യിൽ പൊരിച്ചതൊന്നും വാങ്ങിത്തിന്നണ്ട എന്ന മാഷിന്റെ ഉപദേശത്തിന്റെ പൊരുൾ മനസ്സിലാക്കാൻ എനിക്ക് ഏറെ പ്രയാസപ്പെടേണ്ടി വന്നില്ല.

പതിനൊന്ന് മണിക്ക് മയ്യത്തെടുക്കും. ഞാൻ വേഗത്തിൽ കുളി തീർ ത്ത് ഭാര്യയുടെ കൈയിൽ നിന്ന് ഒരു കട്ടൻചായ മാത്രം വാങ്ങിക്കുടിച്ച് നാസ്ത കഴിക്കാൻ നിൽക്കാതെ മരണവീട്ടിലേക്ക് പുറപ്പെട്ടു.

മാഷിന്റെ വീടിന് മുന്നിൽ ധാരാളം ആളുകൾ തിങ്ങിക്കൂടി നിൽക്കു ന്നുണ്ടായിരുന്നു. മുറ്റത്ത് പന്തലൊക്കെയിട്ട് കുറേ കസേരകളും നിരത്തി യിരുന്നു.

അവിടവിടെ നിന്നുയർന്ന പരേതന്റെ അപദാനങ്ങൾക്കിടയിലൂടെ ഞാൻ അകത്തേക്ക് പ്രവേശിച്ചു. പുകയുന്ന ചന്ദനത്തിരികളുടെയും പള്ളിയിൽ നിന്ന് കാശ് കൊടുത്തു വരുത്തിയ മുയ്ല്യാരുട്ടിമാരുടെ ഉറക്കം മുട്ടിയ ഖുർആൻ ഓത്തിനുമിടയിൽ മാഷ് വെള്ളപുതച്ചു കിടന്നു.

ജീവൻ വേർപെടുന്നതിന് തൊട്ട് മുൻപ് വരെ അനുഭവിച്ച മരണപീഢ യുടെ ചുഴിയും മലരിയും ആ മുഖത്ത് അപ്പോഴും ബാക്കി കിടപ്പുണ്ടായി രുന്നു. പറഞ്ഞുതുടങ്ങി പാതിക്ക് വെച്ചു നിർത്തിയ ഉപദേശവാചകം പോലെ ചുണ്ടുകൾ അൽപം തുറന്നുപിടിച്ചിരുന്നു.

മാഷിന്റെ മകൻ ഷംസീർ ഉപ്പാന്റെ ശിരോഭാഗത്തിരുന്ന് ഇഴചീന്തിയ

വാഴയിലകൊണ്ട് വീശി ഈച്ചകളെ ഓടിച്ചുക്കൊണ്ടിരുന്നു. മയ്യത്തിന്റെ പുറത്ത് ഒരു ഈച്ചയിരുന്നാൽ പോലും വലിയ വേദനയായിരിക്കുമത്രെ... പണ്ട് എന്റെ വല്യുമ്മ പറഞ്ഞു കേട്ട അറിവാണ്.

അപ്പോഴാണ് ഞാനത് ശ്രദ്ധിച്ചത്. മയ്യത്തിന്റെ വയറിനുമേൽ ഒരു വലിയ താക്കോൽകൂട്ടം വെച്ചിരിക്കുന്നു. വയറ് വീർക്കാതിരിക്കാനാണ്. ഒരു ഈച്ചയിരുന്നാൽ പോലും വേദനിക്കുന്ന മയ്യത്തിന്റെ മേൽ ഭാരമുള്ള ഒരു ചാവിക്കൊത്ത്...

പെട്ടെന്നാണ് പുറത്തു നിന്നൊരു ബഹളം കേട്ടത്. തൊട്ടുപിന്നാലെ കല്ലായിലേക്ക് കെട്ടിച്ചയച്ച മാഷിന്റെ ഇളയ മകൾ അസ്മ കരഞ്ഞു വിളിച്ചുകൊണ്ട് അകത്തേക്കോടി വന്ന് ആരുടെയും നെഞ്ച് പിളർക്കുന്ന നിലവിളിയോടെ ഉപ്പാന്റെ ചലനമറ്റ ശരീരത്തിലേക്ക് വീണു.

“ന്റെ ഉപ്പാ...”

അവൾ ഏങ്ങലടിച്ചു കരഞ്ഞു. അവളുടെ പുറകെ വന്ന ഭർത്താവും ഭർതൃവീട്ടുകാരും ആ കാഴ്ചക്ക് മുന്നിൽ ദുഃഖഭാരത്തോടെ തലതാഴ്ത്തി നിന്നു.

അവൾ മദ്രസയിൽ എന്റെ കൂടെ പഠിച്ചതാണ്. കുഞ്ഞുടുപ്പും മഫ്തയും ധരിച്ച് ഉപ്പാന്റെ വിരലിൽ തൂങ്ങി മദ്രസയിലേക്ക് വന്നിരുന്ന അവളെ അപ്പോൾ ഞാനോർത്തു പോയി.

ചന്ദനത്തിരിയുടെ ഗന്ധം. ഖുർആൻ സൂക്തങ്ങൾ. ഹൃദയഭേദകമായ നിലവിളികൾ. ആകെക്കൂടി വല്ലാത്തൊരു അന്തരീക്ഷം. മരണം ഒരു പ്രാപിടിയനെപ്പോലെ അവിടെക്കിടന്ന് ചിറകിട്ടടിച്ചു.

ഞാൻ കൂടുതൽ നേരം അവിടെ നിൽക്കാനാവാതെ പുറത്തേക്കിറങ്ങി പന്തലിന്റെ ഒരു ഓരം പറ്റി നിന്നു. അപ്പോഴും അകത്ത് നിന്ന് അവളുടെ നെഞ്ഞത്തടിയും നിലവിളിയും കേൾക്കാമായിരുന്നു.

പന്തലിനുള്ളിൽ മരിച്ചയാളുടെ മദ്ഹുകൾ മുറുമുറുപ്പുകളായി നിറഞ്ഞു. മാഷിന്റെ പേരക്കുട്ടികൾ വരുന്നവർക്കെല്ലാം സുലൈമാനി കൊടുക്കുന്നുണ്ടായിരുന്നു. എനിക്ക് വല്ലാത്ത അസ്വസ്ഥത തോന്നി. മരണദുഃഖത്തിനിടയിലും ഒരു ചായസൽക്കാരം.

കൃത്യം പതിനൊന്നു മണിക്കു തന്നെ മയ്യത്തെടുത്തു. കുടുംബാംഗങ്ങളുടെ കൂട്ടനിലവിളികൾക്കിടയിലൂടെ, മാഷ് നിത്യവും അഞ്ചുനേരം പള്ളിയിലേക്ക് പോയിരുന്ന വഴിയിലൂടെ, ദിക്റിന്റെ അകമ്പടിയോടെ മാഷിന്റെ വിലാപയാത്ര നീങ്ങി.

അടുത്തകാലത്ത് ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുത്ത മയ്യത്ത്

നിസ്കാരമായിരുന്നു അത്. പള്ളിയുടെ രണ്ടാംനില വരെ ആളുകൾ തിങ്ങിനിന്ന് മാഷിന്റെ ജനാസ നിസ്കരിച്ചു.

മാഷിന്റെ കഫൻ ചെയ്ത ശരീരം ഇറക്കിവെച്ച ഖബറിലേക്ക് എന്റെ വകയായി രണ്ട് പിടി മണ്ണ് വാരിയിടുമ്പോൾ ഞാൻ ആലോചിച്ചു. ഇന്നലെ സന്ധ്യക്ക് എന്നോട് സംസാരിച്ചു കൊണ്ട് നിൽക്കുമ്പോൾ മാഷ് വിചാരിച്ചിട്ടുണ്ടാകുമോ നാളെ ഈ സമയം താൻ ഖബറിനുള്ളിലായിരിക്കുമെന്ന്?

ഖബറടക്കം കഴിഞ്ഞ് മടങ്ങി വരവേ ഒരിക്കൽ കൂടി മരണവീട്ടിലൊന്ന് കയറാമെന്നു വിചാരിച്ചു. മാഷിന്റെ ഭാര്യ എന്നെ പഠിപ്പിച്ച ടീച്ചറാണ്. ഒന്നു കണ്ട് എന്തെങ്കിലും ഒരു ആശ്വാസവാക്ക് പറയാതെ...

പക്ഷെ... തിരിച്ചു വന്നപ്പോൾ മരണവീട്ടിലെ അന്തരീക്ഷം ആകെ മാറിയിരുന്നു. ആ വീട്ടിലെ വിശേഷപ്പെട്ട ഒരു അംഗത്തിന്റെ വിയോഗം തീർത്ത ഘനാന്തരീക്ഷത്തിന് ആകെപ്പാടെ ഒരു ലാഘവം കൈവന്നിരുന്നു. കരച്ചിലില്ല. മൂടിക്കെട്ടലില്ല. കുട്ടികൾ പന്തലിൽ ഓടിക്കളിക്കുന്നുണ്ടായിരുന്നു. പിന്നാമ്പുറത്തു നിന്ന് ഇറച്ചി വേവുന്നതിന്റെ മണം വരുന്നുണ്ടായിരുന്നു.

എന്നെ കണ്ടതും മാഷിന്റെ മകൻ ഷംസീർ അടുത്തേക്ക് വന്നു. അവനോട് എന്തെങ്കിലും ഒരാശ്വാസവാക്ക് പറയണമെന്നു കരുതിയിരുന്നെങ്കിലും അവന്റെ മുഖം കണ്ടപ്പോൾ അതിന്റെ ആവശ്യമുള്ളതായി തോന്നിയില്ല.

"ഇരിക്കിൻ. ഊണു കഴിച്ചിട്ട് പോകാം." അവൻ പറഞ്ഞു.

"വേണ്ട. ഇത്തിരി തിരക്കുണ്ട്." ഞാൻ പറഞ്ഞു.

"ഉമ്മാനെയൊന്നു കാണാൻ..."

"അത്... ഉമ്മ ഇന്നു മുതൽ 'മറ'യിലാണ്. ഇനി കുറച്ചു ദിവസത്തേക്ക്... അന്യപുരുഷന്മാരെ..."

"ഓ. സാരമില്ല. എങ്കി ഞാനെറങ്ങട്ടെ..."

അപ്പോൾ മാഷിന്റെ മകൾ അസ്മ എന്നെ കണ്ട് അടുത്തേക്ക് വന്നു. ചിരകാല ലോഹ്യത്തോടെ അവൾ എന്റെ ഭാര്യയുടെയും കുട്ടിയുടെയും സുഖവിവരങ്ങളന്വേഷിക്കാൻ തുടങ്ങി. അവളുടെ മുഖത്ത് ദുഖമോ ശബ്ദത്തിന് പതർച്ചയോ ഉണ്ടായിരുന്നില്ല. കുറച്ചു മുമ്പ് ഉപ്പാന്റെ മയ്യത്ത് കെട്ടിപ്പിടിച്ചു കരഞ്ഞത് മറ്റാരോ ആണെന്ന് എനിക്ക് തോന്നിപ്പോയി.

"ഞാനെറങ്ങട്ടെ..."

“നിക്ക്. ഭക്ഷണം കഴിച്ചിട്ട് പോകാം.”

“വേണ്ട. എനിക്കിത്തിരി തെരക്കുണ്ട്.”

“ദാ.. നെയ്ചോറും ഇറച്ചീമൊക്കെ റെഡിയായി. കഴിച്ചിട്ട് പോകാം.”

“വേണ്ട.” ഞാൻ തീർത്ത് പറഞ്ഞു.

എന്റെയുള്ളിൽ കാലുഷ്യത്തിന്റെ കയ്പ്പ് വന്നടിഞ്ഞു. വീട്ടിലെ ഒരു അംഗം മരിച്ചിട്ട് മയ്യത്ത് കട്ടിലിന്റെ ചൂടാറിയിട്ടില്ല. ഖബറിലെ മണ്ണുണങ്ങിയിട്ടില്ല. വീട്ടുമുറ്റത്തെ പന്തൽ പോലും അഴിച്ചിട്ടില്ല. അപ്പോഴേക്കും ഇവിടെ നെയ്ചോറും ഇറച്ചിയും...

ഞാനവരോട് യാത്ര പറഞ്ഞ് വേഗം പുറത്തിറങ്ങി. വീടിനോട് ചേർന്ന ഇടവഴിയിലൂടെ എന്റെ വീടിനു നേർക്ക് നടക്കുമ്പോൾ മരണവീടിന്റെ അടുക്കളയിൽ നിന്ന് വിരുന്നുവട്ടങ്ങളുടെ കോലാഹലങ്ങൾ കേൾക്കാമായിരുന്നു.

ഇറച്ചിക്കലത്തിലെ ആവി പോലെ ഒരു ചൂടുകാറ്റ് എന്നെ ഉരസിക്കടന്നുപോയി.

അപ്പോൾ ആകാശത്തിന്റെ അടരുകൾക്കിടയിലെവിടെയോ ഇരുന്ന് മാഷ് മന്ത്രിക്കുന്നതായി എനിക്ക് തോന്നി.

“നമ്മുടെയൊക്കെ കാര്യം ഇത്രയേയുള്ളൂ...”

*(ദേശാഭിമാനി, 2013)*

# തീവണ്ടിമുറിയിലെ ക്രൂശിതരൂപം

**തി**ങ്കളാഴ്ചയായതിനാൽ ട്രെയിനിൽ നല്ല തിരക്കായിരുന്നു. രണ്ട് ദിവസത്തെ അവധി കഴിഞ്ഞ് ജോലിസ്ഥലത്തേക്കും കോളേജുകളിലേക്കും മടങ്ങുന്നവരെയും മറ്റു യാത്രക്കാരെയും കൊണ്ട് എല്ലാ കമ്പാർട്ട്മെന്റുകളും നിറഞ്ഞുകവിഞ്ഞിരുന്നു. കാറ്റും വെളിച്ചവും കടക്കാത്ത വിധം ജനാലകളും വാതിലുകളും മറച്ചുകൊണ്ട് തിക്കിക്കുത്തി നിൽക്കുന്ന ആളുകൾ. ബെർത്തുകളിൽപോലും ആളുകൾ കയറി ഇരിക്കുന്നു. സ്ത്രീകളും പുരുഷന്മാരും പരസ്പരം ഉച്ഛ്വാസവായു മുഖത്തടിക്കും വിധം മുട്ടിയുരുമ്മി നിൽക്കുന്നു.

ഒരു പെരുമ്പാമ്പിന്റെ വയറ്റിലെന്നപോലെ എല്ലാവരും ദഹിച്ചുകൊണ്ടിരുന്നു. വയറുനിറഞ്ഞ പാമ്പിന്റെ ഏമ്പക്കം പോലെ ഇടയ്ക്കിടെ ട്രെയിനിന്റെ ചൂളംവിളി.....

അതിനിടയിലാണ് ഞാനയാളെ ശ്രദ്ധിച്ചത്.

വെള്ളമുണ്ടും ഷർട്ടും ധരിച്ച ആ കുറിയ മനുഷ്യന്റെ തലമുടി മുഴുവൻ നരച്ചിരുന്നു. ആൾ നന്നേ പരവശനാണ്. ഇരുവശത്തെ ബെർത്തുകളിലും അള്ളിപ്പിടിച്ച് ഇടതുതോളിലേക്ക് മുഖം ചെരിച്ചുകൊണ്ട് ഒരു ക്രൂശിതരൂപം പോലെ അയാൾ നിന്നു. കാലം ജീവസ്സൂറ്റിയെടുത്ത അയാളുടെ മുഖം ഒരു മുഷിഞ്ഞ പഴന്തുണി പോലെ വാടിത്തൂങ്ങി നിന്നു. അയാളുടെ ചുളിഞ്ഞ കൺതടങ്ങളിലും മടക്കുവീണ കഴുത്തിലും ഒരു പാറക്കെട്ടിലെന്ന പോലെ നീർച്ചാലുകൾ തേമ്പി നിന്നു. കമ്പാർട്ട്മെന്റിന്റെ ചലനത്തിനൊപ്പം അയാളും പതുക്കെ മുന്നോട്ടും പിന്നോട്ടും ചാഞ്ചാടിക്കൊണ്ടിരുന്നു. ഏത് നിമിഷവും താഴെ വീണേക്കാമെന്ന മട്ടിൽ അയാളുടെ ഇടത്തെകൈയിൽ ഒരു ചെറിയ ലെതർബാഗ് തൂങ്ങിയാടിക്കൊണ്ടിരുന്നു.

തൃശൂരിൽ നിന്ന് കണ്ണൂർ വരെ പോകുന്ന പാസഞ്ചർ ട്രെയിനാണത്. ഒമ്പതര മണിക്ക് കോഴിക്കോടെത്തും. അതിനാൽ കോഴിക്കോട്, ഫറോക്ക് ഭാഗങ്ങളിലേക്ക് ജോലിക്ക് പോകുന്നവരും കോളേജ് വിദ്യാർത്ഥികളും സ്ഥിരമായി ആശ്രയിക്കുന്ന വണ്ടിയാണിത്. കൂടുതലും സീസൺ ടിക്കറ്റ് യാത്രക്കാരാണ്. കോഴിക്കോടെത്തുന്നതോടെ വണ്ടി ഏറെക്കുറെ കാലിയാകും.

തിരക്കുകാരണം വണ്ടി ഏതെല്ലാം സ്റ്റേഷനിലാണ് നിൽക്കുന്നതെന്നൊരു പിടിയുമില്ല. ഓരോ സ്റ്റേഷനിലെത്തുമ്പോഴും ഇറങ്ങാനുള്ളവർ ബാഗുകളും കുട്ടികളും മറ്റുമായി വെപ്രാളപ്പെട്ട് സഹയാത്രികരെ തുരന്നുനീങ്ങി വാതിൽക്കലെത്തുന്നു. എന്നാൽ അവർ ഇറങ്ങുന്നതിന് മുമ്പേ അതിലേറെയാളുകൾ ബാഗുകളും കുട്ടികളും മറ്റുമായി വ്യഗ്രതയോടെ ഇരമ്പിക്കയറി വരുന്നു.

ഇന്നത്തെ ഈ യാത്ര ഒഴിവാക്കാമായിരുന്നു. ഞാൻ സ്വയം കലിപ്പെട്ടു. പക്ഷെ എന്തു ചെയ്യാൻ? എല്ലാവരും കൂടി ഫോണിൽ സംസാരിച്ചുറപ്പിച്ചതല്ലേ ഇന്നത്തെ ഈ ഒത്തുകൂടൽ? അതും എത്രയോ വർഷങ്ങൾക്ക് ശേഷം.... ജയരാജാണ് എല്ലാത്തിനും ചുക്കാൻ പിടിക്കുന്നത്.

ഇടയ്ക്കെന്റെ ശ്രദ്ധ വീണ്ടും അയാളിലേക്ക് തിരിഞ്ഞു. അയാൾക്കെന്തോ കുഴപ്പമുണ്ട്. പ്രായത്തിന്റെ വള്ളിപ്പടർപ്പുകൾ പൊങ്ങിയ മുഖം ഇടയ്ക്കിടെ വക്രിക്കുന്നു. ചുണ്ടുകൾ വിറയ്ക്കുന്നു. നരപടർന്ന പുരികക്കൊടികൾ സ്വയം കമാനങ്ങളും ലംബരേഖകളും വരയ്ക്കുന്നു...

ഞാൻ അയാളെ പതുക്കെ തൊട്ടുവിളിച്ചു. അയാൾ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ എന്നെ കണ്ണുതുറന്നുനോക്കി.

“എന്തേ വയ്യേ..?” ഞാൻ ചോദിച്ചു.

അയാൾ ഒന്നും മിണ്ടിയില്ല. എല്ലാവരുടെയും ശ്രദ്ധ ഞങ്ങളിലേക്ക് തിരിഞ്ഞു.

“ഇരിക്കണോ?” ഞാൻ ചുറ്റുമൊന്ന് കണ്ണോടിച്ചുകൊണ്ട് ചോദിച്ചു.

ഇരിക്കുന്നവരെല്ലാം ഞങ്ങളെ പകപ്പോടെ മാറിമാറി നോക്കി. ഒരു സ്ഥാനത്യാഗം വേണ്ടി വരുമോ എന്ന ആശങ്ക എല്ലാവരുടെ മുഖത്തും തിടമ്പേറ്റി നിന്നു.

പക്ഷെ അയാൾ വേണ്ടന്ന് തലയാട്ടി.

പലർക്കും ആശ്വാസം.

“എവിടേക്കാ?” കുടുംബസമേതം സീറ്റിലിരിക്കുന്ന ഒരു മദ്ധ്യവയസ്ക്കൻ ചോദിച്ചു.

“ക്... കോഴിക്കോട്ടേക്ക്...” അയാളുടെ സ്വരം പരിക്ഷീണമായിരുന്നു.

മദ്ധ്യവയസ്ക്കൻ വീണ്ടും തന്റെ കൊച്ചുവർത്തമാനങ്ങളിലേക്ക് മടങ്ങി. അയാൾ തന്റെ സീറ്റ് ആ പാവത്തിന് ഒഴിഞ്ഞുകൊടുക്കുമെന്ന് ഞാൻ കരുതി. പക്ഷെ അത്തരം അത്യാഹിതങ്ങളൊന്നും സംഭവിച്ചില്ല. ഭാഗ്യം!

അയാൾ അതേ നില്പിൽ യാത്ര തുടർന്നു. പക്ഷെ തന്നെ മറ്റുള്ളവർ ശ്രദ്ധിക്കുന്നുണ്ടെന്ന് മനസ്സിലാക്കിയതിനാലാവണം, അയാൾ അൽപം ഊർജ്ജം സംഭരിച്ച് ക്ഷീണം വെടിഞ്ഞു നിന്നു.

ഫറോക്കെത്തിയപ്പോൾ അൽപം തിരക്കൊഴിഞ്ഞു. ഒഴിവുവന്ന ഒരു സീറ്റിൽ ഞാനയാളോടിരുന്നോളാൻ പറഞ്ഞു. സ്വർഗ്ഗപ്രവേശം നേടിയ കൃതാർത്ഥതയോടെ എന്നെയൊന്നു നോക്കിയിട്ട് അയാൾ ആ സീറ്റിലിരുന്നു.

എന്റെ ഷർട്ടൊക്കെ ചുളിഞ്ഞിരുന്നു. കാലത്ത് കുറേ സമയമെടുത്ത് ഇസ്തിരിയിട്ടതാണ്. സാരമില്ല. ഇനി പത്ത് മിനിട്ട് കൂടിയല്ലേയുള്ളൂ.

പെട്ടെന്നെന്റെ സെൽഫോൺ എന്നെ ചിണുങ്ങിവിളിച്ചു. ജയരാജാണ്.

“എവിടെ ഇഷ്ടാ?”

“ഞാനിതാ എത്തി. ട്രെയിനിലാണ്.”

“സ്ഥലമറിയാലോ നിനക്ക്?”

“ഹോട്ടൽ മഹാറാണിയല്ലേ?”

“അതെ. പെട്ടെന്നാട്ടെ. ഇവിടെല്ലാരും എത്തിക്കഴിഞ്ഞു. എത്ര കാലായി നിന്റെ ആ തിരുമോന്തയൊന്നു കണ്ടിട്ട്...”

ഞാൻ സെൽഫോൺ കട്ട് ചെയ്തിട്ട് ഉള്ളാലെ ചിരിച്ചു. ശരിയാണ്. വർഷങ്ങളേറെയായി....

“കുട്ട്യേ...”

ഞാൻ തിരിഞ്ഞുനോക്കി. അയാളാണ്.

“എന്തേ?”

“നിക്ക്... നിക്കൊരു ഫോൺ ചെയ്യണാരുന്നു...” അയാളുടെ കണ്ണുകളിൽ വല്ലാത്തൊരു അപേക്ഷാഭാവം.

ഞാൻ പോക്കറ്റിൽ നിന്ന് സെൽഫോണെടുത്ത് അയാൾക്ക് നീട്ടി. പക്ഷെ അയാൾ തന്റെ ലെതർബാഗിൽ നിന്ന് ഒരു മുഷിഞ്ഞ കടലാസെടുത്ത് നീട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു.

"ഇതാ നമ്പറ്... നിക്കീ സാധനം ഉപയോഗിക്കാനറിയില്ല."

ഞാനാ കടലാസ് വാങ്ങി നമ്പർ നോക്കി അയാൾക്ക് ഡയൽ ചെയ്ത് കൊടുത്തു. അയാൾ പരിചയക്കേടോടെ ഫോൺ വാങ്ങി ചെവിയോട് ചേർത്തു. മറുതലയ്ക്കൽ ഫോൺ ബെല്ലടിക്കുന്നതിനൊപ്പം അയാളുടെ നെഞ്ചിടിപ്പിന്റെ താളപ്പെരുക്കം എനിക്കുറക്കെ കേൾക്കാമായിരുന്നു.

ആരോ ഫോണെടുത്തിരിക്കണം. അയാൾ സംസാരിച്ചുതുടങ്ങി.

"ഹലോ... ഹരീഷ്ണനല്ലേ... ഇ.. ഇത്... ഇതച്ഛനാ... ഞാനങ്ങോട്ടേക്ക് വന്നോണ്ടിരിക്ക്യാ... നിക്കൊന്ന് കാണണം... അത്... അമ്മയ്ക്കൊരു മേലായ്ക... നാലഞ്ചീസായി... ഗോപി ഡാക്ടർടവിടെ കെടത്തീർക്ക്യാ... നിന്നെയൊന്നു കാണണംന്ന് കൊറേയായി പറയ്ണൂ... എന്ത്? ഓഫീസുണ്ടോ? എങ്കി ഞാനവടയ്ക്ക് വരാം... ഇല്ല... എനിക്കിന്നന്നെ മടങ്ങണം... അമ്മയവിടെ തനിച്ചാ... വിളിച്ചാ നീ വരണ്ടാന്ന് പറയും... അതാ പൊറപ്പെടണേന് മുമ്പ് വിളിക്കാഞ്ഞേ..."

അയാൾ നിർത്തിയപ്പോൾ മറുതലയ്ക്കൽ നിന്ന് എന്തോ പറയുന്നു. അത് കേൾക്കേ അയാളുടെ മുഖത്ത് കാറ്റും കോളും നിറയുന്നത് ഞാൻ കണ്ടു.

എന്റെയുള്ളിലും വല്ലാത്തൊരു എരിപിരി സഞ്ചാരമായിരുന്നു. എന്റെ കാശ് തീർത്തുകൊണ്ടാണ് ഇയാൾ കുടുംബകാര്യങ്ങൾ പറയുന്നത്.

"അങ്ങനെ പറയരുത് ഹരീഷ്ണാ... നിന്റമ്മയല്ലേ? ഒന്ന് വന്ന്... വേണ്ട... നമുക്ക് നേരിട്ട് സംസാരിക്കാം... എവിട്യാ നിന്റെ ഓഫീസ്? ആ പഴയ സ്ഥലത്തന്ന്യാണോ? ഹലോ... ഹരീഷ്ണാ... ഹലോ... ഹലോ..."

ഫോൺ കട്ടായി. അയാൾ നിരാശയോടെ ഫോൺ എനിക്ക് തിരികെ നീട്ടി.

കോഴിക്കോടെത്തി. തീവണ്ടിയുടെ കോശങ്ങളിൽ നിന്ന് വൈറസുകൾ പോലെ ആളുകൾ നഗരത്തിന്റെ ഞരമ്പുകളിലേക്ക് പടർന്നു കയറി.

ഓട്ടോറിക്ഷക്ക് വേണ്ടി ക്യൂ നിൽക്കുമ്പോൾ പുറകിൽ നിന്ന് അയാളുടെ ശബ്ദം.

"കുട്ടി മാവൂർ റോഡിലിക്കാണോ?"

"അല്ല... എന്തേ?"

"ഹേയ്... ആണെങ്കി നിക്കൂടെ വരാർന്നൂ... നിക്കിവിടത്ര നിശ്ശല്യ..."

"കേറിക്കോളൂ. മാവൂർ റോഡിലിറക്കിത്തരാം..."

നഗരത്തിന്റെ തിരക്കിനെ തുരന്നുകൊണ്ട് ഓട്ടോറിക്ഷ നീങ്ങി.

ആദ്യമായി പുറംലോകം കാണുന്ന കുട്ടിയുടെ കൗതുകത്തോടെ അയാൾ പുറത്തെ കാഴ്ചകൾ കണ്ടിരിക്കുകയാണ്.

“മാവൂർ റോഡിലെവിട്യാ?” ഞാൻ ചോദിച്ചു.

“അത്... കെ. എസ്. ആർ. ടി. സിക്കടുത്താന്നാ തോന്നുന്നേ...”

“മകന്റെ അഡ്രസ്സില്ലേ കയ്യിൽ?”

“ഇല്ല.” അയാളുടെ മുഖത്ത് ജാള്യത. കാര്യങ്ങൾ ഏതാണ്ട് ഞാൻ മനസ്സിലാക്കിയതിന്റെ ഒരു...

“മാവൂർ റോഡിലിറങ്ങി ഞാനന്വേഷിച്ചോളാം.”

അയാൾ വീണ്ടും പുറത്തേക്ക് തിരിഞ്ഞിരുന്നു.

• • •

അതൊരു നീണ്ട പകലായിരുന്നു.

മൂന്നാമത്തെ പ്ളാറ്റ്ഫോമിൽ നിൽക്കുന്ന മടക്കവണ്ടി ലക്ഷ്യമാക്കി ഫ്ളൈ ഓവർ കയറി വരുമ്പോൾ ഞാൻ ആലോചിച്ചു.

ശീതീകരിച്ച ഹോട്ടൽ മുറിയിൽ എന്തൊക്കെയോ സംസാരിക്കാനുണ്ടായിരുന്നിട്ടും ഒന്നും മിണ്ടാനാവാതെ മൗനത്തിന്റെ ശീതക്കാറ്റേറ്റിരുന്ന ഞങ്ങൾക്ക് മുന്നിൽ ഒരു തീവണ്ടിയാത്രയിലെ പുറംകാഴ്ചകൾ പോലെ വർഷങ്ങൾ പുറകോട്ടോടി മറഞ്ഞു.

കാലത്തിന്റെ അയക്കോലിൽ നിന്ന് അലക്കിവെളുപ്പിച്ച ഓർമ്മകൾ ഊർന്നുവീണു...

മൂന്നാമത്തെ പ്ളാറ്റ്ഫോമിൽ നിന്നിരുന്ന ഷൊർണൂർ പാസഞ്ചറിൽ തിരക്ക് വളരെ കുറവായിരുന്നു. ധാരാളം സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു. ഞാൻ ഏറ്റവും നല്ല സീറ്റ് അന്വേഷിച്ച് ഓരോ ബോഗിയിലും പാളി നോക്കിക്കൊണ്ട് പ്ളാറ്റ്ഫോമിലൂടെ നടന്നു. കാലത്ത് ഒരു ഇരിപ്പിടത്തിനുവേണ്ടി എന്റെ കാലുകൾ കഴച്ചത് അപ്പോൾ ഞാനോർത്തില്ല.

ഇടയ്ക്കെന്റെ കണ്ണുകൾ പ്ളാറ്റ്ഫോമിലെ സിമന്റ് ബെഞ്ചിൽ തല താഴ്ത്തിയിരിക്കുന്ന ഒരാളെ കടന്നുപോയി. ഞാനെന്റെ കണ്ണുകളെ അല്പം പുറകോട്ട് വലിച്ചു. അതെ. അയാൾ തന്നെ... കാലത്ത് ഞാൻ ഓട്ടോയിൽ കയറ്റി മാവൂർ റോഡിലിറക്കിവിട്ട അതേ മനുഷ്യൻ....

“ഹലോ...” ഞാനയാളുടെ അടുത്തേക്ക് ചെന്ന് വിളിച്ചു.

അയാൾ ഒരു ദു:സ്വപ്നത്തിൽ നിന്നെന്ന പോലെ ഞെട്ടി മുഖമുയർത്തി നോക്കി. അയാൾ രാവിലത്തേതിനേക്കാൾ ക്ഷീണിതനായിരുന്നു. ആ മുഖം വെയിലേറ്റ് കരുവാളിച്ചിരുന്നു. കണ്ണുകൾ കുറേക്കൂടി

ഉൾവലിഞ്ഞിരുന്നു.

"മകനെ കണ്ടോ?" ഞാൻ ചോദിച്ചു.

അയാൾ തലയാട്ടി.

ഞാനയാളുടെ അടുത്തിരുന്നു.

"ചായ കുടിക്കുന്നോ?"

അയാൾ എന്റെ മുഖത്തേക്കൊന്നു നോക്കിയിട്ട് വേണ്ട എന്ന് തലയാട്ടി. പക്ഷെ ഞാനയാൾക്കും എനിക്കും ഓരോ ചായ വാങ്ങി. കഴിക്കാൻ വല്ലതും വാങ്ങാൻ അയാൾ സമ്മതിച്ചില്ല.

"വണ്ടി പുറപ്പെടാറായി. അകത്തേക്കിരിക്കാം."

അയാൾ അനുസരണയോടെ എന്നെ ഒരു കമ്പാർട്മെന്റിനുള്ളിലേക്ക് അനുഗമിച്ചു. ജനാലയ്ക്കരികിലായുള്ള സീറ്റുകളിൽ ഞങ്ങൾ മുഖാമുഖമിരുന്നു.

"എവിട്യാ ഇറങ്ങ്വാ?" ഞാൻ ചോദിച്ചു.

"പള്ളിപ്പുറം."

ഒരു നിമിഷത്തെ മൗനത്തിന് ശേഷം അയാൾ എന്റെ കൈപ്പടം തൊട്ടുകൊണ്ട് ചോദിച്ചു.

"വിരോധല്യങ്കി... ഒരു ഫോൺ കൂടി... കാലത്ത് വിളിച്ച നമ്പറിലേക്ക്..."

"ഓ... അതിനെന്താ?" ഞാൻ കാലത്ത് വിളിച്ച നമ്പർ ഫോണിൽ തപ്പിയെടുത്ത് വീണ്ടും വിളിച്ച് അയാൾക്ക് കൈമാറി.

"ഹലോ... ഹരീഷ്ണാ... ഓ... മായമോളാണോ? ഇതച്ഛനാ... ഹരീഷ്ണനെന്തിയേ? കുളിക്കുവാണോ? ഞാനിന്നവന്റെ ഓഫീസിൽ വന്നിരുന്നു. പറഞ്ഞില്ലേ അവൻ? ഇല്ലേ...? അമ്മയ്ക്ക് നല്ല സുഖംല്യ... ഒന്നും പറഞ്ഞില്ലേ അവൻ?"

ഒരു ചെറിയ മൗനം. പിന്നെ...

"മോളേ..." ആ വിളിയിൽ നിസ്സഹായനായ ഒരാത്മാവിന്റെ തേങ്ങലുണ്ടായിരുന്നു.

അയാളുടെ ശബ്ദത്തിനൊപ്പം എന്തുകൊണ്ടോ കമ്പാർട്മെന്റാകെയൊന്നു വിറച്ചു.

"ഞാനല്ലേ നിങ്ങളോട് തെറ്റ് ചെയ്തത്? അവന്റെ പാവം അമ്മയെന്ത് പിഴച്ചു? അമ്മ കെടപ്പിലാ... അവനെ ചോയ്ക്കണ്ണ്ട്... അവനോടൊന്നി

ത്രേടം വരാമ്പറേണം... നീ പറഞ്ഞാ അവൻ കേക്കും.. മോള് പറയ്യോ അവനോട്..? അന്ന് നിങ്ങക്ക് വേണ്ടി എന്റെ കാല് പിടിച്ചു കരഞ്ഞ അവന്റെ അമ്മ ഇപ്പോൾ ഓരോ നിമിഷോം കൊറേശ്ശെ ഇല്ലാണ്ടായിക്കൊണ്ടിരിക്ക്യാന്ന്...”

അയാൾ ഫോൺ എന്റെ കൈയിൽ തിരികെ തന്നിട്ട് നിറഞ്ഞ കണ്ണുകൾ തുടച്ച ശേഷം ജനാലക്കമ്പികളിൽ തല ചാരി കണ്ണടച്ചു.

അയാൾ ഉറങ്ങുകയാണോ?

എനിക്കെന്തൊക്കെയോ ചോദിക്കണമെന്നുണ്ടായിരുന്നു. പക്ഷെ.... വേണ്ട...

വണ്ടി കുറ്റിപ്പുറം പിന്നിട്ടപ്പോൾ ഞാനയാളെ പതുക്കെ വിളിച്ചുണർത്തി.

“അടുത്തത് പള്ളിപ്പുറാണ്...”

“ഓ...” അയാൾ ചുറ്റുപാടും നോക്കിയിട്ട് പറഞ്ഞു. “ഞാനൊന്ന് മുഖം കഴുകി വരാം. ഈ ബാഗൊന്നു നോക്കണേ...”

അയാൾ ബാഗ് സീറ്റിൽ വെച്ചിട്ട് കുളിമുറിയുടെ നേർക്ക് നടന്നു നീങ്ങുന്നത് നോക്കി ഞാനിരുന്നു.

അപ്പോൾ എന്റെ സെൽഫോൺ  റിംഗ് ചെയ്തു. ഞാൻ നമ്പർ നോക്കി.  അയാളുടെ മകന്റെ നമ്പറാണ്. അയ്യോ... അയാൾ ബാത്ത്റൂമിലാണല്ലോ?

അഞ്ച് മിനിട്ട് കഴിഞ്ഞ് വിളിക്കാൻ പറയുന്നതിനായി ഞാൻ ഫോൺ കാതോട് ചേർത്തു. പക്ഷെ...  അങ്ങോട്ടെന്തെങ്കിലും പറയും മുമ്പേ പെരുവെള്ള പ്രവാഹം പോലെ മറുതലയ്ക്കൽ നിന്ന് വാക്കുകൾ തടയണ ഭേദിച്ചു വന്നു.

“ഓഫീസീ വന്നപ്പൊ ഞാൻ പറഞ്ഞതല്ലേ ഇനി മേലിൽ വരരുതെന്നും വിളിക്കരുതെന്നുമൊക്കെ? ഒരിക്കൽ എല്ലാം അവസാനിപ്പിച്ചതാണ്. ഇനിയെന്നും അങ്ങനെയായിരിക്കും. പട്ടിയെപ്പോലെ ആട്ടിയിറക്കി വിടുമ്പൊ ഓർക്കേണ്ടതായിരുന്നു ഒരു കാലത്ത് മക്കൾടെ ആവശ്യം വരുമെന്ന്... ഇനി മേലിലിങ്ങോട്ട്...”

“ഹലോ... ഒന്ന് നിർത്ത്.”  ഞാനിടയ്ക്ക് കയറിപ്പറഞ്ഞു. “നിങ്ങളാരോടായീ സംസാരിക്കുന്നേ...?”

“ഇത്... ഇത്.. ഇതാരുടെ നമ്പറാ?”

“നിങ്ങൾക്കാരെയാ വേണ്ടേ...?”

“ഈ... ഈ നമ്പറീന്നെന്റെ അച്ഛനെന്നെ രണ്ട് തവണ വിളിച്ചിരുന്നു. ഞാൻ കരുതി ഇതെന്റെ അച്ഛന്റെ നമ്പറായിരിക്കുമെന്ന്. സോറി...”

“നിങ്ങടെ സ്വന്തം അച്ഛന്റെ മൊബൈൽ നമ്പർ നിങ്ങൾക്കറിയില്ലേ?”

“അത്... പിന്നെ...”

“അത് പോട്ടെ... നിങ്ങടെ അച്ഛന് മൊബൈലുണ്ടോന്നെങ്കിലും അറിയോ നിങ്ങൾക്ക്?”

മറുതലയ്ക്കൽ മൗനം.

“എങ്കി ഫോൺ വെക്കടോ ബാസ്റ്റേർഡ്...”

അരിശത്തോടെ ഫോൺ ഓഫ് ചെയ്തിട്ട് നിവർന്ന് നോക്കിയ ഞാൻ ഞെട്ടിപ്പോയി. മുന്നിൽ അയാൾ...

എനിക്കാകെ വല്ലായ്മ തോന്നി. അയാളുടെ മകനെ ഞാൻ തന്തയില്ലാത്തവനെന്ന് വിളിച്ചതയാൾ കേട്ടു. എനിക്കതിന്റെ ആവശ്യമില്ലായിരുന്നു...

പക്ഷെ അയാൾ ഒന്നും മിണ്ടാതെ ബാഗുമെടുത്ത് കക്ഷത്ത് വെച്ചുകൊണ്ട് പറഞ്ഞു.

“എങ്കി... ഞാനെറങ്ങ്വാ. കാണാം...”

അയാൾ വാതിലിനുനേർക്ക് നടക്കുമ്പോൾ ഞാൻ കുറ്റബോധത്തോടെ പുറകെ ചെന്നു.

“ക്ഷമിക്കണം. ഞാനറിയാതെ...”

“സാരമില്ല.” അയാൾ എന്റെ ചുമലിൽ തട്ടിക്കൊണ്ട് പറഞ്ഞു.

ട്രെയിൻ നിന്നപ്പോൾ അയാളിറങ്ങി. പ്ളാറ്റ്ഫോമിൽ ഇറങ്ങിനിന്നിട്ട് അയാൾ എന്നെ തിരിഞ്ഞു നോക്കി. പിന്നെ എന്തോ ഓർത്തിട്ടെന്നപോലെ പറഞ്ഞു.

“വല്യ വാശിക്കാരനായിരുന്നു ഞാൻ. എന്റെ മോൻ എന്നേക്കാൾ വലിയ വാശിക്കാരനായി. സാരല്യ... അവനൂണ്ടല്ലോ ഒരു മോൻ...”

അവസാനത്തെ വാചകം അയാൾ പറഞ്ഞത് ആകാശത്തിന്റെ അനന്തതയിലേക്ക് ദൃഷ്ടിയുറപ്പിച്ചുകൊണ്ടാണ്. ഒരു പ്രാർത്ഥനപോലെ...

പിന്നെ അയാൾ ബാഗും കക്ഷത്തിലിടുക്കി പ്ളാറ്റ്ഫോമിലൂടെ നടന്നുനീങ്ങി.

*(വനിത, 2012)*

പഠനം

# സമൃദ്ധ സ്മൃതികൾക്കിടയിൽ ഉരുണ്ടുകൂടുന്ന മഴവീടുകൾ

**സുധീർ പറൂര്**

**സൂ**ക്ഷ്മവും തീക്ഷ്ണവുമായ വാക്കുകൾകൊണ്ട് സമാന ഹൃദയങ്ങളിലേക്ക് നേരിന്റെ നോവും നൊമ്പരവും സന്നിവേശിപ്പിക്കുക എന്നതാണ് കെ.പി. നജീമുദ്ദീന്റെ കഥാധർമ്മം എന്ന് തോന്നുന്നു. സുഖലോലുപമായ ജീവിത ചുറ്റുപാടുകളുടെ കടുത്തവർണ്ണങ്ങൾക്കിടയിൽനിന്ന് വർണ്ണങ്ങളില്ലാത്ത വരണ്ട ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് ആസ്വാദകരെ തട്ടിയുണർത്തുന്ന സർഗപ്രക്രിയ ഇദ്ദേഹത്തിന്റെ 'മഴവീട്' എന്ന സമാഹാരത്തിലെ മിക്ക കഥകളിലും ദർശിക്കാവുന്നതാണ്. എ.സിയുടെ സുഖശീതളിമയിൽ നിന്ന് മരുഭൂമിയിലെ വരണ്ട കാറ്റിനെക്കുറിച്ച് ചിന്തിക്കുക എന്നത് ഒരർത്ഥത്തിൽ മറുപുറം തേടലാണ്. സുഖങ്ങളുടെ മായിക പ്രപഞ്ചത്തിൽ നിന്നുപോലും അശാന്തിയുടെ, ആത്മരോഷത്തിന്റെ, ആർത്ത ജീവിതത്തിന്റെ മറുപുറത്തേയ്ക്ക് ആസ്വാദകനെ ആനയിക്കുന്ന ഒൻപത് കഥകളാണ് 'മഴവീട്' എന്ന ഈ കൃതിയിൽ സമാഹരിച്ചിരിക്കുന്നത്.

ആദിമ ഗോത്ര സംസ്കൃതിയിൽ നിന്നും ആധുനിക കൊളോണിയൽ സംസ്കൃതിവരെ മനുഷ്യൻ ഏറെ വളർന്നുവെങ്കിലും ഈ വളർച്ചയുടെ മാസ്മരികമായ സുഖലോകത്തിന്റെ പാർശ്വങ്ങളിൽ ദിനംപ്രതി തളർന്നുറങ്ങുന്ന ഒരു കൂട്ടം അപശകുനങ്ങളായ (ആഡംബര ജീവികൾക്കു അങ്ങനെ തോന്നുന്ന) കുറേ മനുഷ്യരുണ്ട്. അവരിലേക്ക് തന്റെ കാഴ്ചയുടെ കണ്ണട ഒരു നിമിഷം തിരിച്ചുവെച്ച് അനുവാചകനെ സംഭ്രമിപ്പിക്കുന്ന ഒരാഖ്യാന രീതിയാണ് നജീമുദ്ദീൻ തന്റെ കഥകളിൽ പിന്തുടരുന്നത്. തേങ്ങ

ലുകൾക്ക് പിറകെ പോകുന്നവനാണ് കവി- “രുധിതാനുസാരി കവി” എന്ന കാളിദാസ വാക്യം പുനസ്മരിക്കുന്ന ഒരു കാഥിക ഹൃദയമാണ് കെ.പി. നജീമുദ്ദീന്റേത്.

ആധുനികാനന്തര മലയാള ചെറുകഥ അതിന്റെ നിയതമായ ചട്ടക്കൂടുകൾ ഭേദിച്ച് സ്വന്തം പാദമുദ്ര വ്യത്യസ്തമാക്കണമെന്ന് ശാഠ്യമുള്ള ഒരു കൂട്ടം എഴുത്തുകാരിലൂടെ ഇന്ന് പുതിയ പുതിയ സാദ്ധ്യതകൾ തുറന്നുവെയ്ക്കുകയാണ്. കാല്പനികതയുടെ അതിവൈകാരികതയോ ആധുനികതയുടെ ജഢിലാവസ്ഥയോ അസ്തിത്വവാദികളുടെ ദാർശനിക നിർവികാരതയൊ അല്ല, പകരം പച്ചയായ ജീവിതത്തിന്റെ ലളിതമായ അവതരണമാണ് ഇത്തരം എഴുത്തുകാരുടെ സർഗഭാവനകളെ തൊട്ടുണർത്തുന്നത്. ഈ സമാഹാരത്തിന്റെ ശീർഷകമായ ‘മഴവീട്’ എന്ന കഥ തന്നെ നോക്കൂ.

‘ചാഞ്ഞുവീണ മഴത്തരികൾ കാൽപാദങ്ങളെ സൂചിമുനകൾ പോലെ തൊട്ടുനനച്ചു’കൊണ്ടാണ് കഥയുടെ ആരംഭം. പ്രമേയമാകട്ടെ ഒരു ഗൾഫ് പ്രാരാബ്ധക്കാരന്റെ വീടെന്ന സ്വപ്നവും. സാമാന്യം നല്ല വീടൊന്നുണ്ടെങ്കിൽ പോലും ഗൾഫിൽ പോയി അല്പം പണം സമ്പാദിച്ചാൽ പിന്നെ അവന്റെ അടങ്ങാത്ത ഒരു സ്വപ്നമാണ് കുറച്ചു വലിയ ഒരു വീട്. അതുവരെയുള്ള സമ്പാദ്യങ്ങളും ബാങ്കുലോണും പാണ്ടിപ്പലിശയും എല്ലാം നുള്ളിപ്പെറുക്കി അടുക്കിയൊരുക്കുന്ന ഒരു വീട്.

‘നമുക്ക് മാത്രമായി ഒരു മുറി’ എന്ന ഭാര്യയുടെ ആഗ്രഹത്തിൽ നിന്നാണ് ഈ കഥയിലെ നായകന് പുതിയ വീടെന്ന സങ്കല്പം ഉരുത്തിരിയുന്നത്. കുഴമ്പു പുരണ്ട കൈകൾ കൊണ്ട് വാതത്തിന്റെ അസ്കിതയ്ക്കു തലോടുന്ന ഉപ്പയ്ക്ക് അതിനോടു വലിയ താത്പര്യമൊന്നും തോന്നിയില്ല. “മനസ്സു വിശാലമാക്കിയാൽ വീടും വലിയതായി തോന്നു”മെന്ന ആ പഴമനസ്സിന്റെ ആദർശത്തേക്കാൾ ആരേയും സ്വാധീനിക്കുന്നത് “മണൽ കടത്താൻ പോകുന്ന പിള്ളേർ വരെ സ്വന്തം വീടുണ്ടാക്കിക്കഴിഞ്ഞു. പിന്നെ നിങ്ങൾ ഗൾഫുകാർക്കെന്തിനാ ഇത്ര ശങ്ക?” എന്ന സമൂഹത്തിന്റെ ചോദ്യം തന്നെ. ഈ ചോദ്യത്തിന്റെ ഉത്തരം കണ്ടെത്തിയതു മുതൽ പുതിയ പുതിയ മോഡൽ വീടുകൾ തേടിയുള്ള അന്വേഷണം ആരംഭിക്കുകയാണ്. അനുവാചകൻ തീരെ പ്രതീക്ഷിക്കാത്ത രീതിയിലേക്ക് പെട്ടെന്ന് കഥാഗതി തിരിച്ചുവിടുന്നു എന്നതാണ് ഈ കഥയുടെ ഏറ്റവും വലിയ മനോഹാരിത. വീടുകളുടെ പ്ലാനുകളും മോഡലുകളും അന്വേഷിച്ചിറങ്ങിയ അയാൾ തിരിച്ചുപോരുമ്പോൾ മഴയുള്ള സന്ധ്യയ്ക്ക് കണ്ട ആ കാഴ്ച. ആ ഒരു ചെറിയ കാഴ്ചയിലൂടെ, ജീവിതത്തിന്റെ

ഇരുണ്ട മുഖം ചുരുങ്ങിയ വാക്കുകളിൽ വരച്ചിടുകയാണ് കഥാകൃത്ത്.

"അവർക്കു മുന്നിൽ കല്ലു കൊണ്ടുള്ള ഒരു കൊച്ചടുപ്പ്. അതിന്മേൽ ഒരു കലത്തിൽ എന്തോ വേവുന്നുണ്ട്. കഞ്ഞിയാണ്... അതിന്റെ മീതെയാണയാൾ കുട വിരിച്ചു പിടിച്ചിരിക്കുന്നത്. തകർത്തു വീശുന്ന കാറ്റിൽ തീ കെട്ടുപോകാതിരിക്കാൻ ആ സ്ത്രീ ഇടയ്ക്കിടെ ഊതുകയും സാരിയുടെ മുന്താണി കൊണ്ട മറ പിടിക്കുകയും ചെയ്യുന്നു..."

സാമാന്യം സൗകര്യമുള്ള വീട് പൊളിച്ചു വേറെയുണ്ടാക്കുവാൻ തത്രപ്പെടുന്ന പ്രവാസിയുടെ കാഴ്ചകളിലേക്ക് വെന്തുവീഴുന്ന ഒന്നാണ് തെരുവിലെ കുടയ്ക്കു താഴെയുള്ള ഈ മഴവീട്. ദിഗ്ഭ്രംശം ബാധിക്കുന്ന കാഴ്ചകളിലേക്ക് പലായനം ചെയ്യപ്പെടുന്ന എഴുത്തുകാരന്റെ മനസ്സ് മഴവീടിനെ വീണ്ടും വീണ്ടും ആർദ്രമാക്കുന്നു.

ഇതേ ആർദ്രത ഇദ്ദേഹത്തിന്റെ ഈ സമാഹാരത്തിലെ മിക്ക കഥകളിലുമുണ്ട്. 'സത്യവിശ്വാസികൾ' എന്ന കഥ നോക്കാം. ഉള്ള വീട് പോരാത്തവനും തെരുവിൽ മഴയത്ത് ഒരു കുട മാത്രം വീടാക്കുന്നവനും തമ്മിലുള്ള അന്തരമാണ് 'മഴവീടി'ലെങ്കിൽ പൊങ്ങച്ചവിരുന്നുകളുടെ വേലിയ്ക്കപ്പുറം വിശന്നു തീരുന്ന കഷ്ടജീവിതങ്ങളെയാണ് 'സത്യവിശ്വാസികൾ' കാഴ്ചയാക്കുന്നത്.

'സത്യവിശ്വാസികൾ' ഒരു വിരുന്നിന്റെ കഥയാണ്. വിശുദ്ധയാത്രക്ക് പോകുന്നതിന് മുമ്പായി വേണ്ടപ്പെട്ടവരെ അവസാനമായൊന്നു സൽക്കരിക്കാനും അറിഞ്ഞോ അറിയാതെയോ ചെറുതും വലുതുമായ തെറ്റുകൾ ചെയ്തുപോയവരോട് മാപ്പിരക്കാനുമുള്ള 'ഹജ്ജ്പാർട്ടി'യുടെ കഥ. വേണ്ടാത്തതും വേണ്ടതും വലിച്ചുവാരി വിളമ്പുന്ന ആഡംബര വിരുന്നാണ് ഒരു ഭാഗത്തെ കാഴ്ച. വേലിക്കപ്പുറത്ത് "അമ്മേ ബിരിയാണിയുടെ മണം" എന്ന കൊച്ചുകുഞ്ഞിന്റെ വിശപ്പിന്റെ ഭീകരമായ മറുകാഴ്ച. കാഴ്ചകൾക്കിടയിൽ അസ്വസ്ഥമാകുന്ന കാഥികന്റെ മനസ്സ് 'അവരെന്താ വരാത്തത്' എന്ന് സംശയം കൊള്ളുന്നു. 'അതിനവരെ വിളിച്ചിട്ടില്ലല്ലോ' യെന്നും 'അവർ നമ്മുടെ ഖൗമല്ലല്ലോ' എന്നുമാണ് മറുപടി. ഇവിടെ കാഥിക ഹൃദയം കൂടുതൽ അസ്വസ്ഥമാകുന്നു. അയൽവാസി പട്ടിണികിടക്കുമ്പോൾ വയറു നിറച്ചുണ്ണുന്നവൻ എന്റെ സമുദായത്തിൽപെട്ടവനല്ല എന്ന നബിവാക്യം തിരിച്ചറിയാത്ത സത്യവിശ്വാസികളുടെ പൊങ്ങച്ച വിരുന്നുവേളകളെ ആർദ്രമായ ചിന്തകളിലൂടെ പ്രതിരോധിക്കുകയാണ് ഈ കഥ.

ആദർശ വിശുദ്ധിയുടെയും ആത്മാർത്ഥതയുടെയും മറുകാലം തേടുന്ന കഥയാണ് 'കലികാല വൈഭവം.' പാരിസ്ഥിതികാഘാതകൾക്കെതിരെ

പട പൊരുതുവാൻ സ്വജീവിതം സമർപ്പിച്ച കരുണൻ മാഷ് എന്ന കഥാപാത്രമാണ് ഈ കൃതിയുടെ നേർക്കാഴ്ച. മറുകാഴ്ചയാകട്ടെ മാഷേക്കാളും ആവേശത്തോടെ മാഷിന്റെ ശിഷ്യത്വം സ്വീകരിച്ച റഹീം എന്ന ചെറുപ്പക്കാരനിൽ കാലം വരുത്തിയ പരിണാമവും. പരിസ്ഥിതി സ്നേഹം തലയ്ക്കുപിടിച്ച് കുടുംബം നോക്കാൻ വകയില്ലാതെ നാടുവിട്ട റഹീം– കരുണൻമാഷുടെ വിശ്വസ്തനായ ശിഷ്യൻ– തിരിച്ചുവരുന്നത് മലകളൊന്നായി വിലക്കെടുത്ത് മണ്ണ് വിറ്റ് കാശാക്കുന്ന പുതിയ മുതലാളിയുടെ രൂപഭാവത്തിലാണ്. വർഷങ്ങൾക്ക് ശേഷമുള്ള അവരുടെ കൂടിക്കാഴ്ചയും ഒരു സമരപന്തലിൽ വച്ചുതന്നെ. “മാഷിപ്പോഴും ഈ പരിസ്ഥിതീന്നും പ്രക്ഷോഭമെന്നുമൊക്കെ പറഞ്ഞു നടക്കവാണോ?” എന്ന റഹീമിന്റെ ചോദ്യം കലികാല ഗുരുദക്ഷിണയായി മാഷിന്റെ ഹൃദയത്തെ ഒരു ജെ.സി.ബിയുടെ കരം കൊണ്ടെന്നപോലെ കോരിയെടുക്കുന്നു. മറ്റെല്ലാവരും സമരം തുടരുമ്പോഴും അനിലെന്ന പുതിയ ശിഷ്യൻ തിരിഞ്ഞു നടക്കുന്നിടത്ത് കഥ അവസാനിക്കുന്നു. അനിവാര്യമായതെങ്കിലും അസഹ്യമായ ഒരു ആവാസ വ്യവസ്ഥിതിയെ ‘കലികാല വൈഭവം’ എന്ന കഥയിലൂടെ കാഴ്ചവെയ്ക്കുകയാണ് കഥാകൃത്ത്.

‘ഉപ്പുവച്ച നിലം’ ഒരു സമ്പന്നന്റെ അതിദാരുണമായ പതനത്തിന്റെ കഥയാണ്. ജീവിതത്തിന്റെ നിമ്നോന്നതങ്ങളെ നിസ്സഹായമായി കണ്ടുനിൽക്കേണ്ടിവരുന്ന ഒരു വെറും കാഴ്ചക്കാരനാണ് ഇതിലെ കഥാകൃത്ത്. സമ്പത്തും ആരോഗ്യവുമുണ്ടായിരുന്നപ്പോൾ ആദരവും അനുയായികളുമുണ്ടായിരുന്ന ഗഫൂർക്ക എന്ന കഥാപാത്രത്തെ കടുത്ത വർണ്ണങ്ങളിലൂടെയാണ് ഈ കഥയിൽ അവതരിപ്പിക്കുന്നത്. സ്വന്തം കളത്രപുത്രാധികൾ പോലും ഉപേക്ഷിച്ച് മെഡിക്കൽ കോളേജിനു മുമ്പിൽ ചായ വിൽക്കുന്ന വികലാംഗനായി ഗഫൂർക്കയ്ക്കുണ്ടായ മാറ്റം അനുസ്യൂതമായ കാലപ്രവാഹത്തിലുണ്ടാവുന്ന രാസപരിണാമമാണ്. കാലത്തിന്റെ രസതന്ത്രം ഇങ്ങനെയാണ്. പ്രവചനാതീതമായ മനുഷ്യന്റെ ജീവിത രാസപ്രക്രിയകളെ നിർനിമേഷനായി നോക്കിനിൽക്കുവാനല്ലാതെ മറ്റൊന്നും ആർക്കും ചെയ്യാനില്ല. വേണമെങ്കിൽ വെറുതെ മനസ്സിൽ പറയാം “വരേണ്ടായിരുന്നു. ഇവിടെ വന്നതുകൊണ്ടല്ലേ ഗഫൂർക്കയെ കാണേണ്ടിവന്നത്.” പരിഹാരമില്ലാത്ത കാഴ്ചകളിൽ നിന്ന് പലായനം ചെയ്യാൻ കഴിയാത്ത ഒരു സാധാരണ മനുഷ്യന്റെ ധർമ്മവ്യഥ കഥാന്ത്യത്തിൽ തുളുമ്പി വീഴുന്നതു കാണാം.

‘അന്ത്യകൂദാശകൾ’, ‘ശേഷക്രിയ’ എന്നീ രണ്ടു കഥകൾ നിരർത്ഥകമായ മനുഷ്യജീവിതത്തിന്റെ വ്യതിരിക്തമായ രണ്ടവസ്ഥകൾ ചിത്രീ

കരിക്കുന്നു. മരിച്ചുപോയ മകന്റെ ശേഷം ചീന്തി ക്രിയ ചെയ്യുന്നത് അന്ത്യ കൂദാശകളിലുമുണ്ട്. ഇവിടെ ശേഷം എന്നത് ചുടു പുടവയിൽനിന്ന് കീറി യെടുക്കുന്ന ഒരിത്തിരി ശീല അല്ലെന്നു മാത്രം. മകന്റെ സ്വപ്നങ്ങൾ പെയ്തുതീരാത്ത കഥകൾക്ക് സമാന വായനക്കാരനെ കണ്ടെത്തുക എന്നതാണ് അന്ത്യകൂദാശകളിലെ അച്ഛൻ ചെയ്യുന്ന ശേഷക്രിയ. ശേഷ ക്രിയ എന്ന വാക്കിന്റെ പൂർണ്ണ അർത്ഥം നോക്കുകയാണെങ്കിൽ ഈ കഥയ്ക്കായിരുന്നു 'ശേഷക്രിയ' എന്ന ശീർഷകം കൂടുതലുത്തമം. മര ണാനന്തരം 'ശേഷം' കൊണ്ട് ചെയ്യുന്ന ക്രിയയാണ് ശേഷക്രിയ. ശേഷം (മരണ) ചെയ്യുന്ന ക്രിയ മാത്രമല്ല, ചുടു പുടവയിൽനിന്ന് ശവസംസ്കാര സമയത്ത് ചീന്തിയെടുക്കുന്ന തുണിയാണ് ശേഷം. ഇവിടെ അച്ഛൻ ചീന്തി യെടുക്കുന്നത് മകന്റെ സ്വപ്നങ്ങളുടെ അക്ഷര പുടവയാണെന്നു മാത്രം. 'ശേഷക്രിയ' എന്ന കഥയിലാകട്ടെ അന്ത്യകൂദാശയാണ് നടക്കുന്നത്. പൊരിച്ചതും കരിച്ചതും കഴിച്ചാൽ തടി കേടാകുമെന്ന് വിശ്വസിച്ച, പൊതു കാര്യങ്ങളിൽ നാട്ടുകാരേയും ചെറുപ്പക്കാരേയും ഉപദേശിച്ചിരുന്ന അബു മാഷ് പെട്ടെന്നാണ് മരിച്ചത്. ഒരർത്ഥത്തിൽ മരണമല്ല ഈ കഥയിലെ പ്രമേയം. മരണാനന്തരമുണ്ടാകുന്ന ദുഃഖവും വേർപാടിന്റെ പൊട്ടിക്കര ച്ചിലുമൊക്കെ നിമിഷനേരം കൊണ്ട് മാറി മരണവീട് സന്ദർശിക്കുവാനെ ത്തിയവർക്കൊരുക്കുന്ന സദ്യയിലാണ് കഥ കലങ്ങിക്കിടക്കുന്നത്. "നെയ് ച്ചോറും ഇറച്ചിയുമൊക്കെ റെഡിയായി. കഴിച്ചിട്ടു പോകാം." എന്ന വീട്ടു കാരുടെ വിരുന്നുസൽക്കാരത്തിൽ സാമൂഹിക പരിഹാസത്തിന്റെ കൂർ ത്തു മൂർത്ത ശരങ്ങൾ അറിഞ്ഞുകൊണ്ടുതന്നെ കഥാകൃത്ത് ഉപയോഗി ച്ചിരിക്കുന്നു.

'തിരശ്ശീലക്കു പിന്നി'ലെന്ന കഥ പേര് സൂചിപ്പിക്കുന്നതുപോലെ തന്നെ അവതരണത്തിലും പ്രമേയത്തിലും നാടകീയത നിലനിർത്തുന്നു. ആറു രംഗങ്ങളായിട്ടാണ് ഈ കഥയെ ക്രോഡീകരിച്ചിരിക്കുന്നത്. വലിയ സമ്പ ന്നനായ ബാവഹാജിയുടെ വീട് കുടിയിരിക്കലാണ് കഥയുടെ പ്രമേയം. പരുത്തിക്കുന്നേൽ ബാവഹാജിയുടെ കോട്ടൺഹിൽ പാലസ് 'അടിപൊ ളിയായി' ഉദ്ഘാടനം ചെയ്യുന്നതിനെ കുറിച്ചുള്ള നാട്ടുകാരുടെ സംഭ്രമ വിശേഷങ്ങളിലൂടെയാണ് കഥ വികസിക്കുന്നത്. വലിയ കൊട്ടാരം പണി യാനാരംഭിച്ച ബാവഹാജി ഒരു ഘട്ടത്തിൽ പാപ്പരാവുന്നതും, ജ്യേഷ്ഠനായ ബാപ്പുണ്ണിഹാജിയിൽ നിന്ന് പണം കടം വാങ്ങുന്നതും, പണക്കാരനായ പ്പോൾ ബാവഹാജി ബാപ്പുണ്ണിഹാജിയോടു പിണങ്ങിയതുമായ കഥാത ന്തുക്കൾ ഇടയിൽ ചില അനുസ്മരണങ്ങളായി സൂചിപ്പിക്കപ്പെടുന്നുണ്ട്. പക്ഷേ കഥയുടെ ക്ലൈമാക്സ് വീടിന്റെ നാമം ആലേഖനം ചെയ്ത ശിലാ ഫലകത്തിന്റെ തിരശ്ശീല ഉയർത്തുന്നതോടെയാണ്. 'കോട്ടൺഹിൽ

പാലസ്' എന്ന കെട്ടിടം ഉദ്ഘാടനം കഴിയുമ്പോൾ 'ബാപ്പുണ്ണീസ് പാലസാ' കുന്ന ആക്ഷേപഹാസ്യത്തിന്റെ മാസ്മരസ്പർശം ഇവിടെ വ്യക്തമാണ്. ഗൾഫിലെ ബുർജ് ഖലീഫ എന്ന വിഖ്യാത കെട്ടിടത്തിന്റെ ഉദ്ഘാടന വുമായ ബന്ധപ്പെട്ട ചില സംഭവങ്ങളാണ് ഇവിടെ വ്യവക്ഷിക്കപ്പെടുന്നത് എന്ന് കഥ വായിച്ചു കഴിയുമ്പോൾ വായനക്കാർ തിരിച്ചറിയുന്നു. തികച്ചും നാടകീയമായ അവതരണം നിലനിൽക്കുന്നുവെന്നത് ഈ കഥയെ മറ്റുള്ള കഥകളിൽ നിന്നു വ്യതിരിക്തമാക്കുന്നു.

സാമൂഹികജീവിയായ മനുഷ്യന്റെ സമകാലിക സംഭവങ്ങളോടുള്ള പ്രതികരണമാണ് 'കാഴ്ചയുടെ അതിർത്തിരേഖകൾ', 'തീവണ്ടിമുറിയി ലെ ക്രൂശിതരൂപം' എന്നീ കഥകൾ. സദാചാരത്തിന്റെ ഹിമമുടിയിലി രിക്കുന്നു എന്ന് വിശ്വസിക്കുന്നവർ ഒരു രാത്രിയുടെ മറവിൽ ദുരാചാര ത്തിന്റെ അഴുക്കുചാലിലിറങ്ങി നിൽക്കുന്ന കാഴ്ചയാണ് 'കാഴ്ചയുടെ അതിർത്തിരേഖകൾ.' വായനക്കാർക്ക് പല തരത്തിലും വായിക്കാവുന്ന വ്യത്യസ്ത അർത്ഥതലങ്ങളുള്ള കഥ. വ്യഭിചാരത്തിന്റെ രീതിശാസ്ത്ര ങ്ങൾ വ്യഥിദാനുഭൂതിയായി പരിണമിക്കുന്നത് കാഴ്ചയ്ക്കപ്പുറം തന്നെ യാണ്. ശീർഷകം ഏറ്റവും അന്വർത്ഥമായിരിക്കുന്നതും ഈ കഥയ്ക്കാ ണ്. കാഴ്ച മറഞ്ഞുകഴിഞ്ഞു. ഇനി എന്ത് എന്നത് വായനക്കാരന് വിട്ടു തരുന്നു. പീഢനപർവ്വങ്ങളുടെ പ്രളയകാലത്തെ ദിനപത്രങ്ങളിൽ ആരും വായിക്കാത്ത ഒരു കാഴ്ചയിലേക്കാണ് വായനക്കാർ കടന്നുപോകുന്നത്.

രക്ഷിതാക്കളെ പുറംതള്ളുന്ന മക്കളും, മക്കളെ പുറംതള്ളുന്ന രക്ഷി താക്കളും അടുത്തകാലത്തായി വളരെ കൂടുതലായി കാണപ്പെടുന്ന ഹൃദ യഭേദകമായ കാഴ്ചകളാണ്. 'തീവണ്ടിമുറിയിലെ ക്രൂശിതരൂപം' ആദ്യം പറഞ്ഞ കാഴ്ചയെ അനുസ്മരിപ്പിക്കുന്നു. കഥ വായിച്ചു കഴിയുമ്പോൾ ആ രൂപം വായനക്കാരനെ ഒഴിയാബാധപോലെ പിടികൂടും. ഭാവിയെ ക്കുറിച്ച് ചിന്തിക്കുന്നവരിൽ അകാരണമായ ഒരു ഭയം നിറയ്ക്കുവാൻ ആ ക്രൂശിതരൂപത്തിനു കഴിഞ്ഞു. ജന്മശിഷ്ടം ഒന്നുമില്ലെന്ന തിരിച്ചറി വിൽ പോലും ബാഗും തൂക്കിപ്പിടിച്ച് പ്ലാറ്റ്ഫോമിലൂടെ നടന്നുപോകുന്ന ആ രൂപം ജന്മവാശികളുടെ കണക്കെടുപ്പ് നടത്തുവാൻ അനുവാചകരെ പ്രേരിപ്പിക്കുന്നു. പ്രേരിപ്പിക്കുകയും വേണം...

കാലിക സംഭവങ്ങളോടുള്ള കഥാകൃത്തിന്റെ സ്വച്ഛമായ പ്രതികരണ മാണ് ഈ കഥകളിലെല്ലാം വ്യക്തമാകുന്നത്.

കെ.പി. നജീമുദ്ദീന്റെ കഥാരചനയിൽ ഉപയോഗിക്കപ്പെട്ട ചില അല ങ്കാരങ്ങൾ പരുഷമായ ജീവിത യാഥാർത്ഥ്യങ്ങളിൽ നിന്ന് ഉൾക്കൊണ്ട താണ്. ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കാം. "ഒരു പെരുമ്പാമ്പിന്റെ വയറ്റി

ലെന്നപോലെ എല്ലാവരും ദഹിച്ചുകൊണ്ടിരുന്നു. വയറുനിറഞ്ഞ പാമ്പിന്റെ ഏമ്പക്കം പോലെ ഇടയ്ക്കിടക്ക് ട്രെയിനിന്റെ ചൂളം വിളി.” (തീവണ്ടി മുറിയിലെ ക്രൂശിതരൂപം)

“ഒരു വിഷപ്പാമ്പിന്റെ ശീൽക്കാരംപോലെ അയാളുടെ ശബ്ദം പ്ലാറ്റ്ഫോമിൽ ചീറ്റിയടിച്ചു.” (കാഴ്ചയുടെ അതിർത്തിരേഖകൾ)

“ഉള്ളിൽ പുകയുന്ന ആവി മുഴുവൻ ഒരു നെടുവീർപ്പിൽ ശെരീഫിക്ക പുറംതള്ളി.” (മഴവീട്)

“അപ്പോഴാണ് കർമ്മങ്ങൾക്ക് വിഘ്നം മുഴക്കുന്ന നരച്ചീറുകളുടെ കൂട്ടനിലവിളിപോലെ കോളിംഗ്ബെൽ ഉറക്കെ കൂവി വിളിച്ചത്.” (അന്ത്യകൂദാശകൾ)

ഉള്ളിൽ നിന്ന് ഉറഞ്ഞൊഴുകി വരുന്നതാണ് ഇതിലെ വാങ്മയസങ്കല്പങ്ങൾ. ‘എലി കടിച്ച പത്തിരിപോലെ പുഴ’ എന്ന് പറഞ്ഞ സി. രാധാകൃഷ്ണന്റെ നാട്ടുകാരൻ തന്നെയാണ് കെ.പി. നജീമുദ്ദീൻ എന്ന് ഈ കൃതിയിലെ ചില ഉപമാനങ്ങൾ സാക്ഷ്യംവഹിക്കും. “കഥയുടെ ദുർഭൂതത്തെ ഭാവനയുടെ മൂലമന്ത്രം കൊണ്ട് നാലുപുറം കടലാസിലേക്ക് ആവാഹിച്ചിരുത്താനുള്ള ആഭിചാരക്രിയയിലേർപ്പെട്ടിരിക്കുന്ന” ആധുനികാനന്തര മലയാള കഥാകൃത്തുക്കൾക്കിടയിൽ പരുപരുത്ത തന്റെ പാദമുദ്രകൾ വ്യത്യസ്തമായി ആലേഖനം ചെയ്യുകയാണ് കെ.പി. നജീമുദ്ദീൻ.

‘മഴവീട്’– മഴയിൽ കുതിർന്ന മനസ്സുകളിൽ നിന്നും ഇറങ്ങിവരുന്ന ഈ പരുത്തുനേർത്ത കുളിരും കാറ്റും ഓരോ അനുവാചകന്റെയും ഹൃദയത്തിൽ തങ്ങിനിൽക്കും. ആത്മാനുഭൂതികളെ അപരാനുകൂലിയാക്കി മാറ്റാനുള്ള കാഥികതന്ത്രം ഒരു മജീഷ്യന്റെ കയ്യടക്കത്തോടെ നിലനിർത്തുന്നതാണ് ഇതിന്റെ രചനാരീതി. ലാളിത്യം, ആർജ്ജവം എന്നിവ ഈ കഥകളുടെ പ്രത്യേകതയാണ്. സാമൂഹിക പ്രതിബദ്ധത എന്നത് കഥാചർച്ചയിൽ പഴഞ്ചൻ വാദമാണെന്ന് പറയുമെങ്കിലും നജീമുദ്ദീന്റെ കഥകളിൽ നിന്ന് അതിനെ പുറംതള്ളാൻ കഴിയില്ല. തന്റെ സമൂഹത്തോടും താൻ കാത്തുസൂക്ഷിച്ച ആദർശത്തോടും നിറഞ്ഞ പ്രതിബദ്ധത സൂക്ഷിക്കുന്ന എല്ലുറപ്പുള്ള ഒൻപതു കഥകളാണ് മഴവീടെന്ന കഥവീടിലുള്ളതെന്ന് ഈ ഗൃഹപ്രവേശത്തിന് ക്ഷണിക്കപ്പെടുന്നവർ അതിശയോക്തിയില്ലാതെ പറയുമെന്ന് ഞാൻ വിശ്വസിക്കുന്നു.